Reg. No. 101, M. 2293

ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 24 | 1126 വൃശ്ചികം 15 — ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1950 നവംബർ 29 | ലക്കം 15


## *ഇററലിയിലെ ക്രിസ്ത്യൻ ജനാധിപത്യം

(ബാർബറാ ബാർക്ലേ കാർട്ടർ)

“റേരും നൊവാരും”(Rerum Novarum) എന്ന വിശ്രുത ചാക്രികലേഖനത്താൽ പ്രചോദിതരായ ഒരു സംഘം കത്തോലിക്കായുവാക്കന്മാർ, 1899-ൽ രാഷ്ട്രീയ പരിഷ്കാരങ്ങൾക്കുള്ള ഒരു പരിപാടിയോടുകൂടി ക്രിസ്ത്യൻ ജനാധിപത്യസമിതി രൂപവൽക്കരിച്ചു. സാർവ്വത്രികമായ പ്രായപൂർത്തിവോട്ടവകാശം, ക്രമീകൃതമായ ആദായനികുതി, തൊഴിലാളിസംഘടനകൾക്കു് നിയമസാധുത്വം, വിദ്യാലയസ്ഥാപനസ്വാതന്ത്ര്യം മുതലായി അന്നു് തികച്ചും വിപ്ലവാത്മകങ്ങളെന്നു് കരുതപ്പെട്ടിരുന്ന പല പരിപാടികളും സമിതിയുടെ പ്രകടനപത്രികയിൽ സ്ഥലംപിടിച്ചിരുന്നു. അക്കാരണത്താൽ, ആരംഭത്തിൽതന്നെ യാഥാസ്ഥിതികന്മാരുടെ എതിർപ്പു് സമിതിക്കു് അഭിമുഖീകരിക്കേണ്ടിവന്നു. 1870-ൽ, ഇററലി റോം പിടിച്ചടക്കിയതിനെ പ്രതിഷേധിച്ചു്, കത്തോലിക്കർ ഇററലിയിലെ രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നതിനെ പതിമൂന്നാം ലെയോ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഒരു കല്പനമൂലം നിരോധിച്ചതു്, അന്നും നിലവിലിരുന്നിരുന്നു.

പതിനേഴുവർഷങ്ങൾക്കുശേഷം 1919-ൽ, പ്രസ്തുത നിരോധനം നീക്കിയതിനെത്തുടർന്നു്, 1899-ലെ ജനാധിപത്യസമിതിയുടെ ജനയിതാക്കളിലൊരാളും, അന്നൊരു യുവവൈദികനുമായിരുന്ന ഡോൺ സ്റ്റർസോ, ഇററാലിയൻ പോപ്പുലർ കക്ഷി രൂപീകരിച്ചു. കത്തോലിക്കാ സാമൂഹ്യശാസ്ത്രതത്വങ്ങളിൽ അടിയുറച്ച പരിപാടികളടങ്ങിയ പ്രസ്തുത സംഘടന, രാഷ്ട്രീയരംഗത്തുനിന്നും ഇതഃപര്യന്തം അകന്നുനിന്നിരുന്ന കത്തോലിക്കർക്കു്, അവരുടെ ശരിയായ പങ്കുവഹിക്കുവാൻ സൗകര്യമുണ്ടാക്കിക്കൊടുത്തു.

കർഷകരുടെയും, ക്രിസ്ത്യൻ തൊഴിലാളി പ്രവർത്തകരുടെയും, വമ്പിച്ച പിന്തുണയോടുകൂടി, ആദ്യത്തെ തെരഞ്ഞെടുപ്പിൽ തൊണ്ണൂററിയൊന്നും, രണ്ടാമത്തേതിൽനൂററിയേഴും, സ്ഥാനങ്ങൾ കരസ്ഥമാക്കി, സോഷ്യലിസ്റ്റുകൾ കഴിഞ്ഞാൽ പിന്നെയുള്ള ഏററവും പ്രബലകക്ഷിയായിത്തീർന്നു. പാർലമെൻറംഗങ്ങളിൽ ഭൂരിഭാഗവും വേണ്ടത്ര പരിചയം സിദ്ധിച്ചിട്ടില്ലാത്ത യുവാക്കളായിരുന്നു. പോപ്പുലർകക്ഷിയും സോഷ്യലിസ്റ്റുകക്ഷിയും തമ്മിൽ സഖ്യംചെയ്യുമെന്നുവന്ന ഭീതി വമ്പിച്ച വ്യവസായികളെയും വൻകിട ജന്മികളെയും ഫാഷിസത്തിനു പിന്തുണനല്കുവാൻ പ്രേരിപ്പിച്ചപ്പോൾ, സംഖ്യാബലംകൊണ്ടു് സാദ്ധ്യമാകുമായിരുന്ന ബുദ്ധിപൂർവ്വമായ പ്രതിരോധം സംഘടിപ്പിക്കുവാൻ പോപ്പുലർകക്ഷിക്കു കഴിഞ്ഞില്ല. 1926-ലാണു്, ഒരു ഫാഷിസ്റ്റുവിളംബരംമൂലം പാർട്ടിപിരിച്ചുവിടപ്പെട്ടതു്. അതേത്തുടർന്നു്, പാർട്ടിയുടെ ആദ്ധ്യാത്മികോപദേഷ്ടാവായ ഡോൺസ്റ്റർസോയെ വധിക്കുന്നതിനു് പല ശ്രമങ്ങളും നടന്നു. കൂടാതെ, പാർട്ടിയുടെ ഒരു വിശ്വസ്തമിത്രമായ ഡോൺമിൻസോണി എന്ന വൈദികൻ ഫാഷിസ്റ്റു് സൈന്യവ്യൂഹത്താൽ വധിക്കപ്പെടുകയുണ്ടായി. ഇതിനുശേഷമാണു്, ഡോൺസ്റ്റർസോ ഇംഗ്ലണ്ടിലേക്കു നാടുവിട്ടതു്. പാർട്ടി മുഖപത്രമായ “ഇൽ പോപ്പോളോ” (Il Popolo) യുടെ അധിപർ ജൂസെപ്പു് ഡൊനാററിയും, പ്രസിദ്ധനിയമജ്ഞനും, തൊഴിലാളിനേതാവുമായ ഫ്രാൻസിസ് ക്കൊ ഫെറാരിയും ഫ്രാൻസിലേക്കു നാടുവിടുന്നതിനു് നിർബന്ധിതരായിത്തീർന്നു. ഇവരിരുവരും നാടുവിട്ടതുമൂലമുണ്ടായ വൈഷമ്യങ്ങൾ കാരണം മദ്ധ്യപ്രായത്തിൽതന്നെ മൃതിയടയുകയാണുണ്ടായതു്. ഡോൺസ്റ്റർസോയുടെശേഷം, 1926 വരെ ഫാഷിസ്റ്റു് വിരുദ്ധ പ്രതിപക്ഷ നേതാവായിരുന്ന ഡെ ഗാസ്പരിയെ (ഇദ്ദേഹം ഇപ്പോൾ ഇററലിയിലെ പ്രധാനമന്ത്രിയാണു്) നിയമവിരുദ്ധമായി ഇററലി വിട്ടുപോകുവാൻ ശ്രമിച്ചു എന്ന കാരണത്തിനു്, നാലുവർഷത്തെ തടവുശിക്ഷയ്ക്കു വിധിച്ചുവെങ്കിലും, ട്രെൻറോയിലെ ആർച്ചുബിഷപ്പു് ഇടപെട്ടതുകൊണ്ടു്, ശിക്ഷ കുറവുചെയ്തുകിട്ടി. ജയിൽവിമുക്തനായശേഷവും പോലീസിന്റെ നോട്ടത്തിലിരുന്നതു്, എന്തെങ്കിലും ജോലി ലഭിക്കുന്നതിനു് പ്രതിബന്ധമായിത്തീർന്നു. അദ്ദേഹവും കുടുംബാംഗങ്ങളും മിക്കവാറും പട്ടിണിയും പരിവട്ടവുമായിക്കഴിയുമ്പോൾ, ഒരു വൈദികൻ അദ്ദേഹത്തിനു് വത്തിക്കാൻഗ്രന്ഥാലയത്തിലെ ഉപലൈബ്രേറിയൻ ജോലി കൊടുത്തു. അവിടെ വച്ചു് മരിയോ സാനററ എന്ന ഗുപ്തനാമത്തിൽ (അദ്ദേഹത്തിന്റെ യഥാർത്ഥപേരിൽ കൃതികൾ പ്രസിദ്ധീകരിക്കുവാൻ യാതൊരു പ്രസിദ്ധീകരണശാലക്കാരും ധൈര്യപ്പെട്ടില്ല) “(Periods and Men Who Paved the Way for Rerum



ചമ്പക്കുളം ഇടവകയിലെ മരിയാസഖ്യം

* ഓക്സ്ഫോർഡിലെ കാത്തലിക്കു് സോഷ്യൽ ഗിൽഡു് പ്രസിദ്ധീകരിച്ച ലഘുലേഖയുടെ സ്വതന്ത്രവിവർത്തനം. വിവർത്തകൻ “VALLIX”

novarum" ÷, "Studies and Calls for the Long Vigil"* എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായിട്ടുണ്ട്. അദ്ദേഹത്തിന്റെ വത്തിക്കാനിലെ നിയമനവാർത്ത പരമഗോപ്യമായി സൂക്ഷിച്ചിരുന്നെങ്കിലും, ഫാഷിസ്റ്റ് ചാരന്മാർ കണ്ടുപിടിക്കുകയും, മുസ്സോലിനിയുടെ വത്തിക്കാൻപ്രതിനിധി ആയതിനെ പ്രതിഷേധിക്കുകയും ചെയ്തു. പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ മറുപടി, "മുസ്സോലിനി ആഹാരം നിഷേധിച്ച ഒരുവനു് അല്പംവല്ലതും നല്കുവാൻ സാധിച്ചതിൽ ഞാൻ അഭിമാനംകൊള്ളുന്നു", എന്നായിരുന്നു.

മററു നേതാക്കന്മാരും രഹസ്യമായി ഓരോ തൊഴിലുകളിലേർപ്പെട്ടു് കാലയാപനം കഴിച്ചുപോന്നു. ഒളിവിലായതിനുശേഷവും പാർട്ടിയംഗങ്ങൾ തമ്മിൽ സമ്പർക്കം പുലർത്തുന്നതിനു്, കത്തോലിക്കാപ്രവർത്തനസംഘം (Catholic Action) സൗകര്യമുണ്ടാക്കിക്കൊടുത്തു. വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ, രാജാവിനെ നിർബന്ധിച്ചു്, ഫാഷിസ്റ്റുകളെ പുറംതള്ളി, ഭരണഘടന പുനഃസ്ഥാപിക്കുന്നതിനു്, 1930-ാമാണ്ടോടടുത്തു നടന്ന ഗൂഢാലോചനകളിൽ പ്രധാനപങ്കുവഹിച്ചിരുന്ന, റെനാറേറാ വുള്ളർമിൻ എന്ന യുവാവിനെ, 1943-ൽ, ജർമ്മൻകാർ വെടിവെച്ചുകൊന്നു. എന്നാൽ ബഹുഭൂരിപക്ഷമാളുകളും, ക്രിസ്ത്യൻ ജനാധിപത്യാദർശം അഭംഗമായി പുലർത്തുകയും, സ്വസന്താനങ്ങളിലേക്കു പകരുകയുംചെയ്തു് സംതൃപ്തിയടയേണ്ടിവന്നു. അതേസമയം എല്ലാവരുടേയും ബഹുമാനപാത്രമായി വിരാജിച്ചിരുന്ന ഡോൺ സ്റ്റുർസോയുടെ ഗ്രന്ഥങ്ങൾ, അതിർത്തികൾ കടത്തിക്കൊണ്ടുപോയി പരമരഹസ്യമായി ആളുകൾ കൈമാറി വായിച്ചുപോന്നു. അദ്ദേഹത്തിനു് ഇതരരാജ്യങ്ങളിൽ അഭയം തേടിയിരുന്ന പഴയ സഹപ്രവർത്തകരുമായി, രഹസ്യമായിട്ടെങ്കിലും, സമ്പർക്കം പുലർത്തുവാൻ കഴിഞ്ഞു.

അങ്ങനെ, ഫാഷിസത്തിന്റെ ഇരുപത്തിയൊന്നു നീണ്ട വർഷങ്ങൾ, ഇററലിയിലെ ക്രിസ്ത്യൻ ജനാധിപത്യപക്ഷീയർക്കു്, തയ്യാറെടുക്കലിന്റെ കാലഘട്ടമായിരുന്നു. ഫാഷിസത്തെ തട്ടിനീക്കുവാനും, എല്ലാ സജ്ജനങ്ങളും തികച്ചും അനീതിപരമെന്നു കരുതിയിരുന്ന വെറുക്കപ്പെട്ട യുദ്ധക്കൂട്ടുകെട്ടിൽനിന്നും ഇററലിയെ മോചിപ്പിക്കുവാനും, തക്കസമയം പാർത്തിരിക്കുകയായിരുന്നു. 1942 ആരംഭത്തോടുകൂടി, ഇതഃപര്യന്തം ഒളിവിലായിരുന്ന പ്രവർത്തകരെല്ലാം സംഘടിതരായിത്തുടങ്ങി. അങ്ങനെ, ഫാഷിസം തകർന്നപ്പോൾ രംഗപ്രവേശംചെയ്ത, ആറു രാഷ്ട്രീയകക്ഷികളിൽ, പഴയപോപ്പുലാരി നേതാക്കന്മാരാൽ നീതമായ ക്രിസ്ത്യൻ ജനാധിപത്യകക്ഷി, മാന്യമായ ഒരു സ്ഥാനം അലങ്കരിച്ചിരുന്നു.

രാജ്യമെങ്ങും ദൃശ്യമായിരുന്ന കുഴഞ്ഞുമറിഞ്ഞ സ്ഥിതിഗതികൾ മതപരമായ നവോത്ഥാനത്തിനു വഴിതെളിച്ചു. ഒരു ഭാഗത്തു് ജർമ്മനാക്രമണത്തിന്റെ ദുരന്തഫലങ്ങളുണ്ടായിരുന്നെങ്കിൽ, മറുഭാഗത്തു് നാസികളോടു് വീറോടെ പോരാടിയ ഇററാലിയൻ ദേശാഭിമാനികൾക്കു് മാർപ്പാപ്പാ തിരുമേനി തുടങ്ങിയ മതാദ്ധ്യക്ഷന്മാർ, നിരവധി സഹായങ്ങൾ ചെയ്തുകൊടുത്തിരുന്നു. പില്ക്കാലത്തു്, ഒന്നാമത്തെ ജനാധിപത്യഭരണക്കൂടത്തിന്റെ സാരഥ്യം വഹിച്ചിരുന്നവർ എല്ലാപേരും തന്നെ വത്തിക്കാനിലെ സെൻറു് ജോൺ ലാറററൻ അരമനയിലായിരുന്നു, ഒൻപതുമാസത്തോളം നീണ്ടുനിന്ന ജർമ്മനാക്രമണത്തിൽനിന്നും അഭയം തേടിയതു്. ഗസ്റ്റാപ്പോകളെ ഭയന്നു് സെമ്മിനരികൾ, സന്യാസാശ്രമങ്ങൾ, കന്യാസ്ത്രീമഠങ്ങൾ മുതലായവയിൽ ആളുകൾ അഭയം പ്രാപിച്ചിരുന്നു. പല പ്രദേശങ്ങളിലും ഒളിപ്പോരുകാരുടെ രക്ഷയ്ക്കുവേണ്ടി അനേകം വൈദികർ ജീവാർപ്പണം ചെയ്തു. ഫാഷിസ്റ്റുവിരുദ്ധസേനയുടെ ആസ്ഥാനംതന്നെ മിലാനിലെ ഒരു കന്യാസ്ത്രീമഠത്തിലായിരുന്നു. ഇററലി, സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ, പ്രസ്തുതമഠത്തിലെ ശ്രേഷ്ഠയ്ക്കു് സർവ്വസൈന്യാധിപൻ ജനറൽ കാർഡോണാ അയച്ച കത്തിൽ, "ഈ വിശുദ്ധഭവനത്തിലാണു് പുതിയ ഇററലിയുടെ ഭാഗധേയം കരുപ്പിടിച്ചതു", എന്നെഴുതിയിരുന്നു. ഇവയും, ഇതരരാഷ്ട്രീയ കക്ഷികളോടുള്ള സഹകരണമനോഭാവവും പഴയ മതവിരുദ്ധമനോഭാവം തിരോഭവിക്കുവാൻ വേണ്ട പ്രേരണനൽകി.

1946 ഏപ്രിലിൽ കൂടിയ ഇററലിയിലെ ക്രിസ്ത്യൻ ജനാധിപത്യകക്ഷിയുടെ ഒന്നാമത്തു് ദേശീയസമ്മേളനത്തിൽ, പതിനഞ്ചുലക്ഷം അംഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു്, രണ്ടായിരം പ്രതിനിധികൾ പങ്കെടുത്തിരുന്നു. 1899-ലെ ക്രിസ്ത്യൻ ജനാധിപത്യസമിതിയിലും, 1919-ലെ പോപ്പുലർ കക്ഷിയിലുമെന്നതുപോലെ, ക്രിസ്ത്യൻ ജനാധിപത്യകക്ഷിയിലും ധാരാളം യുവതീയുവാക്കന്മാർ സജീവമായി പ്രവർത്തിച്ചിരുന്നു. 1946 ജൂൺ 3-ാം തീയതിയിലെ തെരഞ്ഞെടുപ്പു് ക്രിസ്ത്യൻ ജനാധിപത്യകക്ഷിയുടെ പ്രാബല്യം വ്യക്തമാക്കി. ക്രിസ്ത്യൻ ജനാധിപത്യകക്ഷിക്കു് 80 ലക്ഷം വോട്ടുകൾ ലഭിച്ചപ്പോൾ, സോഷ്യലിസ്റ്റുകാർക്കു് 46,74,977 വോട്ടുകളും, കമ്മ്യൂണിസ്റ്റുകൾക്കു് 42,87,054 വോട്ടുകളും, ഉൽപതിഷ്ണുക്കൾക്കു്(Liberal Party) 15,29,710 വോട്ടുകളുമാണു ലഭിച്ചതു്.


*In Memoriam*



In loving memory of

***Very Rev. Fr. Thomas V. Thaliath***

who left us for his eternal rest on 25th November 1945

*Oh! Merciful Lord*
*Grant him eternal rest*

Inserted by his relatives


ജനതാമദ്ധ്യത്തിൽ ദൃഢമൂലമായിത്തീർന്നിരിക്കുന്ന ക്രിസ്തീയ ചൈതന്യവും, ഇതരകക്ഷിയംഗങ്ങൾക്കു് ക്രിസ്തീയതത്വങ്ങളോടുള്ള ആനുകൂല്യവും, ക്രൈസ്തവജനതയ്ക്കു് അഭിമാനകരമായ ഒരു ഭരണഘടന കരുപ്പിടിക്കുന്നതിനു തക്ക പശ്ചാത്തലം സൃഷ്ടിച്ചു. ഭരണഘടനാസമിതിയുടെ ഉൽഘാടനാവസരത്തിൽ, പ്രധാനമന്ത്രിയായ ദെഗാസ്പെരിയാണു് "വേനി ക്രെയാത്തോർ" (Veni Creator) എന്ന ഗാനം ആലപിക്കുന്നതിൽ മുന്നിട്ടുനിന്നതു്. മൂന്നു വർഷങ്ങൾക്കുമുൻപു് നടമാടിയിരുന്ന കുഴപ്പവും, സാന്മാർഗ്ഗികാധഃപതനവും പരിഗണിക്കുമ്പോൾ സ്വതന്ത്രവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പു് ജനാധിപത്യത്തിന്റെ അത്ഭുതാവഹമായ നവോത്ഥാനം തികച്ചും പ്രത്യക്ഷീകരിക്കുന്നുണ്ടു്. മാർപ്പാപ്പാമാരുടെ പ്രബോധനങ്ങൾക്കനുസൃതമായ ഒരു ഭരണഘടനയാണു, ക്രിസ്ത്യൻ ജനാധിപത്യകക്ഷി വിഭാവനം ചെയ്തിട്ടുള്ളതു്. ഇക്കാര്യത്തിൽ സോഷ്യലിസ്റ്റുകളാദിയായ പല കക്ഷികളുടെയും ആശയാദർശങ്ങളുമായി പൊരുത്തമുണ്ടെന്നു മാത്രമല്ല, കമ്മ്യൂണിസ്റ്റുകൾപോലും പ്രത്യക്ഷത്തിൽ എതിർത്തിട്ടുമില്ല. കേന്ദ്രീകൃതമായ ഭരണക്രമത്തിനുപകരം, നഗരസഭകളാദിയായ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു് വിപുലമായ അധികാരങ്ങളുണ്ടായിരിക്കത്തക്ക വിധത്തിലാണു്, ഭരണഘടന കരുപ്പിടിക്കുന്നതു്. ഇരുമണ്ഡലങ്ങളുള്ളതിൽ രണ്ടാമത്തേതു്, തൊഴിലാളിസംഘടനകൾ, സർവ്വകലാശാലകൾ ആദിയായ മററു് മദ്ധ്യസ്ഥഘടകങ്ങളെ (Intermediate Bodies) പ്രതിനിധീകരിക്കും.

ഒരു കാലത്തു് കരകയറുവാനാവാത്തവിധം വൈഷമ്യങ്ങളുടെ മദ്ധ്യത്തിലകപ്പെട്ടിരുന്ന ഇററലിയുടെ സ്ഥാനത്തു് ഒരു പുതിയ ഇററലിതന്നെ രൂപമെടുത്തു. എന്നാൽ, ഭരണഘടനാസമിതിയുടെ ഉൽഘാടനം ഭീതിയുടെ അന്തരീക്ഷത്തിലാണു് നിർവ്വഹിക്കപ്പെട്ടതു്. സഖ്യകക്ഷികൾ തികച്ചും അനീതിപരവും അപമാനകരവുമായ ഒരു സമാധാന ഉടമ്പടി ഇററലിയുടെമേൽ അടിച്ചേല്പിച്ചപ്പോൾ, ദെഗാസ്പെരിയുടെ നേതൃത്വത്തിലുള്ള ഇററാലിയൻ ഗവമ്മെൻറു് അതിനെ എതിർത്തു. ഏതൊരുക്രമത്തിനും അത്യന്താപേക്ഷിതമായ ഉത്തമവിശ്വാസത്തിനുപകരം, വിവിധരാഷ്ട്രങ്ങൾ തമ്മിൽ വിശ്വാസമോ പരസ്പരധാരണയോ കൂടാതെ പുതിയ അന്തർദ്ദേശീയക്രമം കരുപ്പിടിക്കയായിരിക്കും ഈ ഉടമ്പടിമൂലം ചെയ്യുകയെന്നു്, ഇററലി വ്യക്തമാക്കി. ഇതിനുംപുറമേ ഇററലി നിരവധികഷ്ടനഷ്ടങ്ങളും സഹിക്കേണ്ടിവരുന്നു. ഫാഷിസ്റ്റു് ഇററാലി എല്ലായിടത്തും പുകഴ്ത്തപ്പെട്ടിരുന്നു. എന്നാൽ, 1943-ൽ ഇററലിക്കു് "യുദ്ധാവസാനത്തോടുകൂടി യൂറോപ്യൻ രാഷ്ട്രകുടുംബത്തിൽ ബഹുമാന്യസ്ഥാനം" വാഗ്ദാനം ചെയ്ത അതേ രാഷ്ട്രങ്ങളോടു്, ഈ ക്രൈസ്തവജനകീയ ശിശുവിനു് ആത്മരക്ഷയ്ക്കുവേണ്ടി ഒരു ധാർമ്മികസമരം ചെയ്യേണ്ടിയിരിക്കുന്നു. ഇത്തരത്തിലൊരു സമരം ഏതെങ്കിലും ഭരണക്കൂടത്തിന്റെയോ, ജനതയുടെയോ ശക്തിക്കപ്പുറമാണോയെന്നു് ഭാവി സംഭവവികാസങ്ങൾക്കുമാത്രമേ തെളിയിക്കുവാൻ സാധിക്കുകയുള്ളു.

———

## ആനന്ദിച്ചാലും!

(ഓമനക്കുട്ടൻ മട്ടു്)

(ഫാദർ സൈമൺ സി. ഡി.)

ആനന്ദിച്ചാലുമാനന്ദിച്ചാലും
മാനനീയയാമംബികേ!
പേരലാപൂണ്ടു വാണരുളുന്ന
കേരളീയമഹാസഭേ!
മുററും ഭാഗധേയക്കൊഴുപ്പിനാൽ
പെററുനീയൊരേനേരത്തിൽ
ധീമതികളാം രണ്ടു വിശ്രുത
പ്രേമമേഷകപാലരെ.
　നിത്യപത്തനമാകും റോമിലെ
　സ്തുത്യപ്രേഷിതവര്യർതൻ
　പൂജ്യമാകും കുടീരേ നിന്നനു-
　യോജ്യരാമിരുസ്ലീഹന്മാർ
　ജാതരായിവരുന്നിതാനിന-
　ക്കാതങ്കമാകെയാററുവാൻ,
　പ്രീതനാം കാളാശ്ശേരി മെത്രാന്റെ
　ചേതമൊക്കെയകററുവാൻ.
മുന്നമേനിന്റെ മാർത്തോമ്മാമെത്രാ-
നെന്ന ധന്യകുമാരനെ
കൈത്തടത്തിലടക്കി വച്ചുതി-
ന്നുത്തരിപ്പുകടത്തിദേനാ
ഇന്നു ജൂബിലിവത്സരേ റോമാ
തന്നുകൊള്ളുന്നതീധനം?
　ആനന്ദിച്ചാലുമാനന്ദിച്ചാലും
　ഊനമററമുദത്തൊടേ
　തുംഗഭാഗ്യപ്രതാപയാകിയ
　ചങ്ങനാശ്ശേരി രൂപതേ!
　ഇന്നുനീയൊരു മാതൃവായ്ഭവി-
　ക്കുന്നു, കോമളനന്ദിനി,
　ഒന്നുനിന്നുദരത്തിൽ നിന്നിഹ
　വന്നു ഭൂവിൽ ജനിക്കുന്നു.
ഉന്നതിക്കു നിദാനമായീവ-
ളുന്നലം വിജയിക്കുക!
സന്നതാംഗിയാം പാലാരൂപതേ!
നിന്നമ്മയ്ക്കു സമാനമായ്.
　പുണ്യപൂരുഷക്കോടിക്കുവേയഗ്ര-
　ഗണ്യനായി വിളങ്ങിടും
　കാവുകാട്ടു മാർ മത്തായിമെത്രാൻ
　ഭാവുകമാന്നു വാഴട്ടെ!
ക്കുറെഴും വയലിൽ കളപ്പുര
മാറെമ്മാനുവേൽ മെത്രാനും
പുഞ്ചിരിക്കുളിർ തൂകിക്കൊണ്ടെന്നും
സഞ്ചിതാനന്ദം വാഴട്ടെ!

പുസ്തകാഭിപ്രായം

## പുനരൈക്യ സ്മരണാകിരണങ്ങൾ

[സെൻറു് ജോസഫ്സ് പ്രസ്സ്, തിരുവല്ല, പേജ് 82, വില 12 ണ]

കേരളക്രിസ്തീയസഭയിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ 20-ാം വാർഷികം (1930 സെപ്റ്റ. 20—1950 സെപ്റ്റ. 20), ആ പ്രസ്ഥാനത്തിന്റെ പ്രണേതാവായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകത്തിന്റെ രജതജൂബിലി, തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറർ എന്ന സ്ഥാനത്തുനിന്നും ആ രൂപതയുടെ മെത്രാൻസ്ഥാനത്തേക്കുയർത്തപ്പെട്ടിരിക്കുന്ന മാർ സെവേരിയോസു തിരുമേനിയുടെ റോമാസന്ദർശനവും യൂറോപ്യൻ പര്യടനവും കഴിഞ്ഞുള്ള പ്രത്യാഗമനം എന്നിത്യാദി ചരിത്രപ്രധാനങ്ങളായ വിവിധ സംഭവങ്ങളുടെ ആനന്ദനിർഭരമായ സമാഗമവേളയിലാണു് ഈ "സ്മരണാകിരണങ്ങൾ" ഉദയം ചെയ്തിരിക്കുന്നതു്. റവ. ഫാദർ പ്ലാസിഡിന്റെ "മലങ്കര അന്തിയോക്യാ സുറിയാനി റീത്തു്", റവ. ഫാദർ ഏററുമാനൂക്കാരന്റെ "പന്ത്രണ്ടാം പീയൂസു മാർപ്പാപ്പാ", ശ്രീ പി. ഒ. ജോൺ ബി. എസ്സി. യുടെ "ജൂബിലേറിയനായ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ", ജെമ്മിന്റെ "മാർ സെവേരിയോസ് മെത്രാപ്പോലീത്താ", റവ. ഫാ. ജെ. ഒ. ഐ. സി. യുടെ "മാർ തീയോഫിലോസു തിരുമേനി" എന്നിവതുടങ്ങിയ ജ്ഞാനപ്രദങ്ങളും പുനരൈക്യപ്രേരകങ്ങളുമായ പല ലേഖനങ്ങളും മാർ സെവേരിയോസു തിരുമേനിയുടെ തീർത്ഥയാത്രയുടെ വിവരങ്ങളും ഈ ഗ്രന്ഥതല്ലജത്തിലുണ്ടു്. പുസ്തകത്തിന്റെ ഉള്ളടക്കം എന്തെല്ലാമെന്നു കാണിക്കുന്ന ഒരു "വിഷയാനുക്രമണിക" ഇതിലില്ലെന്നുള്ളതു പ്രത്യക്ഷത്തിൽ ഒരു ന്യൂനതയായി വായനക്കാർ പരിഗണിക്കാനിടയുണ്ടു്. എങ്ങനെയായാലും, മനോഹരമായ ഈ സ്മാരകഗ്രന്ഥം പ്രചുരപ്രചാരമർഹിക്കുന്ന ഒന്നാണെന്നതിനു സംശയമില്ല. അതിന്റെ പ്രസാധകനായ വെരി റവ. ഫാ. ജോൺ കച്ചീറമററം അവർകൾക്കു് ഞങ്ങളുടെ ഹാർദ്ദമായ അനുമോദനങ്ങൾ.

## ടിറേറായുടെ മനഃപരിവർത്തനം

യൂഗോസ്ലാവിയായിലെ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപതിയായ മാർഷൽ ടിറേറാ കത്തോലിക്കർ ഉൾപ്പെടെയുള്ള വിവിധ ക്രിസ്തീയവകുപ്പുകാരുടെ നേർക്കു വർദ്ധമാനമായ അനുഭാവം പ്രദർശിപ്പിച്ചു വരുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്കു മതബോധനം നല്കുന്നതിനെ ഇപ്പോളദ്ദേഹം വിരോധിക്കുന്നില്ലത്രെ. പുതിയ മെത്രാന്മാരെ അഭിഷേകം ചെയ്യുന്നതിനു് അദ്ദേഹം അനുമതിനല്കുന്നതാണെന്നും പറയപ്പെടുന്നു. പക്ഷെ 16 കൊല്ലത്തെ കാരാഗൃഹവാസത്തിനു വിധിക്കപ്പെട്ടിരിക്കുന്ന സ്റ്റെപ്പിനാക്കു മെത്രാപ്പോലീത്തായുടെ നേർക്കുള്ള ടിറേറായുടെ മനോഭാവത്തിൽ യാതൊരു വ്യതിയാനവുമുണ്ടായിട്ടില്ല.

## സിനിമാതാരത്തിന്റെ മരണം

മി. പേഡ്രൊ ദി കൊർദോബാ എന്ന സിനിമാതാരം ഹോളിവുഡിലെ സ്വവസതിയിൽവച്ചു നിര്യാതനായിരിക്കുന്നു. അദ്ദേഹത്തിന്റെ മടിയിൽ മിസ്സലിലെ (കുർബ്ബാന തക്സായിലെ) അന്നത്തെ കുർബ്ബാനയുടെ ഭാഗം തുറന്നിരിപ്പുണ്ടായിരുന്നു. മി. കൊർദോബാ ദീർഘനാൾ കത്തോലിക്കാനടന്മാരുടെ സഖ്യത്തിന്റെ പ്രസിഡൻറായിരുന്നുവെന്നതു പ്രസ്താവ്യമാണു്.

## മോൺ. സ്ഥാനം

ബോംബെ അതിരൂപതയിലെ വികാരി ജനറാളായ റൈററ് റവ. മോൺസിഞ്ഞോർ എ. ഡയർ അവർകൾക്കു് മാർപ്പാപ്പാ തിരുമേനി "ഡൊമസ്റ്റിക് പ്രലററ്" എന്ന സ്ഥാനം പ്രദാനം ചെയ്തിരിക്കുന്നു.

---

÷ ചാക്രികലേഖനത്തിന്റെ കാലഘട്ടവും അതിനു വഴിതെളിച്ച വ്യക്തികളും.

* ദീർഘതയ്യാറിനുള്ള പഠനങ്ങളും ആഹ്വാനങ്ങളും.

# ഒരു ചോദ്യവും അതിനുള്ള സമാധാനവും

(പ്രൊഫസർ ജോസഫ് പെട്ട എം. എ.)

കുട്ടികളുടെ വിദ്യാഭ്യാസം മാതാപിതാക്കന്മാരുടെ പാവനചുമതലയും പ്രത്യേകാവകാശവുമാണെങ്കിൽ, പിന്നെ രാഷ്ട്രം അതിലേക്കു ധനസഹായവും മററു ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നു പറയുന്നതിന്റെ ന്യായമെന്താണു് എന്നു വല്ലവരും ചോദിച്ചേക്കാം. ആ ചോദ്യത്തിനുള്ള സമാധാനം രാഷ്ട്രത്തിന്റെ സ്ഥാപനോദ്ദേശ്യത്തിൽ തന്നെ അന്തർഭവിച്ചുകിടക്കുന്നുണ്ടു്. The State is only a means to an end. രാഷ്ട്രം സ്വതവെ ഒരന്ത്യമല്ല; മറെറാരു അന്ത്യത്തിലേക്കുള്ള മാർഗ്ഗം മാത്രമാണു്. ആ അന്ത്യമാകട്ടെ, വ്യക്തിയുടെ പരിപൂർണ്ണതയാണു്. രാഷ്ട്രം വ്യക്തിക്കുവേണ്ടിയുള്ളതല്ലാതെ, വ്യക്തി രാഷ്ട്രത്തിനുവേണ്ടിയുള്ളതല്ല. വ്യക്തിയുടെ അന്ത്യം പ്രകൃത്യതീതവും പാരത്രികവുമാണു്. ആ അന്ത്യത്തിലേക്കു എത്തിച്ചേരുന്നതിനു അവൻ ചില ഉപാധികളെ അവലംബിക്കേണ്ടതായുണ്ടു്. അങ്ങനെയുള്ള ഉപാധികളിൽപെട്ടതാണു കുടുംബവും രാഷ്ട്രവും. ഇവയിൽ കുടുംബം പ്രകൃതിയിൽനിന്നുതന്നെ ഉടലെടുക്കുന്നു. കുടുംബമാണു മാനവസമുദായത്തിലെ പ്രധാനവും പ്രാഥമികവുമായ സംഘടന. മാതാപിതാക്കളും അവരുടെ സന്താനങ്ങളുംകൂടി ചേർന്നുള്ള ഈ സ്ഥാപനത്തിൽവച്ചാണു വ്യക്തികളുടെ അഭ്യുന്നതിക്കായുള്ള ആദ്യശ്രമങ്ങൾ നടക്കുന്നതു്. സന്താനങ്ങൾക്കു പ്രായപൂർത്തിയും സ്വായത്തതയും കൈവരുന്നതുവരെ അവരുടെ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ പരിപോഷണത്തിനുള്ള ഉത്തരവാദിത്വം കുടുംബത്തിൽ സ്ഥിതിചെയ്യുന്നു. പക്ഷെ കുടുംബത്തിന്റെ കഴിവുകളും സാദ്ധ്യതകളും പരിമിതമാണു്. ആകയാൽ അവ വികസിപ്പിച്ചു കൂടുതൽ അഭിവൃദ്ധിനേടുന്നതിനുവേണ്ടി കുടുംബങ്ങൾ സംഘടിച്ചു രാഷ്ട്രമായിത്തീരുന്നു. അങ്ങനെ രൂപവൽകൃതമാകുന്ന രാഷ്ട്രം സ്വതവെ പ്രകൃത്യുൽഭൂതമായ ഒരു സ്ഥാപനമല്ലെങ്കിലും അതിന്റെ ഘടകങ്ങൾ പ്രകൃതിയിൽനിന്നു ഉടലെടുത്ത കുടുംബങ്ങളാകയാൽ രാഷ്ട്രവും പ്രകൃതിനിയമങ്ങൾക്കു വിധേയമാണു്. ആ നിയമങ്ങൾക്കു വിരുദ്ധമല്ലാത്ത നിലയിൽ കുടുംബങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കെടുത്തു അവ കൂടുതൽ പരിപുഷ്ടവും ഫലദായകവുമാക്കിത്തീർക്കുക എന്നുള്ളതാണു രാഷ്ട്രത്തിന്റെ കർത്തവ്യം. മററു വിഷയങ്ങളിലെന്നപോലെ, വിദ്യാഭ്യാസവിഷയത്തിലും ഏതാദൃശമായ കർത്തവ്യം രാഷ്ട്രത്തിനുണ്ടു്. ആകയാൽ മാതാപിതാക്കന്മാർക്കു— അവർ ഏതേതുകക്ഷികളിൽപെട്ടവരായാലും വിരോധമില്ല—അവരുടെ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിൽ രാഷ്ട്രത്തിന്റെ കഴിവനുസരിച്ചുള്ള ധനസഹായവും മററു ആനുകൂല്യങ്ങളും അതു ചെയ്തുകൊടുക്കേണ്ടതാണു്. കൂടാതെ, മുൻപ്രസ്താവിച്ചിട്ടുള്ളപോലെ, ഏതെങ്കിലും മാതാപിതാക്കന്മാരൊ രക്ഷാകർത്താക്കന്മാരൊ അവരുടെ വിദ്യാഭ്യാസപരമായ ചുമതലയ്ക്കു വീഴ്ചവരുത്തിയാൽ, അതു ഏറെറടുത്തു നടത്തുന്നതിനോ മററുള്ളവരെക്കൊണ്ടു നടത്തിക്കുന്നതിനോ ഉള്ള കർത്തവ്യവും അതിലേക്കു പണം ചെലവുചെയ്യേണ്ട കടമയും രാഷ്ട്രത്തിനുണ്ടായിരിക്കുന്നു. ഇങ്ങനെയുള്ള കടമകൾ പരിഗണിച്ചാണു് ഇന്ത്യൻ ഭരണഘടനയിൽ, ഓരോ സ്റ്റെയിററും അതിന്റെ സാമ്പത്തികകഴിവനുസരിച്ചു പൗരന്മാരുടെ വിദ്യാഭ്യാസാവകാശം സാധിച്ചുകൊടുക്കുന്നതിനു പര്യാപ്തമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുള്ളതു്.

ക്രിസ്തീയവിദ്യാലയങ്ങളുടേയും നിലപാടു ഇതുതന്നെയാണു്. അവയിലെ വിദ്യാർത്ഥികൾ എല്ലാവരുംതന്നെ ക്രൈസ്തവരായിരുന്നാൽപോലും, അവരും നാട്ടിലെ പൗരന്മാരാണെന്നുള്ള ന്യായത്താൽ, അത്തരം വിദ്യാലയങ്ങൾക്കും ഗവമ്മെന്റ് ഗ്രാന്റിനു അർഹതയുണ്ടു്. എന്നാൽ വാസ്തവത്തിൽ ക്രൈസ്തവർ മാത്രമല്ല ക്രിസ്തീയവിദ്യാലയങ്ങളിൽ പഠിക്കുന്നതു്. ജാതിമതഭേദംകൂടാതെ ഏവർക്കും അവയിൽ പ്രവേശനസ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നു; എന്നല്ല പലപ്പോഴും ഭൂരിപക്ഷം വിദ്യാർത്ഥികൾ അക്രൈസ്തവരുമാണു്. ജാതിവ്യത്യാസം പരിഗണിച്ചു് ഈഴവർ, പുലയർ, ആദിയായ അവശന്മാരെ സർക്കാർ സ്കൂളുകളിൽപ്പോലും പ്രവേശിപ്പിക്കാതിരുന്ന കാലങ്ങളിൽ ക്രിസ്തീയവിദ്യാലയങ്ങളാണു അവർക്കു സ്വാഗതമരുളി അവരുടെ സാമുദായികോൽക്കർഷത്തിനു വഴിതെളിച്ചതു്. ഗവമ്മെന്റും പൗരാവലിയും ക്രിസ്തീയവിദ്യാലയങ്ങളോടു് എത്രമാത്രം കടപ്പെട്ടാണിരിക്കുന്നതെന്നും ഗവമ്മെന്റു ആനുകൂല്യങ്ങൾ അവ എത്രവളരെ അർഹിക്കുന്നുണ്ടെന്നും മേൽപ്പറഞ്ഞ സംഗതികൾ സംശയലേശരഹിതം പ്രസ്പഷ്ടമാക്കുന്നില്ലേ? "ആധുനികമായ ഉന്നതകലാശാലാവിദ്യാഭ്യാസലോകത്തിൽ അർഹമായ ഒരു പദവി ഇന്ത്യ ഇന്നു വഹിക്കുന്നതായി അഭിമാനിക്കുന്നുണ്ടെങ്കിൽ, അതു മിക്കവാറും, തങ്ങളുടെ ആധുനികവിദ്യാസ്ഥാപനങ്ങളാൽ നമ്മെ സേവിച്ചുപോരുന്ന നിസ്വാർത്ഥമതികളായ മിഷനറിമാരുടെ അക്ഷീണമായ ചൈതന്യപ്രകർഷവും വിദ്യാഭ്യാസസംഘടനാ പ്രാഗത്ഭ്യവും കൊണ്ടാണു്" എന്നു മദ്രാസ് പ്രധാനമന്ത്രിയും, "ഈ മിഷനറിമാരുടെ പരോപകാരപരമായ സദുദ്യമങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ദക്ഷിണേന്ത്യയെ ഗ്രസിക്കുമായിരുന്ന മാനസികാന്ധകാരത്തെപ്പററി ചിന്തിക്കുമ്പോൾ ഞാൻ ഞെട്ടിപ്പോകുന്നു" എന്നു മദ്രാസ് സർവകലാശാലാ വൈസ്ചാൻസലരും പരസ്യമായി പ്രസ്താവിക്കുന്നതിനു അവരെ പ്രേരിപ്പിച്ച വിദ്യാഭ്യാസപരമായ ക്രൈസ്തവസേവനത്തിന്റെ മാഹാത്മ്യം തിരുവിതാംകൂർ-കൊച്ചി മന്ത്രിമാരുടെ ദൃഷ്ടിയിൽ എത്തുപെടാതെ പോയതു നിർഭാഗ്യകരമായിരിക്കുന്നു.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം കത്തോലിക്കർ ആദിയായ ന്യൂനപക്ഷസമുദായങ്ങൾക്കു യഥേഷ്ടം സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നിർബാധം ഭരിച്ചു നടത്തുന്നതിനും, മററു വിദ്യാലയങ്ങൾക്കെന്നപോലെ ശരിയായ ഗ്രാന്റു ലഭിക്കുന്നതിനുമുള്ള അവകാശം ഭരണഘടനാപ്രമാണത്തിൽ സുവ്യക്തം രേഖപ്പെടുത്തിയിട്ടുണ്ടു്. ഒന്നു മാത്രമേ ശ്രദ്ധിക്കേണ്ടതുള്ളു: സ്കൂളുകളിൽ എല്ലാജാതിമതസ്ഥർക്കും പ്രവേശനസ്വാതന്ത്ര്യമുണ്ടായിരിക്കണം; അന്യമതസ്ഥരായ കുട്ടികളെ മതപഠനക്ലാസ്സുകളിൽ ഹാജരാകുന്നതിനോ, മതപരമായ കർമ്മാനുഷ്ഠാനങ്ങളിൽ പങ്കുകൊള്ളുന്നതിനോ നിർബന്ധിക്കാൻ പാടില്ല. ഈ വ്യവസ്ഥ ഇന്നും എന്നും കത്തോലിക്കാവിദ്യാലയാധികൃതന്മാർ നിഷ്കൃഷ്ടം പാലിച്ചുപോന്നിട്ടുള്ളതാണു്. അവർക്കതിൽ ബുദ്ധിമുട്ടില്ല, ആക്ഷേപമില്ല. യഥാർത്ഥാവസ്ഥകൾ ഇങ്ങനെയാണെങ്കിലും ഭരണഘടനയിലെ വകുപ്പുകൾ ദുർവ്യാഖ്യാനം ചെയ്തു ഗവമ്മെന്റിനെയും നിയമസഭാംഗങ്ങളെയും തെററിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമം നടക്കാതിരുന്നില്ല. അവരവരുടെ കുട്ടികൾക്കുവേണ്ടിമാത്രം വിഭാഗീയവിദ്യാലയങ്ങൾ (Denominational Schools) സ്ഥാപിച്ചുനടത്തുന്നതിനുള്ള അവകാശംമാത്രമാണു "ഭരണഘടന" ന്യൂനപക്ഷങ്ങൾക്കു നല്കിയിരിക്കുന്നതെന്നു ചില നിയമവിചക്ഷണന്മാർ നിയമസഭയിൽ ഒരു വാദം പുറപ്പെടുവിച്ചുകണ്ടു. മെത്രാന്മാരെ പഴിക്കാനും പഠിപ്പിക്കാനും ബദ്ധപ്പെട്ടു പുറപ്പെട്ട ഒരു മാന്യനാണു് ഈ വാദം ശക്തിയായി ഉന്നയിച്ചതു്. അദ്ദേഹത്തിന്റെ അന്ധത അതിവിചിത്രമായിരിക്കുന്നു എന്നല്ലാതെ എന്തുപറയട്ടെ. അത്രയ്ക്കു സ്പഷ്ടമാണു ഭരണഘടനയിലെ വ്യവസ്ഥകൾ. നിയമത്താൽതന്നെ എല്ലാ ജാതി മതസ്ഥർക്കും പ്രവേശനസ്വാതന്ത്ര്യമുള്ള വിദ്യാലയങ്ങളെയാണല്ലോ ഭരണഘടനയിലെ നിർദ്ദിഷ്ട വകുപ്പുകൾ വിഭാവനംചെയ്തിട്ടുള്ളതു്. അത്തരം വിദ്യാലയങ്ങൾ, സ്വന്തം കുട്ടികൾക്കുമാത്രമായുള്ള "ഡിനോമിനേഷനൽ സ്കൂളുകൾ" ആയിരിക്കാൻ പാടില്ലെന്നു മനസ്സിലാക്കുന്നതിനു അത്രവളരെ നിയമപാണ്ഡിത്യമൊന്നും ആവശ്യമില്ല; വർഗ്ഗീയസമരവൈരാഗ്യത്തിന്റെ ഉഗ്രതകൊണ്ടു് കണ്ണുമഞ്ഞളിക്കാതെയിരുന്നാൽ മാത്രംമതി.

പക്ഷെ ഭരണഘടന ഒരുവഴിക്കു്, നിയമനിർമ്മാണം മറെറാരുവഴിക്കു്, എന്നുള്ളതാണു മററു, പലതിലുമെന്നപോലെ, ഈ വിഷയത്തിലും നമുക്കു് അനുഭവപ്പെടുന്നതു്. ഭരണഘടനയിലെ മൗലികാവകാശവ്യവസ്ഥകൾക്കെതിരായി സംസ്ഥാനഗവമ്മെന്റുകൾ അവരവരുടെ നിയമസഭകൾവഴിക്കും അല്ലാതെയും നിയമങ്ങളും ഓർഡിനൻസുകളും പാസാക്കിവിട്ടിട്ടുള്ള എത്രയെത്ര കെയിസ്സുകളാണു് അടുത്തകാലത്തു കോടതികളെ ശരണം ഗമിച്ചു പരിഹാരം നേടുകയുണ്ടായിട്ടുള്ളതു്. അത്തരം ഒരു കെയിസ്സിൽ സംസ്ഥാനഗവമ്മെന്റിന്റെ നിയമം റദ്ദാക്കിക്കൊണ്ടു വിധി ഉച്ചരിച്ച അവസരത്തിൽ ഇന്ത്യയുടെ "സുപ്രീം കോടതി ചീഫ് ജസ്റ്റിസ്" ചെയ്ത പ്രസ്താവന ഏവരുടേയും പ്രത്യേകിച്ചു നമ്മുടെ മന്ത്രിമാരുടേയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്. ഗവമ്മെന്റു പക്ഷം വാദിച്ച അഡ്വൊക്കേററിന്റെ നേർക്കു തിരിഞ്ഞുകൊണ്ടു ചീഫ്ജസ്റ്റിസ് പറയുന്നു: "നിയമം അനുസരിച്ചു ഭരണം നടത്തുവാൻ പ്രയാസമാണെങ്കിൽ നിങ്ങൾ പിരിഞ്ഞുപോവുകയാണു വേണ്ടതു്. നിയമസഭകൾ ശരിക്കു നിയമമുണ്ടാക്കുവാൻ പഠിക്കണം." ഇൻഡ്യൻ ഭരണഘടനയിലെ മൗലികാവകാശവ്യവസ്ഥകൾ അടങ്ങിയ അദ്ധ്യായത്തിന്റെ അനുശാസനം ഇനിയും മനസ്സിലാക്കാതെയാണു ചില നിയമസഭകളും ഗവമ്മെന്റുകളും നിയമങ്ങൾ പാസാക്കുന്നതു്, എന്നായിരുന്നു ആ ന്യായാധിപൻ തുടർന്നു പ്രസ്താവിച്ചതു്. അധികാരപ്രമത്തരും അതേസമയംതന്നെ അജ്ഞരുമായ ഭരണമേധാവികളുടെമേൽ ഇങ്ങനെയെങ്കിലും ഒരു നിയന്ത്രണമുള്ളതു അല്പം ആശ്വാസത്തിനു വഴിതരുന്നുണ്ടു്. നമ്മുടെ ഗവമ്മെന്റിന്റെ നൂതനവിദ്യാഭ്യാസപദ്ധതി സംബന്ധിച്ചുള്ള ഓർഡിനൻസുകൾക്കും ചട്ടങ്ങൾക്കും സുപ്രീംകോടതിവരെ ഒന്നു കയറിയിറങ്ങുന്നതിനു ഭാഗ്യമുണ്ടായാൽ അതു ഗവമ്മെന്റിനും ജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമായിരിക്കും. അതിലേക്കു ഒരവസരം ഉണ്ടാക്കിക്കൊടുക്കേണ്ടതു സമുദായനേതാക്കന്മാരുടേയും വിദ്യാലയാധികൃതന്മാരുടേയും കടമയാണു്. ഭാവി തലമുറകളെ ഓർത്തിട്ടെങ്കിലും അവർ ആ കടമ നിർവ്വഹിക്കുന്നതിനു സന്നദ്ധരാകുമെന്നു പ്രതീക്ഷിക്കുന്നു. ദേവാലയങ്ങളും സിമിത്തേരികളും സ്ഥാപിക്കുന്നതിനെ അന്യായമായി നിയന്ത്രിക്കുന്ന കർക്കശനിയമങ്ങൾ സംബന്ധിച്ചും മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു പരീക്ഷണം നടത്തുന്നതു നന്നായിരിക്കുമെന്നു സന്ദർഭവശാൽ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

അവസാനമായി, ഗവമ്മെന്റുകൾ പൗരാവലിയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ അന്യായമായും അമിതമായും കൈകടത്തുന്നതിലുള്ള മറെറാരു അനൗചിത്യവുംകൂടി ചൂണ്ടിക്കാണിച്ചുകൊണ്ടു ലേഖനത്തിന്റെ ഈ ഭാഗം ഉപസംഹരിക്കാം. ലെനിൻ, സ്റ്റാലിൻ, ഹിററ്ലർ തുടങ്ങിയ സ്വേച്ഛാപ്രഭുക്കളായ ഭരണമേധാവികൾ സ്വതന്ത്രമായ പൊതുജനാഭിപ്രായങ്ങളും ആദർശാഭിലാഷങ്ങളും അടിച്ചമർത്തി തങ്ങളുടെ അധികാരവും ശക്തിയും ശാശ്വതീകരിക്കുന്നതിനുള്ള ഒരുപകരണമായിട്ടാണു് വിദ്യാഭ്യാസപദ്ധതികളെ ദുഷ്പ്രയോഗിച്ചതു്. അവരുടെ ദുരുദ്ദേശ്യവും ദുഷ്പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടായിരുന്നു. പൂർവ്വാപരവൈരുദ്ധ്യം അവരിൽ ആരോപിക്കുന്നതിനു ആർക്കും സാദ്ധ്യമല്ല. എന്നാൽ ഇന്നത്തെ ജനകീയഗവമ്മെന്റുകളുടെ പോക്കു ഒന്നു വേറെയാണു്. "നാക്കു ചക്കര, കൈ കൊക്കര", എന്നതാണു അവരുടെ നയം. ചിന്താസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, പ്രവൃത്തിസ്വാതന്ത്ര്യം എന്നിങ്ങനെ സർവ്വവിധ സ്വാതന്ത്ര്യങ്ങളും ഉൽഘോഷിച്ചു പ്രഖ്യാപിക്കുന്നതിനു അവർക്കു അശേഷം മടിയില്ല. പക്ഷെ പ്രയോഗത്തിൽ വരുമ്പോൾ അവയെല്ലാം വെറും ദിവാസ്വപ്നങ്ങളായി കലാശിക്കുന്നു; അധികാരപ്രമത്തത മാത്രം അവശേഷിക്കുന്നു. അധികാരലഹരിപോലെ മനുഷ്യനെ വശീകരിച്ചു അന്ധനാക്കി അടിമപ്പെടുത്തുന്ന മറെറാരു ലഹരി ഇല്ലതന്നെ.

ജനാധിപത്യം, അഥവാ ജനകീയഗവമ്മെന്റു് എന്നു പറഞ്ഞാൽ, പൊതുജനാഭിപ്രായം ആദരിച്ചും അതിനു വിധേയമായും നടത്തപ്പെടുന്ന ഒരു ഭരണക്രമം, എന്നാണു നാം മനസ്സിലാക്കാറുള്ളതു്. എന്നാൽ ഭരണകർത്താക്കൾതന്നെ വിദ്യാഭ്യാസപരിപാടികളും അദ്ധ്യാപകവൃന്ദവും മുഖേന ഒരു "പൊതുജനാഭിപ്രായം" സൃഷ്ടിച്ചുണ്ടാക്കി അതനുസരിച്ചു ഭരണം നടത്തുന്നപക്ഷം, ആ ഭരണസമ്പ്രദായം ജനാധിപത്യമോ ജനകീയഭരണമോ ആയിരിക്കയില്ല, പ്രത്യുത, നയകൗടില്യം തുളുമ്പുന്ന സ്വേച്ഛാപ്രഭുത്വം മാത്രമായിരിക്കും; മാൻതോൽ ധരിച്ച പുള്ളിപ്പുലിയായിരിക്കും; തുറന്ന ദുഷ്പ്രഭുത്വത്തെക്കാൾ കൂടുതൽ ആപൽക്കരവുമായിരിക്കും. സ്വതന്ത്രവും ബലിഷ്ഠവും നിഷ്പക്ഷവും നീതിയുക്തവുമായ ഒരു പൊതുജനാഭിപ്രായം ആധാരമാക്കി നടത്തപ്പെടുന്ന ഭരണം മാത്രമാണു് സാക്ഷാൽ ജനാധിപത്യം. അപ്രകാരമുള്ള ഒരു അഭിപ്രായഗതി, ആരോഗ്യപരമായ ഒരന്തരീക്ഷം, സ്വതന്ത്രസുന്ദരമായ ഒരു ആദ്ധ്യാത്മിക സംസ്കാരം സംജാതമാക്കുന്നതിനു പര്യാപ്തമായ ഏകോപാധി, നിർബാധവും ധർമ്മധീരവുമായ വിദ്യാഭ്യാസമാണു്. "A sound civilization must depend upon sound popular education," says Owen A. Hill S. J. അവിടെ പിഴച്ചാൽ എല്ലാം പിഴച്ചു. വിദ്യാഭ്യാസസ്വാതന്ത്ര്യമില്ലെങ്കിൽ ജനായത്തപ്രസ്ഥാനം കേവലം നിരർത്ഥകമായ, തികച്ചും പൊള്ളയായ വെറുമൊരു സങ്കല്പം മാത്രമായിത്തീരുന്നു; ഗർഹണീയമായ ഒരു പുറംപൂച്ചു മാത്രമായി അധഃപതിച്ചുപോകുന്നു; മാത്രമല്ല, കമ്മ്യൂണിസത്തിലേക്കുള്ള ഒരു രാജപാഥയായും പരിണമിക്കുന്നു. "If the State is once allowed control of child's education, nothing can prevent it from assuming control of family, property, and the whole internal administration of the home." ബാലികാബാലന്മാരുടെ വിദ്യാഭ്യാസം ഒരിക്കൽ രാഷ്ട്രത്തിന്റെ പിടിയിൽ പെട്ടുപോയാൽ, പിന്നെ വസ്തുവകകളും കുടുംബത്തിന്റെ ആഭ്യന്തരഭരണവും സർവ്വത്ര കൈയേറുന്നതിൽനിന്നു രാഷ്ട്രത്തെ പിന്മാററുവാൻ ആർക്കുംതന്നെ സാദ്ധ്യമാകയില്ല, എന്നാണു പ്രശസ്ത മനശ്ശാസ്ത്രപണ്ഡിതനായ ഫാദർ ഹിൽ പറയുന്നതു്.

ആകയാൽ ജനകീയം പ്രസംഗിക്കുക

മരിയൻകോൺഗ്രസ് പ്രമാണിച്ചു്
**സത്യദീപം വിശേഷാൽപ്രതി**
ഡിസംബർ 20-ാംനു- പുറപ്പെടുന്നു
പേജ് 16, വില 2 ണ. മാത്രം
പ്രതിപാദ്യവിഷയം: മരിയാശാസ്ത്രം (Marialogy)
കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ
ഡിസംബർ 12-ാംനു-ക്കകം ഏർപ്പാടുചെയ്യേണ്ടതാണു്.
മാനേജർ, സത്യദീപം, എറണാകുളം

ചെറുകഥ

# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

(എസ്സ്. ബി.)

ഒരു പ്രൈമറി സ്കൂളദ്ധ്യാപകനാണ് താരാട്ടുകുളത്തു ആന്റണിമാസ്റ്റർ. അദ്ദേഹത്തിന്റെ വെളുത്ത പുഷ്ടശരീരവും ഇതരബാഹ്യാലങ്കാരങ്ങളും കണ്ടാൽ ആർക്കും തോന്നും അദ്ദേഹം ഒരു ലക്ഷപ്രഭുവിന്റെ മകനാണെന്ന്. പക്ഷെ പുറമെ കാണുന്നത്ര അകക്കോളൊന്നും അദ്ദേഹത്തിനില്ല. കുടുംബവകയായുണ്ടായിരുന്ന ഏക സ്വത്ത്—ഒരു ചെറിയ വീടും വീടിരിപ്പു പറമ്പും—പഠിക്കുംകാലത്തേ മറ്റൊരാൾക്കു കൈവശപ്പണയം എഴുതിക്കൊടുത്തുപോയതാണ്. കുട്ടി പഠിച്ചുവന്നതിനുശേഷം ഏതെങ്കിലും ഒരു ജോലിയിലേർപ്പെട്ടാൽ കടമൊക്കെ വീട്ടിയെടുക്കാമല്ലോ എന്നായിരുന്നു പിതാവിന്റെ ചിന്താഗതി. പക്ഷെ അതെല്ലാം ഇപ്പോൾ ആകാശത്തു കോട്ടകെട്ടിയതുപോലെ ആയിരിക്കയാണ്.

മാസ്റ്റർക്കു കിട്ടുന്ന പ്രതിമാസവേതനംകൊണ്ട് തന്റെ കാര്യംതന്നെ നടത്താൻ വിഷമമായിരിക്കുന്നു! ഇടക്കാലത്ത് സ്കൂൾ ഫൈനൽ പരീക്ഷാ വിജയിയും പ്രസ്തുത വിദ്യാലയത്തിൽതന്നെ ഒരദ്ധ്യാപികയുമായിരുന്ന ഒരു ത്രേസ്യാക്കുട്ടിയെ അദ്ദേഹം വിവാഹം ചെയ്തു. അവരുടെ വേതനംകൂടെ കൈവന്നിട്ടും കാര്യങ്ങൾ ഒന്നുംമൂന്നുമാകുന്നില്ല. കാരണമറിയണമെങ്കിൽ അകലെ പോകേണ്ടതുമില്ല.

മാസ്റ്റർക്കെന്നല്ല, മിസ്ട്രസ്സിനും, "കോങ്കണ്ണനു ചീങ്കണ്ണി" എന്നോണം ചില ചിട്ടകളൊക്കെയുണ്ട്. കിടക്കയിൽനിന്നുണർന്നാൽ രണ്ടു പേർക്കും വേണം "ബെഡ് കോഫി". അതുതയാറാക്കിക്കൊണ്ടുവരുവാൻ ഒരു പ്രത്യേകപാചകനോ പാചികയോ ആവശ്യമാണെന്നു പറയേണ്ടതില്ലല്ലോ. വാടകയ്ക്കു വാങ്ങിട്ടുള്ളതും ഇപ്പോൾ താമസിച്ചുവരുന്നതുമായ വീട് ആരാന്റേതാണെങ്കിലും, തങ്ങൾക്കു യോജിച്ച പച്ചപ്പരിഷ്കാരികൾ സന്ദർശനം നടത്തുമ്പോൾ അഭിമാനത്തിനു കേടുവരാതിരിക്കണമെങ്കിൽ സ്വന്തം കൈയിൽനിന്നു ചെലവിട്ട് ഒരു പൂമുഖവും അതിനു പററിയ അലങ്കാരങ്ങളും ഉണ്ടാക്കണം. പൂമുഖം ഒന്നുണ്ടായാൽ അതിനു മുററം ഒരു തോട്ടം അത്യാവശ്യമാണ്. തോട്ടമുള്ളപ്പോൾ തോട്ടക്കാരനെക്കൂടാതെ കഴിക്കുക വയ്യല്ലോ! പുറംമേനി ഇത്തരത്തിലാണെങ്കിൽ അകത്തു പെരുമാറുന്നവരുടെ അവസ്ഥയ്ക്കു ഒട്ടും കുറവു വരാൻ പാടില്ല.

മിസ്ട്രസ്സ് അവിടത്തെ ഏകദർശനവിഷയയല്ലേ? ആകയാൽ മാസത്തിൽ ഒന്നും രണ്ടും പുതിയ സാരികളെങ്കിലും വാങ്ങാതെ നിവൃത്തിയില്ല. "ഈവനിങ് ഇൻ പാരീസ്", കുട്ടിക്കുറ മുതലായ സുഗന്ധദ്രവ്യങ്ങൾ ഇങ്ങനെയുള്ളവരല്ലെങ്കിൽ പിന്നെ ആരാണുപയോഗിക്കുക! അവ ഇക്കാലത്ത് ഏററം പരിമിതം എന്നല്ലാതെ ഏറിപ്പോയി എന്ന് ആരും പറകയുമില്ല. വീടിനകത്തു ഇങ്ങനെയെങ്കിൽ പുറത്തു—നാലുപേർ കാണുന്നിടത്തു—പോകുമ്പോൾ പ്രത്യേകരീതിയിലായിരിക്കണമെന്നു പറഞ്ഞിട്ടു വേണമോ? വീട്ടുചെലവുകളാണെങ്കിൽ തിരുതകൃതിയിൽ!

മകനെ പഠിപ്പിക്കാൻവേണ്ടി കിടപ്പിടംകൂടി പണയമെഴുതി അനന്യശരണനായി കഴിഞ്ഞുകൂടുന്ന മൂപ്പീന്ന് (അപ്പൻ) ഇടക്കാലത്തു ഒരു ക്ഷയരോഗിയുംകൂടി ആയിത്തീർന്നിരിക്കയാണ്. മകന്റെ എന്തെങ്കിലുമൊരു സഹായമുണ്ടാകുമെന്നുവച്ച് അദ്ദേഹം മൂന്നുനാലു മൈൽ നടന്നു പുത്രവസതിയിലെത്തിയാൽ അവിടെ ലഭിക്കുന്ന സ്വീകരണവും ദാരുണമാണ്. "കുറെ കാലമായിട്ടു ഞങ്ങളുടെ കൊപ്രാകളത്തിൽ നില്ക്കുന്ന ആൾ" എന്നാണദ്ദേഹത്തെ മററുള്ളവർക്കു പരിചയപ്പെടുത്താറ്. രണ്ടു ദിവസത്തിനുമേൽ അവിടെ കഴിച്ചുകൂട്ടുവാൻ അനുവാദമില്ല. ക്ഷയരോഗം ബാധിച്ചിരിക്കുന്നയാൾ കണ്ടിടത്തൊക്കെ തുപ്പുകയും അതു ശേഷംപേർക്കും രോഗകാരണമായിത്തീരുകയും ചെയ്യുമത്രെ.

ഇത്തരത്തിലുള്ള ചിട്ടയായപ്പോൾ ശമ്പളം കിട്ടുന്നതിനുമുമ്പുതന്നെ അതിലിരട്ടി പുറമേ കടമാകും. ഏതാനും നാൾ "നാളെ നാളെ" എന്നൊക്കെ പറഞ്ഞുകഴിച്ചുകൂട്ടി. പിന്നീടു ആരുംഒന്നും കൈവിടാതായി. മാസ്റ്ററും മിസ്ട്രസ്സും മൂന്നു കുട്ടികളും നിരാധാരരായി. ക്ഷയരോഗമല്ലെങ്കിലും കാര്യങ്ങൾക്കു ക്ഷയം വരുത്തുന്ന മഹാരോഗംതന്നെ അവരെ ബാധിച്ചു. സ്വന്തം പിതാവിനോടുപോലും അനുവർത്തിച്ചനയം ഇതിനെല്ലാം കാരണമായി പലരും എണ്ണി. കടയ്ക്കൽ നനച്ചാലല്ലാതെ തലയ്ക്കൽ പൊടിക്കുമോ?

മി. നൈനാൻ ജോർജ്ജ് അതേ സ്കൂളിൽ വേറൊരദ്ധ്യാപകനാണ്. അദ്ദേഹത്തിന്റെ കുടുംബം അടുത്തകാലംവരെ ഒരുവിധം ധനസ്ഥിതിയിലാണ കഴിഞ്ഞുവന്നത്. എന്നാൽ വിധിവൈപരീത്യംകൊണ്ട് മാസ്റ്റർജോലിയിൽ ഏർപ്പെടുന്നതിനുഅല്പം മുമ്പ് വീടും വീടിരിപ്പു പറമ്പും പണയത്തിലായിപ്പോയി. പുര കെട്ടിമേച്ചിലിനുള്ള ഓലപോലും പുറത്തുനിന്നു പണം കൊടുത്തു വാങ്ങേണ്ട ഭാരമാണ തന്നിൽ വന്നു പതിച്ചത്. എന്നാൽ അതുകൊണ്ടൊന്നും ജോർജ്ജ് മാസ്റ്റർ ഭഗ്നാശയനായില്ല. "പാടിക്കൊണ്ടാൽ ദൈവം കൂടി കൊള്ളും" എന്ന് അദ്ദേഹം സമാശ്വസിച്ചു.

ഒരു ദിവസം അദ്ദേഹം ശമ്പളം വാങ്ങി വീട്ടിൽവന്നു ഭാര്യയെ വിളിച്ച് ഇപ്രകാരം പറഞ്ഞു: "പിന്നേ, ഞാൻ ഒരു പോലീസുകാരനോ മററോ അല്ല. കേവലം ഒരു സ്കൂളദ്ധ്യാപകനാണ്. അതു നിങ്ങൾക്കു നല്ലപോലെ ഓർമ്മവേണം, ആകക്കൂടെ എനിക്കുള്ള ഒരു മാസത്തെ വരവാണ് ഈ ഇരിക്കുന്ന 14 രൂപാ. ഇതുകൊണ്ടുവേണം നമ്മുടെ സകല ആവശ്യങ്ങളും നടക്കാൻ. കിടക്കുന്ന വീടിന്റെ സ്ഥിതിതന്നെയും ഞാൻ ഇനി പറഞ്ഞു മനസ്സിലാക്കീട്ടുവേണമെന്നില്ല. ആകയാൽ ഊണ് കുളി ഉടുപ്പു വിരുന്ന് വെള്ളാഴ്ചകളൊക്കെ ഇതുകൊണ്ടു കാണണം. ആദ്യമേ സൂക്ഷിച്ചാൽ പിന്നീടു ദുഃഖിക്കാതെ കഴിക്കാം."


ശ്രീമതി "പിന്ന"യാകട്ടെ, അങ്ങേതിലും ഇങ്ങേതിലും പോയിരുന്നു സൊള്ളപറഞ്ഞും സ്വഭർത്താവിനെപ്പോലും കുററപ്പെടുത്തി സംസാരിച്ചും സമയംകളയുന്ന ആളല്ല. "റോമായിലായിരിക്കെ റോമാക്കാരെപ്പോലെ" എന്ന ചൊല്ലിന്റെ അർത്ഥം അവർക്കു നന്നായറിയാം. കുടുംബഭാരം ലഘൂകരിക്കുവാൻ അവർ ആവതുചെയ്യാൻ എപ്പോഴും തയാറാണ്. അവർ ഭർത്താവിനു ഇങ്ങനെ മറുപടിനൽകി:

"ഈ മൂന്നു കുട്ടികളും ഇത്തരത്തിലായിത്തീർന്നിരിക്കുന്നതിൽ എനിക്കതിയായ വേദനയുണ്ട്. ദാരിദ്ര്യത്തിന്റെ അടമഴയിൽനിന്നെങ്കിലും നാം ഒഴിഞ്ഞുമാറണമല്ലോ. എനിക്കു ഒരുപായം തോന്നീട്ടുള്ളതു ഞാൻ പറയാം: ഈ പറമ്പു കയറിച്ചുകൊണ്ടുപോകുന്നവരുണ്ടല്ലോ. അവർ അന്യദിക്കുകാരല്ലേ? ഓരോ പ്രാവശ്യത്തേയും പോക്കുവരവിനുതന്നെയും അവർക്കെന്തെങ്കിലും ചെലവില്ലേ. അതെങ്കിലും അവർക്കു ലാഭിക്കാമല്ലോ, അതിഞ്ഞൊരു ന്യായമായ പാട്ടത്തിനു തന്നേക്കാൻപറ. നമുക്കതിൽ പ്രയത്നിച്ചു പരമാവധി ആദായമുണ്ടാക്കാൻ ശ്രമിക്കാം. ചുരുങ്ങിയപക്ഷം പുരകെട്ടാനുള്ള ഓലയെങ്കിലും മിച്ചം കിട്ടിയേക്കും."

ഈ ആശ്വാസവചനം അവരുടെ വായിൽനിന്നു പൊഴിഞ്ഞതോടെ ജോർജ്ജുമാസ്റ്റർ ആ പറമ്പു പാട്ടത്തിനെടുക്കാൻ ഉററുശ്രമിച്ചു. മര്യാദയുള്ളവരെന്നു നേരത്തേ അനുഭവപ്പെട്ടിരുന്നതിനാൽ പുതിയ ഉടമകൾ അതിനു സസന്തോഷം സമ്മതിക്കുകയുംചെയ്തു.

പറമ്പു പാട്ടത്തിനു കിട്ടിയ ഉടനെയായിരുന്നു വല്ലാർപാടത്തേ പ്രസിദ്ധതിരുനാൾ. ജോർജ്ജ് മാസ്റ്റർ അതിൽ സംബന്ധിച്ചു മടങ്ങുമ്പോൾ അന്നു വാങ്ങിക്കൊണ്ടുപോയത് ചെറുതരത്തിലുള്ള ഒരു തുമ്പായും അഞ്ചാറിനം ചേമ്പുവിത്തുമായിരുന്നു. അന്നുമുതൽ അവരിരുവരും കഠിനയത്നം ചെയ്യാൻതുടങ്ങി. മാസ്റ്റർ കാലത്തു 9-30 വരെ തെങ്ങിന്റെ തടംവെട്ട്, ചില ചില്ലറ കൃഷികൾക്കായുള്ള വാരംകോരൽ മുതലായതു ചെയ്യും. ഭാര്യയാവട്ടെ ഓരോ കൊല്ലവും പറമ്പുനിറയെ കാച്ചിൽ പീച്ചിൽ, വാഴ വഴുതന, ചേന ചേമ്പ്, പപ്പു കപ്പ, ചീര ചൊര, വെണ്ട വെള്ളരി, മത്ത കുമ്പളം, പാവൽ കോവൽ മുതലായവ വച്ചു പിടിപ്പിക്കും. തെങ്ങിൽനിന്നു വീണുകിട്ടുന്ന ഓരോ മടൽ ഓല അപ്പഴപ്പോൾ കീറി മടഞ്ഞു സൂക്ഷിക്കും. കൊണ്ടലുകൾക്കു വളം വെക്കുവാനെന്ന ഭാവേന ആദ്യം വാങ്ങിയ പശുക്കുട്ടിയിൽനിന്നുതന്നെ കുറെ കഴിഞ്ഞപ്പോൾ നല്ലൊരാദായം ജനിച്ചു. മാതാപിതാക്കൾ പശുവിനെ വളർത്തുന്നതുകണ്ടപ്പോൾ മക്കൾക്കു ഒരാടിനെയെങ്കിലും വളർത്തണമെന്നായി ആശ. കോഴിമുട്ട ശേഖരിച്ച് അവർ അതുകൊണ്ട് ഒരാടിനെ വാങ്ങി. ഇങ്ങനെ പലയിനംകൊണ്ട് കുടുംബകാര്യത്തിന്റെ ഭാരമറിയാതെ ദിവസങ്ങൾ നീങ്ങി. ജോർജ്ജ് മാസ്റ്ററും ഭാര്യയും മധുരവേഷ്ടിയോ ഉയർന്നതരം സാരിയോ കൂടാതെ കേവലം സാധാരണതരത്തിലുള്ള വസ്ത്രംകൊണ്ടു തൃപ്തിപ്പെട്ടു. മക്കളും തഥൈവ.

കഠിനയത്നത്തിന്റെ ഫലമായും ഇടക്കാലത്തുണ്ടായ സാധനവിലക്കയററത്താലും ചുരുങ്ങിയകൊല്ലങ്ങൾക്കകം വീടും വീടിരിപ്പുപറമ്പും അവർക്കു സ്വന്തമാക്കുവാൻ കഴിഞ്ഞു. മക്കൾ ആറുപേരിൽ 4 പേരെയും ബി. ഏ. വരെ പഠിപ്പിച്ചു. രണ്ടുപേരെ സ്കൂൾ ഫൈനൽ പാസായശേഷം നല്ലൊരു സംഖ്യ സ്ത്രീധനം കൊടുത്തു കെട്ടിച്ചയച്ചു. ചിത്രമെഴുതുവാൻ മതിലുണ്ടാക്കിത്തന്ന മാതാപിതാക്കൾക്കും ശുദ്ധീകരാത്മാക്കൾക്കും വേണ്ടി മാസത്തിൽ ഒന്നിൽ കുറയാതെ പൂജ ചെയ്യിച്ചുപോന്നു. ബി. ഏ. പാസ്സായ 4 മക്കളും ജോലിയിൽ പ്രവേശിച്ചു നല്ലൊരു സമ്പാദ്യമുണ്ടാക്കി. കാലക്രമത്തിൽ പഴയ പറമ്പിന്റെ മൂന്നു വശത്തുമുണ്ടായിരുന്ന പറമ്പുകൾ മി. നൈനാൻ ജോർജ്ജുമാസ്റ്ററുടെ സ്വന്തമായി. ദാരിദ്ര്യദുഃഖത്തിന്റെ അടമഴമാറിയശേഷം അവശേഷിച്ച ചെടിമഴയും എന്നേ പമ്പ കടന്നു. "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട" എന്നതു പരമാർത്ഥം!!



ജോർജ്ജ് മാസ്റ്റർ അതിൽ സംബന്ധിച്ചു മടങ്ങുമ്പോൾ അന്നു വാങ്ങിക്കൊണ്ടു പോയതു ചെറുതരത്തിലുള്ള ഒരു തുമ്പായും അഞ്ചാറിനം ചേമ്പുവിത്തുമായിരുന്നു.

കർബാനകുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾ സർപ്ലീസ്, ആൽബാലേസുകൾ എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിഷോപ്പ്, ബ്രോഡ്‌വെ- എറണാകുളം.

യും സ്വകീയം പുലർത്തുകയും ചെയ്യുന്ന നിഷിധനയം അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ ഇനിയെങ്കിലും കൈവെടിയുമെന്നു പ്രതീക്ഷിക്കുന്നു. പ്രജാധിപത്യാദർശങ്ങളോടു ആത്മാർത്ഥമായ ആദരവും ബഹുമാനവും പ്രതിപത്തിയും അവർക്കുണ്ടെങ്കിൽ തീർച്ചയായും വിദ്യാഭ്യാസസ്വാതന്ത്ര്യം അവർ അനുവദിച്ചുകൊടുക്കാതിരിക്കയില്ല. തങ്ങൾ പ്രഥമതഃ പൗരന്മാരും രണ്ടാമതുമാത്രം ഭരണകർത്താക്കളും ആണെന്നുള്ള പരമാർത്ഥം ജനകീയരാഷ്ട്രങ്ങളിലെ അധികാരിവർഗ്ഗം വിസ്മരിക്കയില്ലെന്നു വിശ്വസിക്കുന്നു. അവരും സമുദായാംഗങ്ങളാണ്; പുത്രമിത്രകളത്രാദികൾ ഉള്ളവരാണ്; ഉദ്യോഗമൊഴിഞ്ഞശേഷവും സമുദായത്തിൽ ജീവിക്കേണ്ടവരാണ്; പൗരസഞ്ചയത്തിന്റെ ഉൽക്കർഷാപകർഷങ്ങളിൽ പങ്കുകൊള്ളേണ്ടവരാണ്; സമുദായാദർശങ്ങളോടും താല്പര്യങ്ങളോടും മറുതലിച്ചു നിൽക്കേണ്ടവരല്ല. അങ്ങനെയിരിക്കെ, നിലവിലിരിക്കുന്ന പൗരാവകാശങ്ങളും പൗരസ്വാതന്ത്ര്യങ്ങളും നിശ്ശേഷം നശിപ്പിച്ചു, സമുദായത്തെ ഒന്നാകെ കമ്മ്യൂണിസത്തിന്റെ കരാളവക്ത്രത്തിൽ കൊണ്ടുചെന്നു ചാടിക്കുന്ന ആത്മഹത്യാപരമായ ദുർനയം, ജനകീയഭരണക്കൂടത്തിന്റെ നേതൃത്വംവഹിക്കുന്ന പൗരപ്രമുഖരും സമുദായസ്നേഹികളും ദീർഘാവലോകനവിചക്ഷണന്മാരുമായ മന്ത്രിപുംഗവന്മാർ സധൈര്യം വർജ്ജിച്ചു പുറംതള്ളി, അങ്ങനെ ബഹുജനങ്ങളുടെ ഹാർദ്ദവും ആത്മാർത്ഥവുമായ അഭിനന്ദനങ്ങൾ ആർജ്ജിച്ചു തൃപ്തിയടയുമെന്നു പ്രത്യാശിക്കുന്നു.

അനുബന്ധം

ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഭരണഘടനാവകുപ്പുകൾ:-

29 (1) ഇൻഡ്യയിലുള്ള ഏതൊരു വിഭാഗത്തിനും അവരുടെ പ്രത്യേകസംസ്കാരവും ഭാഷയും മററും സംരക്ഷിക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കും.

29 (2) സ്റ്റേററ് നടത്തുന്നതോ, സ്റ്റേററിൽനിന്നു സഹായധനം ലഭിക്കുന്നതോ ആയ യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിലും മതം, ജാതി, വർണ്ണം(caste), ഭാഷ ഇവയിലേതും പരിഗണിച്ചുമാത്രം യാതൊരു പൗരനും പ്രവേശനം നിഷേധിച്ചുകൂടാ.

30 (1) മതപരമോ, ഭാഷാപരമോ ആയ ന്യൂനപക്ഷങ്ങൾക്കു അവരുടെ ഹിതാനുസാരമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു ഭരിച്ചു നടത്തുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും.

30 (2) വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു സഹായധനം നൽകുന്നതിൽ, മതപരമോ ഭാഷാപരമോ ആയ ഒരു ന്യൂനപക്ഷത്തിന്റെ ഭരണത്തിലാണെന്നുള്ള കാരണത്താൽ, യാതൊരു വിദ്യാഭ്യാസസ്ഥാപനത്തിനും എതിരായി പക്ഷഭേദം കാണിക്കാൻ പാടുള്ളതല്ല.

41 ഓരോ സ്റ്റേററും അതിന്റെ സാമ്പത്തികകഴിവും അഭിവൃദ്ധിയും അനുസരിച്ചു. ജോലിസൗകര്യം, വിദ്യാഭ്യാസം ആദിയായവ ലഭിക്കുന്നതിനു പൗരന്മാർക്കുള്ള അവകാശം സാധിച്ചുകൊടുക്കേണ്ടതിനു പര്യാപ്തമായ ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

["സർവ്വാധിപത്യരാഷ്ട്രവും വിദ്യാഭ്യാസപ്രശ്നവും" എന്ന വിഷയത്തിന്റെ ആദ്യഭാഗം ഈ ലേഖനത്തോടുകൂടി അവസാനിച്ചിരിക്കുന്നു. രണ്ടാംഭാഗം 19-ാം ലക്കത്തിൽ ആരംഭിക്കുന്നതാണ്.]

# ക്രിസ്റ്റോഫേഴ്സ്

(ഫാദർ ജോസഫ് മാവുങ്കൽ)

കാഹളം ഊതിക്കൊണ്ടോ, പാർട്ടിപ്പതാക പാറിപ്പിച്ചുകൊണ്ടോ അല്ല, ക്രി
സ്റ്റോഫർ, പുരുഷനാകട്ടെ സ്ത്രീയാകട്ടെ, രംഗപ്രവേശം ചെയ്യുന്നതു്. അയാൾ തൻെറ ജോലിസ്ഥലത്തേക്കു—വയലിലേക്കോ, കച്ചവടപ്പീടികയിലേക്കോ, ഗവമ്മെൻറു ആഫീസിലേക്കോ, സ്കൂളിലേക്കോ, പ്രസ്സിലേക്കോ, കോടതിയിലേക്കോ, തൊഴിൽശാലയിലേക്കോ, വ്യവസായശാലയിലെ ഉടമസ്ഥപീഠത്തിലേക്കോ, സിനിമാശാലയിലേക്കോ—ശാന്തനായി പുറപ്പെടുന്നു. മററുള്ളവർ സത്യവും ധമ്മവും അവഗണിച്ചു സ്വാത്ഥലാഭത്തിനായി പ്രവത്തിക്കുമ്പോൾ ക്രിസ്റ്റോഫർ സത്യത്തിനും ധമ്മത്തിനും അനുസരണമായിമാത്രം പ്രവത്തിക്കുന്നു. ക്രിസ്റ്റോഫർ കച്ചവടക്കാരൻ, കരിഞ്ചന്തയെ ആശ്രയിക്കയില്ല; ക്രിസ്റ്റോഫർ കൃഷിക്കാരൻ, ശരിയായ കൂലികൊടുക്കാതിരിക്കയോ, ധനം വദ്ധിപ്പിക്കാൻ ധാന്യം കരിഞ്ചന്തയിൽ വില്ക്കുയോ ഇല്ല; ക്രിസ്റ്റോഫർ ഉദ്യോഗസ്ഥൻ, കൈക്കൂലി വാങ്ങാതിരിക്കയും, ജോലി സത്യസന്ധതയോടെ നിവ്വഹിക്കയും ചെയ്യും; ക്രിസ്റ്റോഫർ അദ്ധ്യാപകൻ, തൻെറ ശിഷ്യന്മാരെ യഥാത്ഥ ദൈവഭക്തരും സന്മാഗ്ഗനിരതരുമാക്കുവാൻ ശ്രമിക്കും; ക്രിസ്റ്റോഫർ പത്രാധിപർ, പ്രസ്സുടമസ്ഥൻ, നന്മയുടെ ഉപകരണമായി പത്രത്തെയും പ്രസ്സിനെയും വിനിയോഗിക്കും; ക്രിസ്റ്റോഫർ തൊഴിലാളി, കമ്മ്യൂണിസ്റ്റു് കൂട്ടുകെട്ടിൽപെടാതെ തൻെറ വ്യവസായശാലയുടെ ഉടമസ്ഥനോടും തൊഴിലിനോടും ഭക്തിയോടെ പ്രവത്തിക്കും; ക്രിസ്റ്റോഫർ മുതലാളി, തൊഴിലാളികളെ തൻെറ സഹപ്രവത്തകന്മാരും പങ്കുകാരുമായി പരിഗണിക്കും; ക്രിസ്റ്റോഫർ സിനിമാതീയേററർ ഉടമസ്ഥൻ, ചീത്തചിത്രങ്ങൾ തൻെറ സ്ക്രീനിൽ ഒരിക്കലും പ്രദശിപ്പിക്കയില്ല; ക്രിസ്റ്റോഫർ വക്കീൽ, കള്ളക്കേസ് പിടിച്ചു വാദിക്കയില്ല; ക്രിസ്റ്റോഫർ മന്ത്രി, ജനസാമാന്യത്തിനല്ലാതെ സ്വന്തക്കാർക്കുവേണ്ടി നിലകൊള്ളുകയില്ല.

അന്യർ വിപ്ലവം ഉണ്ടാക്കുമ്പോൾ, ക്രിസ്റ്റോഫർ സമാധാനത്തിനായി പ്രവത്തിക്കും. ശത്രുതയുടെ സ്ഥാനത്തു അവൻ സ്നേഹം വിതയ്ക്കും. അന്ധകാരത്തിലേക്കു അവൻ ഒരു കൈത്തിരിയുംകൊണ്ടു ചെല്ലും. മററുള്ളവർ പിഴുതെറിയുന്ന സനാതന സത്യങ്ങളെ അവൻ കൂടുതൽ നന്നായി നട്ടുപിടിപ്പിക്കാൻ ശ്രമിക്കും. അസാധാരണങ്ങളെക്കാൾ സാധാരണ കൃത്യങ്ങളാൽ കായ്യംകാണുകയാണു് ക്രിസ്റ്റോഫറുടെ പദ്ധതി. അവനുവേണ്ടതു ധൈയ്യത്തിൻെറയും സന്നദ്ധതയുടെയും ഉദാരമായ ഒരു ചൈതന്യവിശേഷമാണു്. അവൻ ഒരു മഹാ ത്യാഗിയായിരിക്കണം. മാവിൽപുളിയെന്നപോലെ, പാലിൽ ഉറവയെന്നപോലെ, ക്രിസ്റ്റോഫർ ശാന്തമായി, നിശ്ശബ്ദമായി എന്നാൽ നിസ്തന്ദ്രമായി, സ്ഥിരമായിത്തന്നെ പ്രവത്തിക്കുന്നു. ഒളിവും കള്ളവും കാപട്യവുമായി അവനു യാതൊരു വേഴ്ചയുമില്ല. അവൻ യാതൊരു കൈക്കൂലിയും, പ്രത്യേകാനുകൂല്യങ്ങളും അന്വേഷിക്കുന്നില്ല. പ്രശംസാപത്രവും പരിഗണനയും അവനുവേണ്ട. വിസ്മരിക്കപ്പെടുന്നതിലോ, തെററിദ്ധരിക്കപ്പെടുന്നതിലോ, പീഡയോ അപമാനമോ സഹിക്കുന്നതിലോ അവനു ഭയമില്ലെന്നല്ല, സംതൃപ്തിയാണു്. ക്രിസ്തു അവനെ എവിടെ നിയമിച്ചുവോ, ആ പ്രത്യേകസ്ഥലത്തു, ആ ജോലിസ്ഥലത്തു, ഒരു ക്രിസ്തുവാഹകനായി, ക്രിസ്തുവിൻെറ സിദ്ധാന്തങ്ങളുടെ, സനാതനസത്യങ്ങളുടെ, സാക്ഷിയായി നിലകൊള്ളുകയത്രെ അവൻെറ കത്തവ്യം. ശ്രദ്ധേയമായി, പ്രശംസയ്ക്കു് അർഹമായി, യാതൊന്നും ചെയ്തില്ലെങ്കിലും, അട്ടിമറിപ്പന്മാരോ, വിപ്ലവപ്രവത്തകന്മാരോ, കരസ്ഥമാക്കിയേക്കാവുന്ന ആ പ്രത്യേകസ്ഥലത്തു, അവൻ ഒരു കാവൽക്കാരനായി നിലകൊള്ളുന്നതുതന്നെ എത്ര മഹത്തായ ഒരു മനുഷ്യസേവനമാണെന്നു അവനറിയാം. എന്നാൽ ഫലം അതിലൊക്കെ എത്രയോ അധികം! എന്തുകൊണ്ടെന്നാൽ, തൻെറ പ്രാതിനിദ്ധ്യം വഹിച്ചു ഒരു ക്രിസ്റ്റോഫർ നിലകൊള്ളുന്നിടത്തു, ക്രിസ്തു അവനെ സ്വന്തം ആയുധമാക്കി പ്രവത്തിക്കുന്നു.

ഇങ്ങനെ ചെയ്യാൻ ഈ യുഗത്തിൽ ആളുകൾ ഉണ്ടാകുമോ?

ഇങ്ങനെ പ്രവത്തിക്കാൻ മനസ്സും സന്നദ്ധതയും ഉള്ളവരെ ഇന്നത്തെ സമുദായത്തിൽനിന്നു കണ്ടുകിട്ടുമോ? തീർച്ചയായും കിട്ടും. അനേകായിരങ്ങൾ ഇന്നു ക്രിസ്റ്റോഫർമാരായി രംഗപ്രവേശം ചെയ്തിട്ടുണ്ടു്. പദ്ധതിയുടെ സ്ഥാപകനും നേതാവുമായ ഫാദർ കെല്ലർ എഴുതിയിട്ടുള്ളതും ഇതിനകം ലക്ഷക്കണക്കിനു ചിലവായിട്ടുള്ളതും, ഇന്നും പലേ പതിപ്പുകളായി അനേകായിരം പ്രതികൾവീതം അച്ചടിക്കപ്പെടുന്നതുമായ "You Can Change the World", എന്ന സുപ്രസിദ്ധ ഗ്രന്ഥം വായിച്ചാൽ അറിയാം, ജനസാമാന്യത്തെ സ്വാധീനമാക്കുവാൻ സഹായിക്കുന്ന മണ്ഡലങ്ങളും ഉപകരണങ്ങളും കൈയടക്കി വിനിയോഗിച്ചുകൊണ്ടു ക്രിസ്റ്റോഫർമാരായി രംഗപ്രവേശം ചെയ്തിരിക്കുന്നവരുടെ സംഖ്യയും പ്രവത്തനങ്ങളും. അവരുടെ പ്രവത്തനവിജയം നമുക്കു ഉറപ്പുതരുന്നു, അവരുടെ സംഖ്യ ലക്ഷങ്ങളായി വദ്ധിക്കുമ്പോൾ, അവർ എല്ലാ രാജ്യങ്ങളിലും ഉണ്ടാകുമ്പോൾ, നാം ആശിക്കുന്ന സമാധാനസമ്പൂണ്ണമായ ഒരു യുഗത്തിനായി ഇന്നത്തെ ലോകം പരിവത്തിതമായിത്തീരുമെന്നു്. ഇങ്ങനെയുള്ള ആളുകളെ ഏതു നാട്ടിൽ തിരഞ്ഞാലും നൂറിനു ഒന്നുവീതമെങ്കിലും കിട്ടാതിരിക്കയില്ല എന്നുള്ളതു തീർച്ചയാണു്. കള പിഴുതുകളയാനുള്ള ഏററം നല്ലവഴി തൽസ്ഥാനത്തു നല്ലതായ വേറൊന്നിനെ നടുകയാണു്. തിന്മയുടെ കത്താക്കളെ ബഹിഷ്കരിക്കാൻ നമ്മുടെ കഴിവുകൾ ഉപയോഗിക്കുന്നതിൽ ഭേദം, നന്മയുടെ കത്താക്കളെ കുറേപ്പേരെയെങ്കിലും സമുദായമദ്ധ്യത്തിലേക്കു അയക്കുകയാണു്.

## തിന്മയെ നന്മയാൽ ജയിക്കുക

ലോകം മുഴുവനേയും, നമ്മുടെ നാടിനേയും, ഇന്നു ഭീഷണിപ്പെടുത്തുന്ന മഹാവിപത്തു ഭൗതികനിരീശ്വരത്വമാണു്. ഈ നിരീശ്വരത്വത്തിൻെറ ഒരു വിഭാഗംമാത്രമാണു, കമ്മ്യൂണിസം. നാളെ നേരംവെളുക്കുമ്പോൾ കമ്മ്യൂണിസം നാമാവശേഷമായാലും, നമുക്കു നേരിടാനുള്ള വിപത്തു നീങ്ങുന്നതല്ല. മറെറാരുതരത്തിൽ നരകദൂതന്മാരുടെ പ്രവത്തനം തുടരും. ലോകം അവസാനിക്കുന്നതുവരെ, നരകദൂതന്മാരെ നാം നേരിടേണ്ടിയിരിക്കുന്നു. അതിവിപുലമായ ഒരു സുവിശേഷവേല, ഒരു മിഷനറിവേല, കമ്മ്യൂണിസം അപ്രത്യക്ഷമായാലും നമുക്കു തുടരേണ്ടിയിരിക്കുന്നു. കഴിഞ്ഞ എഴുപത്തിയഞ്ചുകൊല്ലമായി മനുഷ്യവംശത്തിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന ആ ഭയങ്കരമായ അനാത്മീകരണം നമ്മുടെ ഈ യുഗത്തിൽ അതിൻെറ മൂദ്ധന്യം പ്രാപിക്കയാണെന്നുതോന്നുന്നു. ആ ഭൗതികനിരീശ്വരത്വം മനുഷ്യനെ കേവലം ഒരു മൃഗത്തിൻെറ നികൃഷ്ടാവസ്ഥയിലേക്കു അധഃപതിപ്പിക്കയും, അതിൻെറ ഫലമായി ദുരിതവും ശത്രുതയും വിപ്ലവവും കൂട്ടക്കൊലയും നാടൊട്ടുക്കു നടമാടുകയും ചെയ്യുന്നു.

എവിടെയെല്ലാം നിരീശ്വരന്മാർ തങ്ങളുടെ സവ്വാധിപത്യം സ്ഥാപിച്ചുവോ, അവിടെയെല്ലാം അവർ ആദ്യമായി ചെയ്തതു് അവിടത്തെ പൊതുജനങ്ങളുടെമേൽ സ്വാധീനം ചെലുത്താനുള്ള ഉപകരണങ്ങളും പ്രവത്തനകേന്ദ്രങ്ങളും കൈയടക്കുകയായിരുന്നു. ജീവിതത്തിൻെറ തെററായ ഒരു വശത്തെ ആകഷകമായ രീതിയിൽ ചിത്രീകരിച്ചു അവർ ജനചക്ഷുക്കളെ കാണിക്കയും, മനുഷ്യൻെറ പരമാന്ത്യത്തെ അവജ്ഞാപൂവ്വം വിസ്മരിക്കാൻ അവരെ പഠിപ്പിക്കയും ചെയ്തു. തദവസരത്തിൽ, ദൈവവിശ്വാസികളുടെ ആ മഹാഭൂരിപക്ഷം, തിന്മയെ നന്മയാൽ ജയിക്കുന്നതിനുപകരം, തങ്ങളെ നേരിട്ടതായ ഭയങ്കരപ്രശ്നങ്ങളുടെ നേരെ കണ്ണടച്ചിട്ട, നിഷ്പക്ഷതയുടെ ഇരുളടഞ്ഞ കോണിലേക്കു അവർ പിന്മാറിക്കളഞ്ഞു, "തിന്മയാൽ നിങ്ങൾ പരാജിതരാകരുതു്; നേരെമറിച്ചു തിന്മയെ നന്മയാൽ ജയിക്കുവിൻ," എന്ന വി. പൗലോസിൻെറ വാക്യം അവർ വീണ്ടുവിചാരിക്കേണ്ടതാണു്. നമ്മുടെ ഈ യുഗത്തിലെ ഭയങ്കരമായ ഈ ഭീഷണി, വെറും അന്യോന്യധാരണയേയും സഹതാപത്തേയുംകാൾ കൂടുതൽ, അന്തസ്സാരവിഹീനങ്ങളായ ചില പ്രകടനങ്ങളെക്കാൾ കൂടുതൽ, നമ്മിൽനിന്നു ആവശ്യപ്പെടുന്നു. "സവ്വജാതികളിലുംപെട്ട സവ്വജനങ്ങൾക്കും" തൻെറ മഹത്തായ സന്ദേശം നല്കിയല്ലാതെ നമ്മുടെ പ്രയത്നങ്ങളിൽ നിന്നു നാം പിന്മാറരുതെന്നു സമാധാനത്തിൻെറരാജാവു നമ്മോടാജ്ഞാപിക്കുന്നു.

അതിനാൽ, ക്രിസ്റ്റോഫർ പദ്ധതി എന്താണു്? സവ്വമനുഷ്യക്കും സമാധാനം വാഗ്ദാനം ചെയ്യുന്നതായ ആ മൗലിക—സനാതന—സത്യങ്ങളെ ചന്തസ്ഥലത്തേക്കു തിരിയെ കൊണ്ടുവരുവാൻ ഓരോ വ്യക്തിക്കുമുള്ള ചുമതലയെ സ്വയം ബോദ്ധ്യപ്പെടുത്തുകയും, അതനുസരിച്ചു പ്രവത്തിച്ചു തുടങ്ങുകയുമത്രെ. ഓരോ ക്രിസ്റ്റോഫറും ചന്തസ്ഥലത്തെ പൊടിയുടേയും ചൂടിൻെറയും ബഹളത്തിൻെറയും മദ്ധ്യത്തിലേക്കു്, പെരുവഴിയിലേക്കും ഇടവഴിയിലേക്കും, ഓരോരുത്തനായി, തനിച്ചു ക്രിസ്തുവിനെയും വഹിച്ചുകൊണ്ടു ചെല്ലുന്നു. അങ്ങനെ ഇന്നത്തെ ലോകത്തിൻെറ പാച്ചിലിനെ നന്മയ്ക്കായി അവനു ആവുന്നിടത്തോളം അവൻ തിരിച്ചുവിടുന്നു. "മനുഷ്യരെ ചൂണ്ടയിട്ടും വലയിട്ടും പിടിക്കുന്ന ഒരു മുക്കുവനാകുവാൻ" താൻ ക്രിസ്തുവിനാൽ വിളിക്കപ്പെട്ടിരിക്കുന്നുവെന്നു ഓരോ ക്രിസ്റ്റോഫറിനും അറിയാം. എന്നാൽ മത്സ്യം കിടക്കുന്നസ്ഥലത്തുനിന്നു രണ്ടുമൈൽ അകലെ നിന്നാൽ, വെറുതെ മത്സ്യം പിടിക്കുന്നതിനെപ്പററി സംസാരിച്ചുകൊണ്ടുനിന്നാൽ, തനിക്കു ഒരൊററ മത്സ്യത്തെയെങ്കിലും പിടിക്കാൻ സാധിക്കയില്ലെന്നും അവനറിയാം. (തുടരും)

For favours received



J. L. C.

---

ആലങ്ങാട്ടുപള്ളിയിൽ

## പരിശുദ്ധ അമലോത്ഭവമാതാവിൻെറ ദശനത്തിരുനാൾ അഥവാ തിരുമുടി ത്തിരുനാൾ

1950 ഡിസംബർ 7-ാംനു- തുടക്കം.
" 9-ാംനു- ഉച്ചതിരിഞ്ഞു വെസ്പര.
" 10-ാംനു- തിരുനാൾ.

തിരുനാൾപ്രസംഗം റവ. ഫാ. ജോസഫ് തോട്ടകത്തു്. B. A. B. T.
എന്നു്, വികാരി

---

## പുതിയമെത്രാന്മാർ

രണ്ടാഴ്ച്ചയ്ക്കകം ചങ്ങനാശേരി പാലാ രൂപതകളുടെ മെത്രാന്മാർ തിരിച്ചെത്തുന്നതാണെന്നറിയുന്നു. തിരുമേനിമാക്കു ഗംഭീരമായ സ്വീകരണങ്ങൾ നല്കുന്നതിനുള്ള ഒരുക്കങ്ങൾ ചങ്ങനാശേരിയിലും പാലായിലും ധൃതിയിൽ നടന്നുവരുന്നുണ്ടു്.

## നിര്യാതയായി

തിരു കൊച്ചി നിയമസഭയിലെ ഒരു വനിതാമെംബറായിരുന്ന ഡോക്ടർ മിസിസ് ടി. ഫ്രാൻസിസ് നവംബർ 22-ാംനു, 64-ാമത്തെ വയസ്സിൽ, പോഞ്ഞിക്കരയിലെ സ്വഭവനത്തിൽവച്ചു നിര്യാതയായിരിക്കുന്നു.

## LATEST NEWS

## പണിമുടക്ക് പിൻവലിച്ചു

കോട്ടയം, നവംബർ 28- എ. ടി. എസ്. എ വക്കിംഗ്കമ്മിററിയുടെ തീരുമാനമനുസരിച്ചു് അദ്ധ്യാപക പണിമുടക്കു താല്ക്കാലികമായി പിൻവലിച്ചിരിക്കുന്നു.

---

## വിനോദവീഥി

ഡോക്ടർ (നിർബന്ധബുദ്ധിയായ രോഗിയോടു്):

"നിങ്ങൾക്കു മരുന്നു കുറിച്ചു കുറിച്ചു ഞാൻ മടുത്തു. ഞാൻ പറയുന്നതുപോലെ താനൊന്നും ചെയ്യുകയില്ല. ഇനി താൻ ദാ, ആ കാണുന്ന കെട്ടിടത്തിൽ താമസിക്കുന്ന ഡോക്ടരെ ചെന്നു കാണുക."


രോഗി. "ഏമാനെ, അദ്ദേഹമൊരു മൃഗഡോക്ടരാണു്."

ഡോക്ടർ: "അതു അറിഞ്ഞുകൊണ്ടുതന്നെയാണു ഞാൻ പറഞ്ഞതു്."

* * *

റഷ്യയിലെ ഒരു ഗ്രാമീണവിദ്യാലയം പരിശോധിക്കുന്നതിനായി ചെന്ന നിരീശ്വരനായ ഇൻസ്പെക്ടർ ചോദിച്ചു: "ദൈവം ഉണ്ടെന്നാണോ നിങ്ങൾ പറയുന്നതു്? ഞാനിന്നാളൊരു വിമാനത്തിൽ കയറി വളരെ ഉയരത്തിൽ പറക്കുകയുണ്ടായി. എന്നിട്ടും ദൈവത്തിൻെറ യാതൊരു മരായയും ഞാൻ കണ്ടില്ലല്ലോ."

ഒരു ബാലിക: "വിമാനം താഴെവീണു, സാർ മരിച്ചുപോയിരുന്നെങ്കിൽ കാണുമായിരുന്നു."



"എടാ ഗൃഹപാഠമിട്ടുതന്ന ഈ ചെറിയ കണക്കും തെററിച്ച നിൻെറ തലയിൽ കളിമണ്ണു മാത്രമല്ലെ ഉള്ളു."

"എന്നെ തല്ലേണ്ട സാർ, ആ കണക്കു ചെയ്തതു് എൻെറപ്പച്ചനാണു്."

# സത്യദീപം

പത്രാധിപന്മാർ

റെവറൻറ് ഫാദർ ജെൻസിഞ്ഞോർ ജേക്കബ് തട്ടുങ്ങലുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 || ERNAKULAM. NOVEMBER 29 1950 || No. 15


# വിദ്യാഭ്യാസപ്രശ്നത്തെപ്പററി

## എറണാകുളം മെത്രാപ്പോലീത്താ തിരുമേനി

തിരു-കൊച്ചി വിദ്യാഭ്യാസപ്രശ്നം സംബന്ധിച്ച് എറണാകുളം മെത്രാപ്പോലീത്താ തിരുമേനി സ്വഭരണസീമയിൽപ്പെട്ട പള്ളികളിൽ വായിക്കുന്നതിനായി അയച്ചിരിക്കുന്ന ഇടയലേഖനം താഴെ ചേർക്കുന്നു:-

പള്ളിക്കും പള്ളിയുടെ ആവശ്യങ്ങൾക്കുമെന്നപോലെ പള്ളിക്കൂടങ്ങൾക്കുവേണ്ടിയും വലിയ ത്യാഗങ്ങൾ നമ്മൾ അനുഭവിക്കുന്നുണ്ടല്ലോ. കത്തോലിക്കാസഭ ഒരു അദ്ധ്യാപനസഭയാണ്. ലോകമെങ്ങുംപോയി പഠിപ്പിക്കുവാനുള്ള സന്ദേശമാണു നമ്മുടെ കർത്താവ് അവസാനമായി ശിഷ്യന്മാർക്കു നൽകിയിട്ടുള്ളത്. ദിവ്യഗുരുവിന്റെ ഈ അന്തിമോൽബോധനം ശിരസാവഹിച്ചുകൊണ്ടു ക്രിസ്തുമതത്തിന്റെ ആരംഭകാലംമുതൽതന്നേ, കാടന്മാരായി പല രാജ്യങ്ങളിലും നടന്നിരുന്ന മനുഷ്യർക്ക് അക്ഷരജ്ഞാനത്തിലും ശാസ്ത്രീയവിദ്യാഭ്യാസത്തിലും മതകാര്യങ്ങളിലും വേണ്ട ശിക്ഷണം നൽകി മാനസികസംസ്കാരത്തിനുള്ള മാർഗ്ഗം വെട്ടിത്തെളിച്ചു. രാജ്യത്തിന്റെ നന്മയ്ക്കും മനുഷ്യവർഗ്ഗത്തിന്റെ സമാധാനപരമായ പുരോഗതിക്കും പരമാന്ത്യപ്രാപ്തിക്കും കുട്ടികളുടെ ശരിയായ വിദ്യാഭ്യാസമാണ് അടിസ്ഥാനം. ആദിമശതകംമുതൽക്കുതന്നേ ഈ ജോലി തിരുസഭ ചെയ്തുപോന്നിരുന്നു. ആശ്രമങ്ങളോടും ദൈവാലയങ്ങളോടും അനുബന്ധിച്ചു വിദ്യാലയങ്ങളും നടത്തിപ്പോന്നു. കേംബ്രിഡ്ജ്, പാരീസ്, ബൊലോഞ്ഞ മുതലായ പ്രസിദ്ധ സർവ്വകലാശാലകൾ സ്ഥാപിച്ചു തിരുസഭയുടെ വിദ്യാഭ്യാസസേവനംവഴി അക്ഷരജ്ഞാനത്തിലും ശാസ്ത്രങ്ങളിലും പുരോഗതി പ്രാപിക്കാത്ത രാജ്യം ഇന്നു ഭൂമുഖത്തു കാണുകയില്ല. തിരുസഭയുടെ ഇന്നത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ എത്രയും ആശ്ചര്യജനകമായ ഒരു കാഴ്ചയായിത്തോന്നുന്നുണ്ടെങ്കിൽ, അതിലെത്രയേ ആശ്ചര്യജനകമായിരിക്കും പുറകോട്ടുപോകുമ്പോൾ. ലോകം ഇതു ശരിയായി ഗ്രഹിച്ചിട്ടുള്ളതാണ്. പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസു മാർപ്പാപ്പാ പറയുന്നു: "ചരിത്രസംഭവങ്ങൾ പഠിക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്യുന്നവരെല്ലാം വിദ്യാഭ്യാസവിഷയത്തിൽ തിരുസഭ ചെയ്തിട്ടുള്ള സേവനങ്ങൾ കണ്ടു ആശ്ചര്യപ്പെടും. ക്രിസ്തീയജീവിതത്തിനു അനേക തലമുറകളെ ഒരുക്കിക്കൊണ്ടും ധാരാളം സൽഫലങ്ങൾ എല്ലായിടത്തും വിളയിച്ചുകൊണ്ടും തിരുസഭ തനിക്കു ലഭിച്ചിരിക്കുന്ന ദിവ്യമായ ദൗത്യം എത്രയും മനോഹരമായി നിർവ്വഹിച്ചിരിക്കുന്നുവെന്നു കണ്ടും അവർ അത്ഭുതപ്പെടും." ദൈവത്തിൽനിന്നു അകലുവാൻ തുടങ്ങുന്ന രാജ്യങ്ങളൊഴിച്ചു ശേഷമെല്ലാ രാജ്യങ്ങളും തിരുസഭയുടെ സേവനത്തെ കാര്യമായി ഗണിച്ചു സർവ്വവിധ സഹായസഹകരണങ്ങളും ചെയ്തുവരുന്നുണ്ട്. ദൈവം പിതാവായിരിക്കണമെങ്കിൽ തിരുസഭ മാതാവായിരിക്കണമെന്നു വിശ്വസിക്കുന്നവരെല്ലാം തിരുസഭയുടെ വിദ്യാലയങ്ങളെ താൽപര്യപൂർവ്വം, പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു.

കുട്ടികൾ ജനിക്കുന്നതു പൗരന്മാരായിട്ടാണെന്നും അതിനാൽ കുട്ടികളുടെ ശിക്ഷണം രാഷ്ട്രത്തിന്റേതാണെന്നും സോഷ്യലിസപ്രണയികൾ വ്യാമോഹിക്കുന്നുണ്ട്. എന്നാൽ കുട്ടികൾ സർക്കാരിന്റേതല്ല. ഒരാൾ പൗരനാകുന്നതിനുമുമ്പു കുട്ടിയായി ജനിക്കുകയാണു ചെയ്യുന്നത്. കുട്ടിയായി ജനിക്കുന്നതു രാഷ്ട്രം വഴിയല്ല, മാതാപിതാക്കന്മാർ വഴിയാണ്. പതിമൂന്നാം ലെയോൻ പാപ്പാ പറയുന്നു: "കുട്ടികൾ പിതാവിന്റെ ഒരു ഭാഗമാണ്; അഥവാ പിതാവിന്റെ വ്യക്തിവിലാസത്തിന്റെ തുടർച്ചയാണ്. ആകയാൽ കണിശമായ ഭാഷയിൽ സംസാരിക്കുകയാണെങ്കിൽ, കുട്ടികൾ രാഷ്ട്രത്തിന്റെ ഭാഗമാകുന്നതു തങ്ങളുടെ സ്വന്തം വ്യക്തിത്വം വഴിയല്ല പ്രത്യുത അവർ ജനിച്ച കുടുംബംവഴിയാണ്… …അതിനാൽ രാഷ്ട്രത്തിനു ഇല്ലാതാക്കാവുന്നതോ അല്ലെങ്കിൽ സ്വന്തമാക്കിത്തീർക്കാവുന്നതോ അല്ല പിതാവിനുള്ള അധികാരം. മനുഷ്യജീവിതത്തിന്റെ ഉൽപത്തിസ്ഥാനം തന്നെയാണു പിതാവിനു കുട്ടികളുടെ മേലുള്ള അധികാരത്തിന്റേയും നിദാനം… …അതിനാൽ ഈ വിഷയത്തിൽ മാതാപിതാക്കന്മാർക്കുള്ള അവകാശം ആരും അപഹരിച്ചെടുക്കാതിരിക്കുവാനും അവരുടെ നിയന്ത്രണത്തിൽത്തന്നെ കുട്ടികളുടെ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോകുവാനുംവേണ്ടി എല്ലാ പരിശ്രമങ്ങളും ചെയ്യുവാൻ അവർക്കു കടമയുണ്ട്."

ലെയോൻ മാർപ്പാപ്പായുടെ ഈ വാക്കുകൾ എത്രയും വ്യക്തമാണ്. കുട്ടികളുടെ പ്രഥമവിദ്യാലയം ഗൃഹമാണ്. അനന്തരവിദ്യാഭ്യാസവും ഗൃഹവിദ്യാഭ്യാസത്തിന്റെ തുടർച്ചയാകണം; അഥവാ മാതാപിതാക്കന്മാരുടെ അഭീഷ്ടത്തിനു അനുയോജ്യമായ വിദ്യാഭ്യാസമാണു കുട്ടികൾക്കു നല്കേണ്ടതു്. ഈ ജോലി തന്നെത്താൻ നിർവ്വഹിക്കുവാൻ ഒരു കുടുംബക്കാർക്കും സാധ്യമല്ലാത്തതിനാൽ സമുദായത്തിന്റെ സഹായം മാതാപിതാക്കന്മാർ ആവശ്യപ്പെടുന്നു. തങ്ങളുടെ മക്കളെ ഏല്പിക്കുവാൻ, തങ്ങളുടെ സ്ഥാനം ശരിയായി വഹിക്കുവാൻ തക്ക വിശ്വസ്തരായ ഗുരുക്കളെ അവർ അന്വേഷിക്കുന്നു. വത്സലയായ ഒരമ്മയെപ്പോലെ ഈ കുട്ടികളെ സ്വീകരിക്കുവാൻ തിരുസഭ മുമ്പോട്ടുവരുന്നു. മതത്തെ അവഗണിക്കുകയോ അല്ലെങ്കിൽ അവഹേളിക്കുകയോ ചെയ്യുന്ന ഗവമ്മെൻറുകൾ സ്ഥാപിച്ചു നടത്തുന്ന വിദ്യാലയങ്ങളെക്കാൾ മാതാപിതാക്കന്മാർക്കു വിശ്വസ്തമായിത്തോന്നുന്നു തിരുസഭ സ്ഥാപിച്ചുനടത്തുന്നവ. അതിനാൽ അവ ധാരാളമായി ഉണ്ടാകണമെന്നു ക്രിസ്തീയമാതാപിതാക്കന്മാർ ആഗ്രഹിക്കുന്നതു സ്വാഭാവികവാസനമാത്രമാണല്ലോ. എല്ലാത്തരത്തിലുമുള്ള വിദ്യാലയങ്ങളും സ്ഥാപിച്ചു നടത്തുവാനുള്ള അവകാശം തിരുസഭയ്ക്കുണ്ടെന്നു 1375-ാമത്തെ കാനനിൽ തിരുസഭ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. വിശ്വാസത്തെ സംരക്ഷിക്കുവാനുള്ള "ഹോളി ഓഫീസ്" എന്ന തിരുസംഘം പറയുന്നു: "കത്തോലിക്കർക്ക് അവരുടെ സ്വന്തം സ്കൂളുകൾ എല്ലായിടത്തും ഉണ്ടായിരിക്കേണ്ടതാണ്. ……കത്തോലിക്കാ വിദ്യാലയങ്ങളുണ്ടാക്കി നടത്തുവാൻ ആവുംവിധമെല്ലാം ശ്രദ്ധപതിക്കാത്തവരുടെ കൃത്യവിലോപം ഗൗരവാവഹമാണ്." പള്ളിക്കൂടങ്ങൾ സ്ഥാപിച്ചുനടത്തുവാൻ മതപരമായ അവകാശംമാത്രമല്ല നമ്മൾക്കുള്ളതു; ന്യൂനപക്ഷങ്ങൾക്കെല്ലാം ഈ അവകാശം ഇന്ത്യയുടെ ഭരണഘടനയിൽത്തന്നെ അനുവദിച്ചു നല്കിയിട്ടുണ്ട്. കഴിവുണ്ടെങ്കിൽ ഓരോ സ്റ്റേയിറ്റും വിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു ന്യൂനപക്ഷങ്ങൾക്കു ധനസഹായം ചെയ്യണമെന്നുകൂടെ ഭരണഘടന അനുശാസിച്ചിട്ടുണ്ട്.

തിരുസഭ ചെയ്യുന്ന ഈ സേവനം രാഷ്ട്രത്തിനു വലിയ ഒരനുഗ്രഹമാണ്. ഈശ്വരവിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിരുദ്ധമല്ലാത്ത വിദ്യാഭ്യാസം നല്കുവാൻ തിരുസഭയ്ക്കുള്ള ഉൽക്കണ്ഠ ഒരു ഗവമ്മെൻറിനും ഉണ്ടാകയില്ലെന്നു തീർച്ചയാകയാൽ നമ്മുടെ വിദ്യാലയങ്ങൾ എല്ലാജാതി ജനങ്ങൾക്കും പ്രിയംകരമായിരുന്നു. ഇപ്പോഴും അങ്ങനെയാണ്. നമ്മുടെ വിദ്യാലയങ്ങളിലെ അന്തരീക്ഷം ആർക്കും ഒരു വീർപ്പുമുട്ടലിനു ഇടയാക്കിയിട്ടില്ലെന്നു മാത്രമല്ല അനേകം ഹൈന്ദവനേതാക്കന്മാർ ഈ അന്തരീക്ഷത്തിൽ അത്യധികം പുഷ്ടിമ പ്രാപിച്ചിട്ടുമുണ്ട്. കാര്യബോധമുള്ളവരാരും നമ്മുടെ വിദ്യാലയങ്ങളിൽ ഇതരമതസ്ഥർക്കു സ്വീകാര്യമല്ലാത്ത ഒരു പ്രതിബന്ധവും കണ്ടിട്ടുള്ളതായി പറഞ്ഞുകേട്ടിട്ടില്ല. അത്രയ്ക്കു സൂക്ഷ്മത്തോടും ഇതരമതസ്ഥരുടെ വികാരങ്ങളെ ബഹുമാനിച്ചുമാണ് നമ്മുടെ വിദ്യാലയങ്ങൾ നാം നടത്തിയിട്ടുള്ളതും നടത്തിക്കൊണ്ടിരിക്കുന്നതും. അതിനാൽ സത്യം മറച്ചുവച്ചു വർഗ്ഗീയവാദം പുലർത്തിക്കൊണ്ടുവരുന്നവരൊഴിച്ചു മററു യാതൊരുത്തരും നമ്മുടെ പള്ളിക്കൂടങ്ങളെ എതിർക്കുകയോ അവയുടെ നിലനിൽപ്പു അപകടത്തിലാക്കുകയോ ചെയ്കയില്ലെന്നാണ് നമ്മുടെ പ്രതീക്ഷ.

എന്നുവരികിലും കുറേകൊല്ലങ്ങളായി നമ്മുടെ പള്ളിക്കൂടങ്ങളുടെ സ്ഥിതി എത്രയും ശോചനീയമായിത്തീർന്നിട്ടുണ്ട്. കൊല്ലന്തോറും കൂട്ടിച്ചേർത്തുപോരുന്ന നിബന്ധനകളുടെ കാഠിന്യത്താൽ നമ്മുടെ വിദ്യാലയങ്ങൾ ഒരുതരം സർക്കാർവിദ്യാലയങ്ങൾപോലെ ആയിത്തീരുവാൻ തുടങ്ങിയിരിക്കയാണ്—അവർ നിശ്ചയിക്കുന്ന പാഠപ്പുസ്തകം, പാഠ്യപദ്ധതി, അദ്ധ്യാപകയോഗ്യത, പരീക്ഷകൾ, ഫീസുനിരക്ക്. അദ്ധ്യയനസമയത്തിനുള്ളിൽ യാതൊരു മതപഠനത്തിനും സ്ഥാനവുമില്ല. ഇവയെല്ലാം നിർബന്ധതിന്മകളായി നാം സ്വീകരിച്ചു. ഇപ്പോളിതാ നമ്മുടെ വിദ്യാലയങ്ങളിലെ ഫീസുവരവിൽ 80 ശതമാനം സർക്കാരിന്റെ പേരിൽ സർക്കാർ ഖജനാവിൽ നിക്ഷേപിക്കണമെന്നും അദ്ധ്യാപകന്മാരെ സർക്കാർ തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽനിന്നും നിയമിക്കണമെന്നും വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. ആഗസ്റ്റ് 19-ാം തീയതിയിലേയും നവംബർ 2-ാം തീയതിയിലേയും ഗവമ്മെൻറു പ്രഖ്യാപനങ്ങളിൽനിന്നാണ് ഈ സംഗതികൾ കൃത്യമായി നാം മനസ്സിലാക്കിയതു്.

പുതിയ ഈ വ്യവസ്ഥകൾ മലയാളത്തിലേ വൈദികമേലദ്ധ്യക്ഷന്മാരുടെ പരിചിന്തനത്തിനു പലപ്രാവശ്യം ഇതിനകം വിധേയമായി. വാദ്ധ്യാന്മാർക്കു കൂടുതലായ ശമ്പളം ലഭിക്കുവാനുള്ള മാർഗ്ഗം ഗവമ്മെൻറു പദ്ധതിയിൽ കണ്ടതിനാൽ എത്രയും അനുഭാവത്തോടെയാണു പദ്ധതിയുടെ ഗുണദോഷങ്ങൾ ചർച്ച ചെയ്തതു്. വിട്ടുവീഴ്ചകൾ ചെയ്യാവുന്നിടത്തോളം ചെയ്യണമെന്നു നിശ്ചയിച്ചുകൊണ്ടാണ് എല്ലാവരും പദ്ധതിയുടെ വിവിധവശങ്ങൾ ചർച്ചചെയ്തതു്. ഭരണഘടന അനുവദിച്ചുതന്നിരിക്കുന്ന അവകാശങ്ങളും സ്വാഭാവികനിയമമനുസരിച്ചു നമുക്കു ലഭിക്കുന്ന സ്വാതന്ത്ര്യവും നിഷേധിക്കുന്ന ഒരു പദ്ധതിയായിട്ടാണ് അതു പ്രത്യക്ഷമായതു്. നമ്മുടെ വിദ്യാലയങ്ങളിലെ ഫീസുവരവു നമ്മളുടേതാകയാൽ അതു നമ്മളിൽനിന്നു എടുക്കുവാനോ, അഥവാ അതെടുത്തു ശമ്പളച്ചെലവുകഴിഞ്ഞു മിച്ചമുണ്ടെങ്കിൽ മററു വിദ്യാലയങ്ങൾക്കായി ഉപയോഗിക്കുവാനോ, പാടുള്ളതല്ല. ഫീസുവരവു സ്വകാര്യ ഉടമയിൽ ഉൾപ്പെടുന്ന ഒരിനമാണ്. എന്നുമാത്രമല്ല, ഫീസുവരവു ഗവമ്മെൻറിനെ ഏല്പിച്ചുകഴിഞ്ഞതിനുശേഷം, വിദ്യാലയങ്ങളിൽ മാനേജർക്ക് എന്തു സ്ഥാനമാണുണ്ടാകുവാൻപോകുന്നതു? ലൗകികകാര്യങ്ങളിൽ ധനവിനിമയാധികാരമുള്ളയാൾക്കു മാത്രമേ പ്രസ്തുത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നിയന്ത്രിക്കുവാൻ കഴിയൂ. തന്മൂലം ഫീസുവരവു സർക്കാരിന്റെ മുതലാക്കി വിട്ടുകൊടുത്തുകഴിഞ്ഞാൽ മേലിൽ സ്കൂളുകൾ നമ്മളുടേതാണെന്നു പറഞ്ഞിട്ടു പ്രയോജനമില്ല. സ്കൂൾകെട്ടിടവും പറമ്പും നമ്മളുടേതാണെന്നേ പറയാവൂ. കേടുകൾ പോക്കാനും പുതിയ കെട്ടിടങ്ങൾ പണിതു ചേർക്കുവാനും അദ്ധ്യാപകരുടേയും ഡിപ്പാർട്ടുമെൻറിന്റേയും ആക്ഷേപങ്ങൾക്കു ഉത്തരം പറയുവാനും മാത്രം മാനേജർ കടപ്പെട്ടിരിക്കും. ചുരുക്കത്തിൽ നമ്മൾക്കു ത്യാഗം മാത്രവും നിയന്ത്രണാധികാരം സമസ്തവും സർക്കാരിനും.

അദ്ധ്യാപകനിയമനമാണ് കൂടുതൽ പ്രാധാന്യമർഹിക്കുന്ന സംഗതി. അദ്ധ്യാപകരുടെ പഠനയോഗ്യത ഗവമ്മെൻറിനു നിശ്ചയിക്കാവുന്നതാണെങ്കിലും അവർക്കു അവരുടെ കാര്യക്ഷമത, പ്രയത്നം മുതലായതു നോക്കി പ്രൊമോഷൻ നല്കുക, ശിക്ഷണം മുതലായതിലുള്ള ദൂഷ്യംകൊണ്ടു പിരിച്ചുവിടുകയോ മററോ ചെയ്യുക എന്നീ കാര്യങ്ങളിൽ സ്വാതന്ത്ര്യമില്ലാത്തിടത്തോളം കാലം നമ്മളുടെ വിദ്യാലയങ്ങളിൽ നമ്മൾ വിചാരിക്കുന്നതരത്തിലുള്ള ഒരു ശിക്ഷണം നല്കുവാൻ പ്രയാസമായിട്ടാണു ഇരിക്കുന്നതു്. നിലവിലിരിക്കുന്ന വ്യവസ്ഥകൾപോലും മേല്പറഞ്ഞ സ്വാതന്ത്ര്യം നമുക്കു നല്കുന്നില്ല. അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു നിയമിക്കുന്നതിൽ അവശേഷിച്ചിരുന്ന സ്വാതന്ത്ര്യവുംകൂടെ പുതിയ പദ്ധതി എടുത്തുകളയുന്നു. സർക്കാർ തയാറാക്കുന്ന ഒരു ലിസ്റ്റിൽനിന്നുമാത്രം അദ്ധ്യാപകരെ തിരഞ്ഞെടുക്കുവാൻ നിർബന്ധിതരാകുകയും പ്രൊമോഷനും പിരിച്ചുവിടലും സംബന്ധിച്ച പഴയ നിയമങ്ങൾ ഒന്നുകൂടെ ഉറപ്പിക്കുകയും ചെയ്തുകഴിഞ്ഞതിനുശേഷം നമ്മളുടെ വിദ്യാലയങ്ങളെന്നു നമ്മൾ പറഞ്ഞിട്ടെന്തു പ്രയോജനം. അതുകൊണ്ടാണു വൈദികമേലദ്ധ്യക്ഷന്മാരുടെ നവംബർ 10-ാം തീയതിയിലേ പ്രസ്താവനയിൽ ഈ പദ്ധതി സ്വീകരിച്ചാൽ നമ്മളുടെ സ്കൂളുകൾ താഴന്നപടിയിൽനില്ക്കുന്ന സർക്കാർ സ്കൂളുകളായി തരംതാഴുമെന്നു പ്രസ്താവിച്ചിട്ടുള്ളതു്. സർക്കാരിനെ ഫീസുവരവു ഏല്പിച്ചു സർക്കാർ നല്കുന്ന വാദ്ധ്യാന്മാരോടും ഹെഡ്മാസ്റ്ററോടും പാഠപദ്ധതിയോടും പാഠപ്പുസ്തകങ്ങളോടു കൂടെ സർക്കാരിൽനിന്നു നടത്തുന്ന പരീക്ഷകൾക്കു വിധേയമായി വർത്തിക്കുന്ന നമ്മുടെ സ്കൂളുകളും സർക്കാർസ്കൂളുകളും തമ്മിൽ മേലിൽ എന്തു വ്യത്യാസമുണ്ടായിരിക്കുമെന്നു ചോദിച്ചാൽ സർക്കാർ സ്കൂളുകൾ സർക്കാർകെട്ടിടങ്ങളിലും നമ്മളുടെ സ്കൂളുകളെന്നു പറയുന്നവ നമ്മൾ പണിയിച്ചുകൊടുക്കുന്ന കെട്ടിടങ്ങളിലുമായിരിക്കുമെന്നതിനും പുറമെ സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരെക്കാൾ കുറഞ്ഞ ശമ്പളത്തോടുകൂടെ സർക്കാരിൽനിന്നു നല്കുന്ന കുറെ വാദ്ധ്യാന്മാർ നമ്മളുടെ സ്കൂളിൽ ഉണ്ടായിരിക്കുമെന്നൊരന്തരമേ ചൂണ്ടിക്കാണിക്കാനുള്ളു.

ഈ കാരണങ്ങളാൽ മലയാളത്തുള്ള മൂന്നു മെത്രാപ്പോലീത്താന്മാരുംകൂടി ഒക്ടോബർ 17-ാംനു- നല്കിയ പ്രസ്താവനയിൽ വ്യക്തമായിപ്പറഞ്ഞിരുന്നു ഫീസുവരവു സർക്കാരിന്റേതായി അടയ്ക്കുകയില്ലെന്നും അദ്ധ്യാപകനിയമനസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന ലിസ്റ്റു സ്വീകരിക്കുവാൻ മാർഗ്ഗമില്ലെന്നും. എന്നുവരികിലും അദ്ധ്യാപകരുടെ ഗുണം വിചാരിച്ച് അവരുടെ ശമ്പളവർദ്ധനവിനു തടസ്സമാകാതിരിക്കുവാൻ നവംബർ 10-ാംനു- സമ്മേളിച്ച വൈദികമേലദ്ധ്യക്ഷന്മാരുടെ കോൺഫറൻസിൽ നിശ്ചയിച്ചു അദ്ധ്യാപകനിയമനസ്വാതന്ത്ര്യം ഒരു വിധത്തിലും കൂടുതൽ നിയന്ത്രിക്കാതിരിക്കയാണെങ്കിൽ ഫീസുവരവിൽ 80 ശതമാനം മാനേജരുടെ വകയായി അദ്ധ്യാപകശമ്പളം കൊടുക്കുന്നതിനു വിട്ടുകൊടുക്കാമെന്നു്. ആ പദ്ധതിയും ഗവമ്മെൻറ് തിരസ്കരിച്ചിരിക്കുന്നു. വൈദികമേലദ്ധ്യക്ഷന്മാരുടെ സഹകരണവാഗ്ദാനം ഗവമ്മെൻറു സ്വീകരിക്കാത്തതിനാൽ നവംബർ10-ാംനു-യിലെ പ്രസ്താവനയിൽചെയ്തിട്ടുള്ള വിട്ടുവീഴ്ചകൾകൂടെ വൈദികമേലദ്ധ്യക്ഷന്മാർ തിരസ്കരിച്ചതായി പരിഗണിക്കണമെന്നാണ് ആ പ്രസ്താവനയിൽത്തന്നേ പ്രസ്താവിച്ചിട്ടുള്ളതു്.

ഇങ്ങനെ നമ്മളെ സർക്കാർ ഒരു ദുർഘടസന്ധിയിൽ എത്തിച്ചിരിക്കുന്നു. തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ അദ്ധ്യാപകർ പണിമുടക്കു നടത്തിക്കൊണ്ടുമിരിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിനു പ്രതിബന്ധം വന്നിരിക്കുന്നു. എത്രയും ഉൽകണ്ഠാകുലമായ ഈ സാഹചര്യങ്ങളിൽ നമ്മളുടെ ഹൃദയതാപം നിങ്ങളേവരേയും അറിയിക്കാതിരിക്കുവാൻ നമുക്കു സാദ്ധ്യമല്ല.

അദ്ധ്യാപകരോടു നാം പൈതൃകമായി ഉപദേശിക്കുന്നു, വൈദികമേലദ്ധ്യക്ഷന്മാരുടെ നവംബർ10-ാംനു-യിലെ സംയുക്തപ്രസ്താവനയിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ പണിമുടക്കു സന്മാർഗ്ഗനിയമത്തിനവിരുദ്ധമാണെന്നു്. ഒരു യന്ത്ര

ശാലയിലെ തൊഴിലാളികളെപ്പോലെയല്ല അദ്ധ്യാപകർ. വിദ്യാലയം ഒരു നെയ്ത്തുശാലയോ, ഒരു ഓട്ടുകമ്പനിയോ, ഒരു കയർഫാക്ടറിയോ അല്ല. ഒരു പരിശുദ്ധരംഗമാണു പള്ളിക്കൂടം. കുട്ടികൾക്കു അക്ഷരജ്ഞാനത്തിലും ശാസ്ത്രത്തിലും വിശിഷ്യ സ്വഭാവരൂപവൽകരണത്തിലും ശിക്ഷണം നല്കുവാനുള്ള ഒരു സ്ഥലമാണ്. ആ പരിശുദ്ധരംഗത്തിലെ പ്രധാനപ്രവർത്തകരാണ് അദ്ധ്യാപകർ. പണിമുടക്ക് അക്രമരഹിതമാണെങ്കിലും ഒരു വിപ്ലവംതന്നെയാണ്. വിദ്യാലയരംഗത്താകയാൽ ആ വിപ്ലവം വലിയ ഒരു വിപ്ലവമാണ്. ഭക്ഷണസാധനങ്ങൾ ഒരുക്കിക്കൊടുക്കുവാനും സംവഹിച്ചുകൊണ്ടുപോരുവാനും നിയുക്തരായവർ പണിമുടക്കുന്നതു പാപമാകുന്നതുപോലെ കുട്ടികളുടെ മാനസികഭക്ഷണം ഒരുക്കിക്കൊടുക്കുന്ന അദ്ധ്യാപകരുടെ പണിമുടക്കു പാപമാണ്, വിദ്യാർത്ഥികൾക്കു ഒരു ദുർമ്മാതൃകയുമാണ്. ഇങ്ങനെ അവർ തങ്ങളുടെയും അവരുടേയും ആത്മരക്ഷയ്ക്കു വിഘാതം വരുത്തുന്നു. കുട്ടികൾക്കു ഉതപ്പുകൊടുക്കുന്നവർക്കു ദുരിതം എന്ന കർത്താവിന്റെ ഭയങ്കരമായ വാക്കുകൾ ഇവർ ഓർക്കേണ്ടതാണ്. ഒരു കാര്യംകൂടി നിങ്ങൾ സ്മരിക്കണം. സ്കൂൾ മാനേജർമാർ നേരിട്ടു അദ്ധ്യാപകരോടു ചെയ്യുന്ന ഒരു കുററത്തിന്നല്ല അദ്ധ്യാപകർ പണിമുടക്കുന്നതു; പ്രത്യുത സർക്കാർ ആവശ്യപ്പെടുന്നതും അന്യായമാണെന്നു മാനേജർമാർക്കും പൊതുജനങ്ങൾക്കും അറിയാവുന്നതും മൗലികാവകാശങ്ങൾക്കു വിരുദ്ധവുമായ ഒരു വ്യവസ്ഥ മാനേജർമാർ സ്വീകരിക്കാത്തതാണു പണിമുടക്കിനു അടിസ്ഥാനം. കത്തോലിക്കാവിദ്യാലയങ്ങളുടെ നിലനില്പിനെ അപകടത്തിലാക്കുന്ന വ്യവസ്ഥകളാണു ഗവമ്മെണ്ടു കൊണ്ടുവന്നിട്ടുള്ളതു്. ആ വ്യവസ്ഥകൾ സ്വീകരിക്കുവാൻ തിരുസഭാധികാരികളെ പണിമുടക്കുവഴി നിർബന്ധിക്കുന്നതു തിരുസഭയോടുള്ള ആദരത്തിനും സന്മാർഗ്ഗനിയമങ്ങൾക്കും വിരുദ്ധമാണ്. കമ്മ്യൂണിസ്റ്റുതത്വങ്ങൾ സ്വീകരിച്ചിട്ടുള്ള ചില അദ്ധ്യാപകരുടെ പ്രേരണകൊണ്ടുകൂടിയല്ലേ ഈ പണിമുടക്കിനു കത്തോലിക്കാദ്ധ്യാപകരിൽ ചിലർ സമ്മതം കൊടുത്തതെന്നു സ്വയം പരിശോധിക്കുന്നതു നന്നായിരിക്കും. അതിനാൽ പ്രിയ അദ്ധ്യാപകരേ, നിങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി ന്യായമായി നടത്തുന്ന സമാധാനപൂർവ്വകമായ അവകാശവാദങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ നാം തയ്യാറാണെങ്കിലും പണിമുടക്കു ഒരു വിധത്തിലും നീതീകരിക്കാവുന്നതല്ലെന്നു ആവർത്തിച്ചുപറയുന്നു. നിങ്ങൾക്കായി ഫീസുവരവിൽ 40 ശതമാനം ഏതെങ്കിലും ഒരു ബാങ്കിൽ മാനേജരുടെ പേരിൽ നിക്ഷേപിക്കുവാനും ആ സംഖ്യ നിങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുവാനും അതു ഗവമ്മെൻറു അറിവോടുകൂടെ വേണമെന്നു നിങ്ങൾ താൽപര്യപ്പെടുന്നെങ്കിൽ അപ്രകാരം ചെയ്യുവാനും നിബന്ധിക്കുന്നതായ ഒരു വ്യവസ്ഥ പാലിക്കാൻ നാം തയ്യാറാണ്. ഇതിൽ കൂടുതലായ നിയന്ത്രണം നിങ്ങൾ ആവശ്യപ്പെടുന്നതു നമ്മുടെ വിദ്യാലയങ്ങളിൽ നമുക്കുള്ള ഉടമസ്ഥാവകാശത്തിന്റെ നിഷേധവും സ്കൂളുകൾ സർക്കാരിന്റേതാക്കുവാൻ നിയമംകൂടാതെയുള്ള ഒരു പരിശ്രമവുമാണ്. ആകയാൽ പ്രിയമക്കളേ, നമ്മുടെ ഫീസുവരവു സർക്കാരിനെ ഏല്പിക്കുവാനും നമ്മുടെ വിദ്യാലയങ്ങളിൽ സർക്കാരുണ്ടാക്കുന്ന ലിസ്റ്റിൽപ്പെട്ട വാദ്ധ്യാന്മാരെ നിയമിക്കുവാനും നിർബന്ധിക്കുന്ന പുതിയ പദ്ധതിയിൽ സഹകരിച്ചു നിങ്ങളുടെ മനസ്സാക്ഷിയെ നിങ്ങൾ വഞ്ചിക്കാതിരിക്കുക. ഭൂരിപക്ഷം അദ്ധ്യാപകർ പണിമുടക്കൊന്നുംകൂടാതെ ശാന്തമായി വേല ചെയ്തുകൊണ്ടിരിക്കുന്നുവെന്നതും പണിമുടക്കു ഉണ്ടായ സ്ഥലങ്ങളിൽത്തന്നെ പല അദ്ധ്യാപകരും പണിമുടക്കു നിറുത്തി സ്കൂൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നുവെന്നതും ആശ്വാസകരമാണ്. പ്രസ്തുതാദ്ധ്യാപകരെയെല്ലാം നാം അനുമോദിക്കുകയും തങ്ങളുടെ സഹോദരരെ ഈ പണിമുടക്കിൽനിന്നു പ്രതിനിവർത്തിക്കുവാൻ അവരുടെ കഴിവുകൾ വിനിയോഗിക്കണമെന്നു നാം ഹൃദയപൂർവ്വം ഉപദേശിക്കുകയും ചെയ്യുന്നു.

പ്രിയ കുട്ടികളേ, നിങ്ങളിൽ ചില‍ർ ചില അദ്ധ്യാപകരുടെ ഉപദേശം കേട്ടു സ്കൂൾ നടത്തിപ്പു തടയുന്നതായി പറഞ്ഞു കേൾക്കുന്നുണ്ടു്. നിങ്ങൾ വലിയവരുടെ തർക്കങ്ങളിലും വാദങ്ങളിലും പ്രവേശിക്കേണ്ടവരല്ല. തൽകാലം നിങ്ങളുടെ ചുമതല, പഠിച്ചു സമർത്ഥരും നല്ല പൗരന്മാരുമാകുകയാണ്. അതിനാൽ നിങ്ങൾ ഒരുവിധത്തിലും ഒരുതരം പണിമുടക്കിനും രംഗത്തിറങ്ങരുതു്. അന്യായമായ നിയമങ്ങൾപോലും പാപമല്ലെങ്കിൽ നിങ്ങൾ അനുസരിക്കുകയല്ലാതെ പഠിപ്പുമുടക്കി അസമാധാനമുണ്ടാക്കരുതെന്നു നിങ്ങളുടെ പ്രിയ പിതാവിന്റെ നിലയിൽ നിങ്ങളെ നാം ഉപദേശിക്കുന്നു. നമ്മുടെ വിദ്യാലയങ്ങളുടെ നിലനില്പിനും വിജയത്തിനുംവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. മാതാപിതാക്കന്മാർ തങ്ങളുടെ കുട്ടികളെ വേണ്ടപോലെ നിയന്ത്രിക്കുകയും വേണം. കുട്ടികളുടെ പഠനവും സ്വഭാവരൂപീകരണവും സംബന്ധിച്ചു അവർക്കുള്ള കടമകൾ അവർ വിസ്മരിക്കുകയില്ലെന്നു നാം പ്രതീക്ഷിക്കുന്നു.

കത്തോലിക്കാനേതാക്കന്മാരേ, പ്രിയ ജനങ്ങളേ, നിങ്ങൾക്കു അറിയാമല്ലോ എത്ര ത്യാഗങ്ങൾ സഹിച്ചുകൊണ്ടാണു നമ്മുടെ സ്കൂളുകൾ നാം സ്ഥാപിക്കുന്നതെന്നും നടത്തിക്കൊണ്ടുപോകുന്നതെന്നും. അവ നശിക്കാതിരിക്കുവാൻ നമ്മളെല്ലാവരും യോജിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം അവയുടെ ഭാരം നമ്മൾക്കുതന്നെയായിരിക്കും വരുന്നതു്. സമാധാനവിരുദ്ധമായ മാർഗ്ഗങ്ങൾ കത്തോലിക്കർക്കു ചേർന്നതല്ല. എന്നാൽ ന്യായമായ രീതിയിൽ സമാധാനപൂർവ്വം നമ്മുടെ അവകാശങ്ങൾക്കായി നാം വാദിക്കണം; അതിനായി കഴിവുള്ള പ്രവർത്തനപരിപാടികൾ സ്വീകരിക്കുകയും വേണം.

വാദ്ധ്യാന്മാർ പണിമുടക്കു നിറുത്തിയാൽ പൂർവ്വസ്ഥിതിയിൽ നാം എത്തിച്ചേർന്നുകഴിയും. എന്നാൽ നമ്മുടെ ഉപദേശാനുസാരം അവർ പണിമുടക്കു പിൻവലിച്ചു കഴിഞ്ഞാൽപ്പിന്നെ നമ്മൾക്കെല്ലാവർക്കും ഒരു ചുമതലയുണ്ടു്—അവർക്കു കൂടുതൽ ശമ്പളം കിട്ടുവാൻവേണ്ടി പരിശ്രമിക്കുന്നതിനു്. അക്കാര്യത്തിൽ നമ്മൾ അവരോടു സഹകരിച്ചു പ്രവർത്തിക്കണം. പണിമുടക്കു പിൻവലിച്ചുകഴിഞ്ഞാൽ, പിന്നത്തേ ശ്രമം അദ്ധ്യാപകർക്കു കൂടുതൽ ശമ്പളം നല്കുന്നതിനുപര്യാപ്തമായ സഹായധനം ഗവമ്മെൻറിൽനിന്നു വാങ്ങിക്കൊടുക്കാനായിരിക്കണം. സർക്കാർ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഓരോകുട്ടിക്കും വേണ്ടി കൊല്ലത്തിൽ 19 ക ഗവമ്മെൻറു ചിലവാക്കുമ്പോൾ നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന ഒരു കുട്ടിക്കു ഒരണയാണു ചിലവാക്കുന്നതെന്നു അദ്ധ്യാപകസമാജം പരസ്യപ്പെടുത്തിയിരിക്കുന്ന കണക്കിൽ കാണുന്നു. നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി സർക്കാർസ്കൂളിൽ പഠിക്കുന്ന ഓരോകുട്ടിക്കും ചിലവാക്കുന്നതിനു തുല്യമായ ഒരുഭാഗം ചിലവാക്കിയില്ലെങ്കിലും അല്പം ഔദാര്യത്തോടെ നമ്മുടെ സ്കൂളുകളെ വീക്ഷിച്ചു സഹായധനം തരികയാണെങ്കിൽ നമ്മുടെ വാദ്ധ്യാന്മാരെയും നമുക്കു സംതൃപ്തരാക്കുവാൻ കഴിയും. സർക്കാർ അദ്ധ്യാപകന്മാരെപ്പോലെ നമ്മുടെ അദ്ധ്യാപകരും വേലചെയ്യുന്നു, എന്നല്ല അവരെക്കാൾ കൂടുതൽ ഉത്സാഹത്തോടെ പരിശ്രമിച്ചു പരീക്ഷകളിൽ കൂടുതൽ വിജയങ്ങൾ സമ്പാദിക്കുന്നു. അതിനാൽ അവർക്കു ഗവമ്മെൻറു അദ്ധ്യാപകന്മാർക്കുള്ള ശമ്പളമെങ്കിലും ലഭിക്കേണ്ടതാണ്. പുതിയ പദ്ധതിയനുസരിച്ചു ഗവമ്മെൻറു നിശ്ചയിച്ചിരിക്കുന്ന ശമ്പളം സർക്കാർ അദ്ധ്യാപകർക്കുള്ളതിൽ കുറവാണ്. ഗവമ്മെൻറു പദ്ധതിയിലെ വ്യവസ്ഥകൾ അവർ സ്വീകരിക്കാത്തതുകൊണ്ടു് അദ്ധ്യാപകശമ്പളവർദ്ധനവു സംബന്ധിച്ച ഭാഗം ഗവമ്മെൻറു തള്ളിക്കളയാതിരിക്കുവാൻ പൊതുജനങ്ങളും ജനപ്രതിനിധികളും കാര്യമായ പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കണം.

കാര്യത്തിന്റെ ഗൗരവം ബ. സഹോദരരേ, പ്രിയ മക്കളേ, നിങ്ങൾക്കു മനസ്സിലായല്ലോ. അദ്ധ്യാപകർ പണിമുടക്കുന്നതും കുട്ടികൾ പഠിക്കാൻ സൗകര്യമില്ലാതെ ഉഴലുന്നതും, സർക്കാരിന്റെ അനുഭാവമില്ലാത്തതിനാൽ നമ്മുടെ വിദ്യാലയങ്ങൾ അപകടത്തിലായിരിക്കുന്നതും അദ്ധ്യാപകന്മാരുടെ ശമ്പളക്കുറവുവഴി അവർ അസംതൃപ്തരായിരിക്കുന്നതും നമ്മുടെ ഹൃദയത്തെ വേദനിപ്പിക്കുന്നു. സമാധാനപുനരുദ്ധാരണത്തിനും നമ്മുടെ വിദ്യാലയങ്ങളുടെ നിലനില്പിനും വേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. വേറൊരു കല്പനയുണ്ടാകുന്നതുവരെ വി. കുർബാന കഴിഞ്ഞു പട്ടക്കാരും ജനങ്ങളുംകൂടി "എത്രയും ദയയുള്ള മാതാവേ" എന്ന ജപം ചൊല്ലണം. എല്ലാവർക്കുംവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടും എല്ലാവരോടും കഴിവുള്ളതു ചെയ്യണമെന്നു വീണ്ടും ഉൽബോധിപ്പിച്ചുകൊണ്ടും ബാവായുടേയും ✠ പുത്രന്റെയും ✠ റൂഹാദക്കുദശായുടേയും ✠ നാമത്തിൽ നിങ്ങളെല്ലാവരേയും നാം ആശീർവദിക്കുന്നു.

എന്നു് എറണാകുളത്തു നമ്മുടെ അതിമെത്രാസനാരമനയിൽനിന്നു് 1950 നവമ്പർ 27-ാനു-

"Sodality Golden Jubilee Souvenir"
(ഡിസംബർ 1950)

## കനകജൂബിലിസ്മാരകം

മാർപ്പാപ്പാ തിരുമനസ്സിലേയും ഇൻറർ നൺസിയോ തിരുമേനിയുടേയും, കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരുടേയും സന്ദേശങ്ങളും വന്ദ്യ ദിവ്യശ്രീമാന്മാരായ പ്ലാസിഡ്, നടുവത്തുശേരി, സെകാീരാ, മൂത്തേടൻ, ടീലാർ, മററം, തുടങ്ങിയ പല വൈദികസത്തമന്മാരുടേയും ശ്രീമാന്മാരായ ഐ. സി., ഡാക്ടർ പി. ജെ. തോമസ്സ്, ഇ. വി. വറുഗീസ്, പി. സി. ജോർജ്ജ്, കെ. ഇ. ജാബ്, കെ. ജെ. അഗസ്റ്റിൻ തുടങ്ങിയ പല അത്മായപ്രമുഖരുടേയും ലേഖനങ്ങൾ, ചെറുകഥകൾ, പ്രഹസനം, കവിതകൾ മുതലായവയും പല മനോഹരമായ ബ്ലോക്കുകളും ഉൾക്കൊള്ളുന്ന അനിതരസാധാരണമായ **ഒരു അമൂല്യഗ്രന്ഥരത്നം.**

പ്രതികൾ ആവശ്യമുള്ളവർ (അഡ്വാൻസുസഹിതം) ബുക്കുചെയ്യുക. ഉദ്ദേശവില 1 രു. 8 ണ. പരസ്യക്കാർക്കു സുവർണ്ണാവസരം! ഏജൻറന്മാർക്കു ആകർഷണീയമായ കമ്മീഷൻ.

ഫാദർ ജെ. കോയിൽപറമ്പിൽ
സെൻറ് ജോസഫ്സ് കത്തീഡ്റൽ. തിരുവനന്തപുരം

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

# "അപ്പൻകളി"

(തോമസ് സിബാസ്റ്റ്യൻ
ബി. എ. എൽ. ററി)

ലേഖനത്തിന്റെ "തലയിലെഴുത്തു" വളരെ വിചിത്രമാണ്, അല്ലേ? പ്രഥമവീക്ഷണത്തിൽ അങ്ങനെ തോന്നും. പക്ഷെ, എന്റെ കൈ വിറയ്ക്കുന്നു. ചില ഭൂതകാലാനുഭവങ്ങൾ കടലാസിൽ കുറിച്ചു "സത്യദീപ"ത്തിനയക്കാൻ ഹൃദയം വെമ്പൽകൊള്ളുകയും ചെയ്യുന്നു. കൈയിലിരിക്കുന്ന തൂലിക അതിനു വിസമ്മതവും ഭാവിക്കുന്നു.

വല്ലാത്ത ഒരു കാലമായിരുന്നു അതു്. സർ സി. പി യുടെ സ്വേച്ഛാപ്രഭുത്വം മൂലം ശ്വാസം മുട്ടിയ ജനങ്ങൾ സ്വാതന്ത്ര്യത്തിനും ഉത്തരവാദഭരണത്തിനുംവേണ്ടി മുറവിളി മുഴക്കിത്തുടങ്ങി. കീജയ് എന്നുള്ള ശബ്ദം അന്തരീക്ഷത്തിൽ മാറൊലിക്കൊള്ളുന്നു. സർവ്വകാര്യങ്ങളിലും സർക്കാരിനോടു നിസ്സഹകരണമാണു് എവരും സ്വീകരിച്ചിരിക്കുന്ന നയം. എല്ലാം സ്തംഭനാവസ്ഥയിൽ ആക്കണമെന്നുള്ള ഒരു ദൃഢനിശ്ചയവും. ബസ്സു മറിച്ചാലും വിരോധമില്ല, ബോട്ടുമുക്കിയാലും കുഴപ്പമില്ല. പഠിപ്പുമുടക്കിയാലും തരക്കേടില്ല, ഉത്തരവാദഭരണം മതി ജനങ്ങൾക്കു്. ഭാഗ്യവശാൽ, സർ സി. പി. വിദ്യാഭ്യാസപ്രശ്നത്തിൽ കൈവച്ചു. ജനകീയം ജയിക്കുകയും ചെയ്തു.

പക്ഷെ ജനങ്ങൾ തോററു മറുവശത്താണ്. അങ്ങാടിയിൽ ജനങ്ങൾ ജയിച്ചു; വീട്ടിൽ അവർ തോററുതൊപ്പിയുമിട്ടു. അത്രയുള്ളൂ.

ഉത്തരവാദഭരണത്തിനുവേണ്ടി വിദ്യാലയങ്ങളിൽ സ്ട്രൈക്കു മുറയ്ക്കുനടക്കുന്നു. പിഞ്ചുകുഞ്ഞുങ്ങൾ വിദ്യാലയങ്ങൾക്കു പകരം മൈതാനങ്ങളിൽ വാസമുറപ്പിച്ചു. പബ്ലിക്കു റോഡിൽ ജാഥയും നടത്തി എല്ലാം നേതാവു ശ്രീ മാത്തപ്പന്റെ നിർദ്ദേശമനുസരിച്ചു്. ഗുരുക്കന്മാരെ അനുസരിക്കാത്ത വിദ്യാർത്ഥികൾ ശ്രീ മാത്തപ്പനെ അക്ഷരശഃ അനുസരിക്കുന്നു. നല്ല അച്ചടക്കം. ശ്രീ മാത്തപ്പൻ ഉപരിനേതാക്കന്മാരുമായി സമ്പർക്കത്തിലാണു്.

അപ്പച്ചൻ മാത്തപ്പന്റെ മൂത്തമകൻ. അപ്പച്ചന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കു വലിയ വിശ്വാസമാണു്. ഒന്നാംകിട നേതാക്കന്മാരുമായി സമ്പർക്കത്തിലിരിക്കുന്ന ശ്രീ മാത്തപ്പന്റെ മൂത്തമകനല്ലേ അപ്പച്ചൻ? എന്തുകൊണ്ടു അപ്പച്ചനെ വിശ്വസിച്ചുകൂടാ? അപ്പച്ചന്റെ നേതൃത്വത്തിൽ ഒരു ജാഥാ പബ്ലിക്കു റോഡിൽക്കൂടെ മൈതാനത്തേക്കു പോകുന്നു. നിയമനിഷേധയോഗത്തിൽ സംബന്ധിക്കാൻ, അന്നു അറസ്റ്റു വരിക്കുന്ന നേതാവിനെ ഒരു നോക്കു കാണാൻ, വിജയം ആശംസിക്കാൻ.

അതാവരുന്നു ഒരു ബസ്സ്. ഉത്തരവാദഭരണം ലഭിക്കുന്നതിനുവേണ്ടി, എല്ലാം സ്തംഭനാവസ്ഥയിൽ എത്തിക്കുന്നതിനുവേണ്ടി, ആ ബസ്സിൽ എല്ലാവരും ഓരോ കൈ പൂഴി വാരി എറിയണം. ശ്രീ മാത്തപ്പന്റെ നിർദ്ദേശങ്ങളിൽ അവസാനത്തെ അതാണു്. ജയ് വിളിയോടുകൂടി അപ്പച്ചൻ ആദ്യം ഏറുനടത്തി. പുറകെ അനുയായികളും. ബസ്സു അടുത്ത വളവുകഴിഞ്ഞു നിറുത്തി. ശ്രീ മാത്തപ്പൻ അതിൽനിന്നിറങ്ങി. അപ്പച്ചന്റെ ഏറു ശരിക്കുപററി. പാംസുസ്നാനം കഴിച്ച ശ്രീ മാത്തപ്പനു ഒന്നു മുങ്ങിക്കുളിക്കാതെ നിയമലംഘനത്തിനുപോകാൻ ആവതില്ല.

* * * *

ബസ്സിന്റെ സമയമെല്ലാം തെററി. ഒരു രാത്രി ഞാൻ എം. സി. റോഡിൽകൂടെ വടക്കോട്ടുനടക്കുന്നു. റോഡിന്റെ ഒരു വശത്തു അല്പം ഉള്ളിലേക്കുകയറി ഒരു ചെറിയ വീടു്. തിണ്ണയിൽ ഒരു പാട്ടവിളക്കു മങ്ങിക്കത്തുന്നു. ആ വീട്ടിലെ മൂന്നുനാലു പിഞ്ചുകുഞ്ഞുങ്ങൾ ആട്ടഹാസച്ചിരിയോടുകൂടി മുററത്തു ഓടിക്കളിക്കുന്നു. ഉദ്ദേശം പത്തു വയസ്സുള്ള മൂത്തകുട്ടി ഉടുത്തിരിക്കുന്ന മുണ്ടിന്റെ രണ്ടു വശവും ചുരിച്ചുകയററി അരഞ്ഞാണിന്റെ ഇടയിൽ തിരുകി തലയിൽ ഒരു വട്ടക്കെട്ടും കൈയിൽ ഒരു നീണ്ടവടിയുമായി ആടി ആടി മുററത്തു നിൽക്കുന്ന മാവിന്റെ ചുവട്ടിലേക്കു അടുക്കുന്നു. മററുകുട്ടികൾക്കു ചിരി സഹിക്കാൻവയ്യാ. "എഴാ നീ പാഴത്തിയ്ക്കുഴാ" എന്ന ചോദ്യവും മാന്തടിയിൽ രണ്ടു ചുട്ട അടിയും ഒരുമിച്ചു കഴിഞ്ഞു. മററുകുട്ടികളുടെ അട്ടഹാസവും അതോടൊപ്പം.

കൂരിരുട്ടിൽ, വഴിമദ്ധ്യത്തിൽ ഞാൻ അല്പം നിന്നു വിശ്രമിച്ചു. ഈ കളി മൂന്നുനാലു പ്രാവശ്യം ആവർത്തിക്കപ്പെട്ടു. അന്ധകാരത്തിൽ പുറകിൽ ഒരു കാൽപ്പെരുമാററം. മറെറാരുയാത്രക്കാരൻ അടുത്തെത്തി. ഞങ്ങൾ ഒരുമിച്ചു നടന്നുതുടങ്ങി. ഞാൻ ചോദിച്ചു: "ആ കുട്ടികൾ എന്തു ചെയ്യുകയാണു?" "അവർ "അപ്പൻ"കളിക്കുകയാണു്. അവരുടെ അപ്പൻ പാതിരാവാകുമ്പോഴാണു് ഷാപ്പിൽനിന്നു വരുന്നതു്. ഉറങ്ങിക്കിടക്കുന്ന കുഞ്ഞുങ്ങളെ അടിച്ചു എഴുന്നേൽപ്പിച്ചു ക്രാസുചെയ്യുന്ന സമ്പ്രദായം അവർ അഭിനയിക്കുകയാണു്. പലപ്പോഴും അവർ ഇങ്ങനെ ചെയ്യാറുണ്ടു്."

N. B. സംഭവങ്ങൾ യഥാർത്ഥമാണു്. ഊരും പേരും മാററിക്കളഞ്ഞിട്ടുണ്ടു്. ഇരുട്ടടി ഭയന്നിട്ടു്.

# അദ്ധ്യാപകപ്രശ്നം

## മന്ത്രിയുടെ മറുപടി

നവംബർ 10-ാംനു വൈദികമേലദ്ധ്യക്ഷന്മാർ പുറപ്പെടുവിച്ച പ്രസ്താവനയ്ക്കു വിദ്യാഭ്യാസമന്ത്രി, അദ്ധ്യാപകനിയമനം സംബന്ധിച്ച്, ഗവ. പ്രൊസീഡിംഗ്സിലും പ്രസ്നോട്ടിലുമുള്ള വ്യവസ്ഥകളിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ നിവൃത്തിയില്ലെന്നു മറുപടി നൽകിയിരിക്കുന്നു.

## സ്ട്രൈക്കിനു പിന്തുണ

നവംബർ 23-ാംനു കാത്തലിക് മാനേജേഴ്സ് അസോസിയേഷൻ പ്രസിഡൻറു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

80 ശതമാനം ഫീസുപിരിവു സർക്കാർ ഖജനാവിൽ അടയ്ക്കാത്ത സ്കൂളുകളിൽ സ്ട്രൈക്കും കലാപങ്ങളും ഉണ്ടാക്കാൻ അദ്ധ്യാപകന്മാരേയും അവർ മുഖാന്തിരം വിദ്യാർത്ഥികളേയും എ. റ്റി. എസ്. എ. ഇളക്കിവിട്ടുകൊണ്ടിരിക്കുന്നതിൽ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരുടെ സജീവപിന്തുണ പലസ്ഥലത്തും ഉള്ളതായി റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. തിരുവനന്തപുരം അതിരൂപതവക നെല്ലിമൂട് ഇംഗ്ലീഷ് ഹൈസ്കൂളിലെ ഭൂരിപക്ഷം അദ്ധ്യാപകരും പണിമുടക്കുപേക്ഷിച്ചു ജോലിയിൽ പ്രവേശിക്കാനിടയുണ്ടെന്നറിഞ്ഞു തിരുവനന്തപുരം ഡിവിഷൻ ഇൻസ്പെക്ടർ മി. ബെജീച്ചിസാഹിബ് ഇന്നു അവിടെയെത്തി അദ്ധ്യാപകരെ കണ്ടു പണിമുടക്കു തുടരാൻ നിർദ്ദേശം നല്കിയതായി അറിയുന്നു. അതിനുപുറമെ അവിടത്തെ ഹെഡ്മാസ്റ്ററോട് ജോലി രാജിവച്ചു ഉടനെ സ്ഥലം വിട്ടുകൊള്ളണമെന്നനുശാസിക്കയും ചെയ്തിരിക്കുന്നു. കോട്ടാർ രൂപതവക മാടത്തട്ടുവിള ഹൈസ്കൂളിൽ മാനേജരെ പ്രവേശിപ്പിക്കരുതെന്നും ഫീസുപിരിവു ഖജനാവിൽ നേരിട്ടടച്ചുകൊള്ളണമെന്നും കുറെദിവസംമുമ്പ് ഹെഡ്മാസ്റ്റർക്കു നിർദ്ദേശം നല്കിയതും ഈ ഡിവിഷൻ ഇൻസ്പെക്ടർതന്നെയാണെന്നുള്ളതും പ്രസ്താവയോഗ്യമാണ്. കൂടാതെ മാടത്തട്ടുവിള ഹൈസ്കൂൾ മാനേജരുടേയും ആ ഇടവകയിലെ പ്രമുഖ അംഗങ്ങളുടേയും പേരിൽ ഒരു ക്രിമിനൽകേസ് ചാർജ് ചെയ്തിട്ടുള്ളതും അവരെ അറസ്റ്റുചെയ്തു ജാമ്യത്തിൽ വിട്ടിട്ടുള്ളതും പ്രത്യേകം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

## മന്ത്രിമാരുടെ സന്ദർശനം

തിരു-കൊച്ചി മന്ത്രിമാരായ മെ. ജോൺ പീലിപ്പോസും എ. ജെ. ജോണും നവംബർ 22-ാംനു വരാപ്പുഴ ഇടവക സന്ദർശനാർത്ഥം എഴുന്നള്ളിയിരുന്ന മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനിയെ സന്ദർശിച്ചു വിദ്യാഭ്യാസപ്രശ്നത്തെപ്പററി സംഭാഷണം നടത്തിയതായും അനുകൂലമായ മറുപടി ലഭിക്കാതെ അവർ മടങ്ങിപ്പോയതായുമറിയുന്നു.

## നേമം സ്കൂൾ

തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട നേമം സെൻറ് പോൾസ് ഹൈസ്കൂൾ സ്ട്രൈക്കുമൂലം അടച്ചിരിക്കുകയായിരുന്നു. അവിടത്തെ വിദ്യാർത്ഥികൾക്കു ട്രാൻസ്ഫർസർട്ടിഫിക്കററു നല്കുന്നതിനു ഗവൺമെൻറ് അനുവദിച്ചിരിക്കുന്നു. നേമത്തു മിഡിൽസ്കൂൾ വളപ്പിൽ ഉപയോഗമില്ലാതെ കിടക്കുന്ന ഗവൺമെൻറുവക ഒരുകെട്ടിടത്തിൽ ഒരു ഹൈസ്കൂൾ താൽക്കാലികമായി ആരംഭിക്കുന്നതിനും ഗവ. അനുമതി നല്കിയിരിക്കുന്നു. നേമം സെൻറ് പോൾസ് സ്കൂളിൽ 500-ഓളം വിദ്യാർത്ഥികളാണുണ്ടായിരുന്നത്. അദ്ധ്യാപകന്മാർ 20 പേർ ഉണ്ടായിരുന്നതിൽ 10 പേർ ഹിന്ദുക്കളും, 10 പേർ ക്രൈസ്തവരുമായിരുന്നു. ക്രൈസ്തവരിൽ ഒരു കത്തോലിക്കൻ മാത്രമേ ഉണ്ടായിരുന്നുള്ളു. വിദ്യാർത്ഥികളിൽ 85 ശതമാനവും ഹൈന്ദവരായിരുന്നുവത്രെ.

## സെൻറ് ബർക്കുമൻസ് ഹൈസ്കൂൾ

ചങ്ങനാശേരിയിലെ പ്രശസ്തമായ സെൻറ് ബർക്കുമൻസ് ഹൈസ്കൂൾ പൂട്ടിക്കുവാൻ ചില അദ്ധ്യാപകന്മാർ ചെയ്ത യത്നങ്ങളെ സ്ഥലം നിവാസികൾ ശക്തിയുക്തം പ്രതിഷേധിച്ചിരിക്കുന്നതായി റിപ്പോർട്ടുകളിൽ കാണുന്നു. സ്ട്രൈക്കിൽ പെട്ടിരുന്ന അവിടത്തെ രണ്ടദ്ധ്യാപകന്മാർ (ശ്രീ ഒ. ജെ. വറുഗീസും ശ്രീ എൻ. റ്റി. ജോസഫും) സമുദായ താല്പര്യങ്ങളെ ഒരിഞ്ചുപോലും ബലികഴിച്ചു ശമ്പളക്കൂടുതൽ ലഭിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നു പ്രസ്താവിച്ചുകൊണ്ടു എ. റ്റി. എസ്. എ. യിൽനിന്നു രാജിവച്ചിരിക്കുന്നു. പിന്നീടുലഭിച്ച വാർത്തയിൽ എ. റ്റി. എസ്. എ. യിൽനിന്നു മി. ജോസഫ് കുട്ടമ്മലും മറേറതാനും പേരുംകൂടി രാജിവച്ചിരിക്കുന്നതായി പ്രസ്താവിച്ചിരിക്കുന്നു.

രാജപ്രമുഖൻ തിരുമനസ്സുകൊണ്ടു അനുവദിച്ചിരിക്കുന്ന ഓർഡിനൻസുപ്രകാരം, അദ്ധ്യാപകപണിമുടക്കുനിമിത്തം അദ്ധ്യയനംമുടങ്ങിയിരിക്കുന്ന വിദ്യാലയങ്ങളിൽനിന്നു ആവശ്യമുള്ള വിദ്യാർത്ഥികൾക്കു ഉടൻ മററുവിദ്യാലയങ്ങളിലേക്കുവിടുതൽസർട്ടിഫിക്കററ് നല്കിക്കൊള്ളണമെന്നും അദ്ധ്യാപകപണിമുടക്കിനു ഗവൺമെൻറിനു യാതൊരു ഉത്തരവാദിത്വവുമില്ലെന്നും പ്രസ്താവിച്ചുകൊണ്ടുള്ള ഓർഡർ നവ. 26-ാംനു പ്രസ്തുത വിദ്യാലയത്തിനും ലഭിക്കയുണ്ടായി. ഈദൃശ പരിതഃസ്ഥിതികൾ പരിഗണിച്ചും വികാർ കാപ്പിററുലറിൻെറ ആഹ്വാനത്തെ ആദരിച്ചും അദ്ധ്യാപകന്മാർ പണിമുടക്കു അവസാനിപ്പിച്ച് നവ. 27-ാംനു ജോലിയിൽ പ്രവേശിച്ചിരിക്കുന്നു.

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലണ്ട്

## പ്രതിഷേധയോഗങ്ങൾ

പാലാ, കാഞ്ഞിരപ്പള്ളി, കൊല്ലം, പുന്നത്തുറ, ഒല്ലൂർ, ആലപ്പുഴ, പുളിങ്കുന്നു, എടയ്ക്കാട്ടു, കുത്യതോട്, (പഴയപള്ളി) എറണാകുളം (സി. വൈ. എം. എ.) എന്നിങ്ങനെ നിരവധി സ്ഥലങ്ങളിൽ പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിച്ചു യോഗങ്ങൾ കൂടിയിരിക്കുന്നതായറിയുന്നു.

## ചെറായി

ചെറായി ഹൈസ്കൂളിലെ ഫീസുപിരിവിൻെറ 80 ശതമാനം സർക്കാരിൽ അടച്ചിട്ടും അദ്ധ്യാപകശമ്പളം ലഭിച്ചിട്ടില്ലെന്നു നവംബർ 24-ാംനു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു വാർത്തയിൽ കാണുന്നു.

## റാന്നി

റാന്നി എം. എസ്. ഹൈസ്കൂളിൽനിന്നും സെപ്റ്റംബർ 6-ാംനു പണമടച്ചിട്ടു നവംബർ 17-ാംനു യാണ് അദ്ധ്യാപകന്മാർക്കു ശമ്പളം ലഭിച്ചതെന്നും മിഡിൽസ്കൂൾ ഭാഗത്തിലെ നാലദ്ധ്യാപകന്മാർക്കു ശമ്പളം ലഭിക്കപോലുമുണ്ടായിട്ടില്ലെന്നും ആകയാൽ അവിടത്തെ അദ്ധ്യാപകന്മാർക്കു പുതിയ വിദ്യാഭ്യാസ പദ്ധതിയിലുള്ള വിശ്വാസം അടിക്കടി കുറഞ്ഞുവരികയാണെന്നും പ്രസ്തുത ഹൈസ്കൂളിലെ അദ്ധ്യാപകസംഘം സെക്രട്ടറി ശ്രീ കെ. എ. ചെറിയാൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു.

## പണിമുടക്കിൽനിന്നു വിരമിച്ചു

പണിമുടക്കുമൂലം തങ്ങൾക്കും വിദ്യാർത്ഥികൾക്കും നേരിടുന്ന ധാർമ്മികാധഃപതനം ബോദ്ധ്യമാകയാൽ മൂന്നാഴ്ചയായി പണിമുടക്കിലേർപ്പെട്ടിരുന്ന തിരുവല്ലാ എരുവേലിപ്ര സ്കൂളിലെ അദ്ധ്യാപകർ സ്വമനസ്സാലെ പണിമുടക്കിൽനിന്നു വിരമിച്ചിരിക്കുന്നു.

## ട്രഷറിയിൽ അടയ്ക്കയില്ല

എൽ. എം. എസ്. കോർപറേററ് മാനേജുമെൻറ് എഡ്യൂക്കേഷനൽ ബോർഡിൻെറ ഒരു യോഗം നവംബർ 25-ാംനു തിരുവനന്തപുരത്തുവച്ചു കൂടി ഫീസുപിരിവു ട്രഷറിയിൽ അടയ്ക്കേണ്ടതില്ല എന്ന തീരുമാനത്തിൽ ഉറച്ചുനില്ക്കാനും തിരു-കൊച്ചി ക്രിസ്ത്യൻ മാനേജേഴ്സ് അസോസിയേഷനോടു പൂർണ്ണമായി സഹകരിക്കാനും തീരുമാനിച്ചു.

## അന്തഃകരണത്തിൻെറ പ്രേരണ

പാലാ സെന്തോമസ് ഹൈസ്കൂളദ്ധ്യാപകൻ, ശ്രീ പി. ഡി. ശൗരി താഴെ ചേർക്കുന്നപ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു: "ഞാൻഇത്രയും കാലം എ. റ്റി. എസ്. എ. യിൽ സജീവപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. പനമ്പിള്ളിപദ്ധതി കത്തോലിക്കാസ്കൂളുകളെ നശിപ്പിക്കാൻ ഇടയാക്കും എന്നു എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഈ സംഘടനയിലുള്ള എൻെറ അംഗത്വം ഞാൻ രാജിവച്ചിരിക്കുന്നു. സ്കൂളിൽ വീണ്ടും പ്രവേശിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. എൻെറ ശമ്പളക്കുറവ് പൊതുജനങ്ങൾ പരിഹരിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്."

## കമ്മ്യൂണിസ്റ്റോ?

അദ്ധ്യാപകപണിമുടക്കു സംബന്ധിച്ച പ്രമേയം എ. ടി. എസ്. എ. യോഗത്തിൽ അവതരിപ്പിച്ച ശ്രീ വക്കി ശാന്തിസ്ഥാൻ, കോട്ടയം മുനിസിപ്പൽ കൗൺസിൽ ഉപതെരഞ്ഞെടുപ്പിൽ സ്റ്റേററു കോൺഗ്രസ്സ്ഥാനാർത്ഥിക്കെതിരായി, ഹിന്ദുമണ്ഡലക്കാരുടെ പിന്തുണയോടുകൂടി, കമ്മ്യൂണിസ്റ്റ് ടിക്കററിൽനിന്നു വിജയം നേടിയ ഒരാളാണത്രെ. അദ്ധ്യാപകനിയമനം സംബന്ധിച്ച് മാനേജർക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നു പട്ടം ഹൈസ്കൂളിലെ ഒരദ്ധ്യാപകൻ അഭിപ്രായപ്പെട്ടപ്പോൾ, "അക്കാര്യം മാനേജർ നോക്കിക്കൊള്ളട്ടെ. നമ്മുടെ കാര്യസാദ്ധ്യത്തിനു പണിമുടക്കു ആരംഭിക്കണം" എന്നു പറഞ്ഞ് അദ്ദേഹം പ്രമേയം മുന്നോട്ടു കൊണ്ടുപോകയാണു ചെയ്തത്.

## വികാർ കാപ്പിററുലറിൻെറ
# ആഹ്വാനം

നമ്മുടെ ചില സെക്കണ്ടറിവിദ്യാലയങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപകന്മാർ പലനാളുകളായി പണിമുടക്കു നടത്തിവരുന്നതായി റിപ്പോർട്ടുകൾ ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്നു ഇതുമൂലം വിദ്യാർത്ഥികളുടെ അദ്ധ്യയനത്തിനും വിദ്യാലയങ്ങളുടെ നിലനിൽപ്പിനും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനുപോലും കോട്ടം സംഭവിച്ചുവരുന്നതു കണ്ടും കേട്ടും സഹിച്ചിരിക്കുവാൻ നിവൃത്തിയില്ല. ഈ രൂപതാഭരണത്തിനു വേണ്ടി പ. സിംഹാസനത്തിൽ നിന്നു കല്പിച്ചു നിയമിച്ചിട്ടുള്ള വന്ദ്യപിതാക്കന്മാരുടെ റോമിൽനിന്നുള്ള പ്രത്യാഗമനത്തെ നാം എല്ലാവരും ഇപ്പോൾ സന്തോഷപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണല്ലോ. വന്ദ്യപിതാക്കന്മാർ രൂപതാഭരണം ഏറെറടുക്കുന്ന അവസരത്തിൽ, അദ്ധ്യാപകരുടെ അവശതകളെ പരിഹരിക്കുന്ന കാര്യത്തിനുവേണ്ടി എൻെറ സകല കഴിവുകളും ഉപയോഗിച്ചു ഞാൻ ശുപാർശചെയ്യുന്നതാണെന്നു അദ്ധ്യാപകർക്ക് ഉറപ്പുകൊടുത്തുകൊള്ളുന്നു. വൈദികമേലദ്ധ്യക്ഷന്മാരുടെ സംയുക്ത തീരുമാനമനുസരിച്ചു മറെറാരു നടപടിയും സ്വീകരിക്കുവാൻ തല്ക്കാലം ഇവിടെ നിവൃത്തിയുള്ളതല്ലല്ലോ.

ആകയാൽ ഈ നവംബർമാസം 27-ാംനു തിങ്കളാഴ്ച ഈ രൂപതയിൽ പെട്ട സകല വിദ്യാലയങ്ങളിലും പഠനം ശരിയായി നടത്തത്തക്കവിധത്തിൽ, സകല അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും ഹാജരാകേണ്ടതാണെന്ന് ഞാൻ സ്നേഹപൂർവ്വം ഉപദേശിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു. ബ. വികാരിമാരും, സ്കൂൾ മാനേജർമാരും പണിമുടക്കിൽനിന്നും വിരമിച്ചുവരുന്ന അദ്ധ്യാപകരോടു ഔദാര്യവും സ്നേഹവും പ്രദർശിപ്പിക്കണമെന്ന് പ്രത്യേകം ഉപദേശിക്കുന്നു. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

മോൺസിഞ്ഞോർ,
ജേക്കബ് കല്ലറയ്ക്കൽ
വികാർ കാപ്പിറ്റുലർ.

ചങ്ങനാശേരി അരമന,
25-11-1950.

## മര്യൻകോൺഗ്രസ്
# ബുള്ളററിൻ

കോൺഗ്രസിൽ സംബന്ധിക്കുന്നവരുടെ താമസസൗകര്യങ്ങൾ മുതലായവ നോക്കുന്നതിനു നിയുക്തമായിട്ടുള്ള അക്കൊമൊഡേഷൻ കമ്മിററി, സന്ദർശകരുടെ താമസത്തിനും ഭക്ഷണാദികാര്യങ്ങൾക്കുമായി താഴെകാണുന്ന ഏർപ്പാടുകൾ ചെയ്തിരിക്കുന്നു:-

## താമസസൗകര്യം

ഈ കമ്മിററി താമസസൗകര്യം ചെയ്തുകൊടുക്കണമെന്ന് ആഗ്രഹിക്കുന്ന ബ. വൈദികർക്കും സന്യാസിസന്യാസിനികൾക്കും താഴെപ്പറയുന്ന സ്ഥലങ്ങളിൽ താമസിക്കാവുന്നതാണ്. (1) എറണാകുളം അതിരൂപതയിൽപെട്ട വൈദികർക്കു എറണാകുളം മെത്രാപ്പോലീത്തൻപള്ളിയോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ. (2) വരാപ്പുഴ അതിരൂപതക്കാരായ വൈദികർക്കു സെൻറ് ജോസഫ്സ് പെററിസെമ്മിനരിയിൽ. (3) മററു രൂപതകളിൽനിന്നുള്ള വൈദികർക്കു തേവര സേക്രഡ് ഹാർട്ട് കോളെജ് ഹോസ്റ്റലുകളിൽ. (4) സന്യാസിസന്യാസിനികൾ അവരുടെ സഭയുടെ ശാഖകൾ എറണാകുളത്തുള്ളവർക്കു ആ ശാഖാമന്ദിരങ്ങളിൽ, അങ്ങനെയില്ലാത്തുള്ള സന്യാസികൾക്കു തേവരകോളെജിൽ; സന്യാസിനികൾക്കു എറണാകുളം സെൻറ് മേരീസ് കോൺവെൻറിൽ.

ഈ കമ്മിററിമുഖേന താമസസൗകര്യം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന അൽമേനികൾക്കു താഴെപ്പറയുന്ന ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. (1) തേവര സേക്രഡ് ഹാർട്ടുകോളെജ്, സെൻറ് ആൽബട്ട്സ് കോളെജ്, ഹൈസ്കൂൾ, സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ, ഡോൺബോസ്കോസ്കൂൾ, സെൻറ് ഫ്രാൻസിസ് ചർച്ചുസ്കൂൾ എന്നീസ്ഥലങ്ങളിൽ പുരുഷന്മാർക്ക്, (2) സെൻറ് തെരീസാസ് കോളെജ്, ഹൈസ്കൂൾ, സെൻറ്മേരീസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കും സൗകര്യമുണ്ടായിരിക്കുന്നു. കൂടുതൽ സ്ഥലങ്ങൾ ലഭിക്കുവാൻ ശ്രമിച്ചുവരുന്നു. കിട്ടിയാലുടനെ വിവരം പ്രസിദ്ധംചെയ്യുന്നതാണ്. സൊഡാലിസ്റ്റ്സ്, സ്കൗട്ട്സ്, ക്രൂസേഡേഴ്സ് മുതലായവർക്കു പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

കോൺഗ്രസിൽ സംബന്ധിക്കുവാൻ വരുന്നവർ ശയ്യോപകരണങ്ങൾ കൊണ്ടുപോരേണ്ടതാണ്.

ഈ കമ്മിററിമുഖേനതാമസസൗകര്യം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവർ നേരിട്ടോ ഇടവകവികാരി മുഖേനയോ 1950 ഡിസംബർ 8-ാംതീയതിക്കു മുൻപ് സിക്രട്ടറിയെ (സിക്രട്ടറി, അക്കൊമൊഡേഷൻ കമ്മിററി, മര്യൻകോൺഗ്രസ് ആഫീസ്, സെൻറ് ആൽബർട്ട്സ് ഹൈസ്കൂൾ, എറണാകുളം എന്ന മേൽവിലാസത്തിൽ) വിവരം അറിയിക്കേണ്ടതാണ്. അപേക്ഷകർക്കു താമസസ്ഥലം നിശ്ചയിച്ചു പാസ് അയച്ചുകൊടുക്കുന്നതാണ്.

## ഭക്ഷണസൗകര്യം

ആവശ്യക്കാർക്കു മിതമായ നിരക്കിൽ ഭക്ഷണം ലഭിക്കത്തക്കവണ്ണം കമ്മിററി ചില ഹോട്ടലുകളുമായി ഏർപ്പാടുചെയ്യുന്നതാണ്....... താമസസൗകര്യത്തിനു അപേക്ഷ അയക്കുന്നവർ ഭക്ഷണസൗകര്യവും ചെയ്തുതരണമോ എന്നും സസ്യാഹാരമോ മാംസാഹാരമോ ഏതാണ് ഇഷ്ടപ്പെടുന്നതെന്നുംകൂടി അറിയിക്കുന്നതു നന്നായിരിക്കും.

കോൺഗ്രസിൻെറ വിവിധസമ്മേളനങ്ങളിലേക്കു പ്രവേശനം സൗജന്യമാണ്. എന്നാൽ പ്രത്യേക ഇരിപ്പടസൗകര്യങ്ങൾ വേണമെന്നുള്ളവർക്കു ഏതാനും കസേരകൾ പന്തലിൽ ഏർപ്പാടുചെയ്യുന്നതാണ്. 10ക. 5ക. 3ക. എന്ന നിരക്കിനുള്ള ടിക്കററുകളിൽ ഏതെങ്കിലും വാങ്ങുന്നവർക്കു സമ്മേളനത്തിൻെറ മൂന്നു ദിവസങ്ങളിലേക്കും ഇരിപ്പടസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതാണ്. ടിക്കററു വേണമെന്നുള്ളവർ നേരിട്ടോ, ഇടവകവികാരി മുഖേനയോ സിക്രട്ടറിയോട് ആവശ്യപ്പെടേണ്ടതാണ്.

ഫാത്തിമാബാലസമിതി

# അനുതാപം

പ്രിയകുഞ്ഞുങ്ങളേ,

അടുത്ത ശനിയാഴ്ച മാസാദ്യശനിയാഴ്ചയാണല്ലോ. ഇപ്രാവശ്യം ദുഃഖകരമായ രഹസ്യങ്ങളിൽ ഒന്നാമത്തേതിനെക്കുറിച്ചു ചിന്തിക്കാം.

ഈശോ ശ്ലീഹന്മാരുടെ എല്ലാവരുടെയും കാലുകൾ കഴുകിയശേഷം, സ്നേഹത്തിന്റെ കൂദാശയായ പരിശുദ്ധ കുർബാനയെ സ്ഥാപിച്ചു. ഇതു കഴിഞ്ഞു ശ്ലീഹന്മാരെ കൂട്ടിക്കൊണ്ടു് സൈത്തുമലയിലേക്കുപോയി. സൈത്തുവൃക്ഷങ്ങൾ ധാരാളം വളർന്നു നിന്നിരുന്ന ഒരു തോട്ടം അവിടെയുണ്ടായിരുന്നു. ഈശോ പലപ്പോഴും പ്രാർത്ഥിക്കുന്നതിനായി തിരഞ്ഞെടുത്തിരുന്ന സ്ഥലം ഇതായിരുന്നു. പ്രാർത്ഥിക്കുവാനായി ശ്ലീഹന്മാരോടു ആജ്ഞാപിച്ചശേഷം അവരെ വിട്ടിട്ടു് അവിടുന്നു് തോട്ടത്തിന്റെ ഉള്ളിലേക്കു പ്രവേശിച്ചു. അവിടെയുണ്ടായിരുന്ന ഒരു പാറയുടെ മുകളിൽ മുട്ടുകുത്തി, കൈകൾ കൂപ്പി കണ്ണുകളെ സ്വർഗ്ഗത്തിലേക്കു് ഉയർത്തി സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള തന്റെ പ്രാർത്ഥന ആരംഭിച്ചു.

ക്ഷോഭിച്ചിരിക്കുന്ന കടലിലെ തിരമാലകൾപോലെ വിചാരങ്ങൾ ഒന്നിനു പുറകെ ഒന്നായി അങ്ങയുടെ ബോധത്തിൽ ഇരച്ചുകയറുന്നു. അടുത്ത ദിവസം കുരിശിന്മേൽ ജീവൻ അർപ്പിക്കേണ്ടിവരുന്നതുവരെ നേരിടേണ്ടിവരുന്ന ഘോരസംഭവങ്ങളാണു് അവിടുത്തെ ഓർമ്മയിൽ ഇപ്പോൾ ഉദയംചെയ്തുകൊണ്ടിരിക്കുന്നതു്. ശാരീരികമായി സഹിക്കേണ്ടിവരുന്ന ക്ലേശങ്ങൾ, ഒരു മുഖക്കണ്ണാടിയിലെന്നപോലെ അങ്ങയുടെ മുൻപിൽ പ്രത്യക്ഷമാകുന്നു. കൽത്തൂണിൽ കെട്ടിയുള്ള അടി, നീണ്ടുകൂർത്തമുള്ളുകൾകൊണ്ടുള്ള മുടി, ഭയങ്കരമായ കാരിരുമ്പാണികൾ, കൈപ്പു നിറഞ്ഞ ചൊറുക്ക, കുരിശിലെ ദാരുണമരണം ഇവയെല്ലാം ഏററവും ക്രൂരമായ അവയുടെ സകല സാഹചര്യങ്ങളോടുംകൂടി അങ്ങേ ദൃഷ്ടികൾക്കു വിഷയമാകുന്നു.


ശാരീരികമായ ഏതാദൃശപീഡകളുടെ ഭയങ്കരതകളെക്കാൾ അങ്ങയെ പരിഭ്രമിപ്പിച്ചതു് മാനസികമായി സഹിക്കുവാനിരുന്നവയുടെ കാഴ്ചയാണു്. ശ്ലീഹന്മാരിൽ ഒരുവനായ യൂദാസു തന്നെ ഒററിക്കൊടുക്കും. പ്രേമഭാജനങ്ങളായ ശിഷ്യന്മാർ തന്നെ ഉപേക്ഷിച്ചു ഓടിയൊളിക്കും. സഭയുടെ അടിസ്ഥാനക്കല്ലാക്കിത്തീർക്കുവാൻ ഉദ്ദേശിച്ചിരുന്ന പത്രോസു് അങ്ങയെ അറിയുകപോലും ഇല്ല എന്നു പറഞ്ഞു അപലപിക്കും. യഹൂദപുരോഹിതന്മാരുടെ ദൂഷണങ്ങൾ, വിധിയാളന്മാരുടെ അനീതി, പടയാളികളുടെ ആക്ഷേപങ്ങൾ ഇവയെല്ലാം താൻ വിധേയനാകും. സ്വർഗ്ഗസ്ഥനായ പിതാവിനാൽതന്നെയും താൻ ഉപേക്ഷിക്കപ്പെടും. ഉപദ്രവങ്ങളും ആക്ഷേപങ്ങളുമല്ലാതെ യാതൊരാശ്വാസവും ആരിൽനിന്നും തനിക്കു ലഭിക്കുകയില്ല. ഇതിനെല്ലാമുപരിയായി അങ്ങയുടെ പീഡാനുഭവത്തിന്റെ ഫലങ്ങൾ ഉപയോഗപ്രദമാക്കാതെ നശിക്കുവാനിരുന്ന ദുഷ്ടന്മാരുടെ സംഖ്യയും വളരെ വലുതാണു്.

ഈ കാഴ്ചകളെല്ലാം കണ്ടു് ഭയപ്പെട്ടുകൊണ്ടു് ഈശോ പ്രാർത്ഥിക്കുന്നു: "പിതാവേ, നിവൃത്തിയുണ്ടെങ്കിൽ ഈ കാസ എന്നിൽനിന്നു് അകന്നുപോകട്ടെ," എന്നു്. പ്രാർത്ഥനയ്ക്കു് യാതൊരു പ്രത്യുത്തരവും ലഭിക്കുന്നില്ല. ഭയാനകങ്ങളായ വിചാരങ്ങൾ വീണ്ടും വീണ്ടും അങ്ങയുടെ ബോധത്തിൽ ആഞ്ഞടിക്കുന്നു. തൽഫലമായുണ്ടായ ഹൃദയദുഃഖം സഹിച്ചു നിൽക്കുന്നതിനു് അങ്ങേക്കു പ്രാപ്തിയില്ലാതായിത്തീരുന്നു. ദുഃഖത്തിന്റെ ആധിക്യംകൊണ്ടു് ശരീരത്തിന്റെ എല്ലാ രോമകൂപങ്ങളിൽനിന്നും രക്തം പ്രവഹിക്കുവാൻ തുടങ്ങുന്നു. എത്ര ഉഗ്രമായ പീഡയാണു് ഈ സമയത്തു് അവിടുന്നു് സഹിച്ചതെന്നു വിവരിക്കുക സാധ്യമല്ല.

പ്രിയകുഞ്ഞുങ്ങളേ, നമ്മുടെ സ്നേഹരക്ഷകൻ ശാരീരികമായ പീഡകൾ അനുഭവിക്കുവാൻ തുടങ്ങുന്നതിനു മുൻപുതന്നെ അത്യുഗ്രമായ സങ്കടങ്ങൾ അങ്ങയുടെ ആത്മാവിൽ സഹിക്കുന്നു. ഇതിന്റെ കാരണമെന്താണു്? ശരീരം പലപ്പോഴും നാം ചെയ്യുന്ന പാപങ്ങളുടെ ഒരു പങ്കു വഹിക്കുന്നുണ്ടു്. എങ്കിലും പ്രധാനമായി പാപം സ്ഥിതിചെയ്യുന്നതു ആത്മാവിലാണു്. മാത്രമല്ല വിചാരംകൊണ്ടു് പല പാപങ്ങളും നാം ചെയ്തുപോകുന്നുണ്ടു്. മററുള്ളവരെക്കുറിച്ചു് പുച്ഛമായി വിചാരിക്കുന്നു, അവരെ ആക്ഷേപിക്കുവാൻ ആഗ്രഹിക്കുന്നു, അസത്യം പറയുവാനും വഞ്ചനപ്രവൃത്തിക്കുവാനും ആലോചിക്കുന്നു, അശുദ്ധമായ വിചാരങ്ങളുംമററും ബോധത്തിൽ പ്രവേശിക്കുന്നതിനു് അനുവദിക്കുന്നു. ഇപ്രകാരമെല്ലാം നാം ചെയ്യുന്ന പാപങ്ങളെ അവിടുന്നു മുൻകൂട്ടി കണ്ടു. ഇവയെല്ലാമാണു് നമ്മുടെ കർത്താവിന്റെ പൂങ്കാവനത്തിലെ പീഡകൾക്കു കാരണമായതു്. ഇവയ്ക്കെല്ലാം വേണ്ടിയാണു് നമ്മുടെ പ്രിയ നാഥൻ രക്തം വിയർക്കുന്നതു്.

ഈ യാഥാർത്ഥ്യം ശരിയായി മനസ്സിലാക്കി ഈശോയുടെ മനഃപീഡകൾക്കു് കാരണമായ നമ്മുടെ പാപങ്ങളോടുള്ള വെറുപ്പു് നമ്മിൽ ഉളവാക്കുവാൻ ശ്രമിക്കണം. നമ്മൾ ചെയ്തുപോയിട്ടുള്ള എല്ലാപാപങ്ങളെക്കുറിച്ചും ഹൃദയപൂർവ്വം ദുഃഖിക്കണം. കർത്താവിനു അനിഷ്ടമായ യാതൊന്നും ഇന്നുമുതൽ ചെയ്കയില്ലെന്നു മാത്രമല്ല വിചാരിക്കുകപോലുമില്ല എന്നു ഈശോയോടു നാം പ്രതിജ്ഞ ചെയ്യണം. അങ്ങയുടെയും നമ്മുടെയും പ്രിയമാതാവായ പ. കന്യകാമറിയം വഴി ഈ പ്രതിജ്ഞ കർത്താവിനു സമർപ്പിക്കുകയും ചെയ്യാം.

എന്നു് സ്വന്തം വല്യച്ചൻ.




## നിങ്ങൾക്കറിയാമോ?

1 ഇൻഡ്യാക്കാരിൽ ആർക്കെല്ലാമാണു് നോബെൽസമ്മാനം ലഭിച്ചിട്ടുള്ളതു്?"

2. ഏതു രാജ്യക്കാർക്കാണു് സമ്മാനങ്ങൾ ഏററവും കൂടുതൽ ലഭിച്ചിട്ടുള്ളതു്?

(ഉത്തരം)

1. 1913-ൽ രവീന്ദ്രനാഥ ടാഗോറിനു് സാഹിത്യത്തിനും 1930-ൽ സർ സി. വി. രാമനു് പ്രകൃതിശാസ്ത്രത്തിനുമുള്ള സമ്മാനങ്ങൾ ലഭിക്കയുണ്ടായി.

2. ജർമ്മൻകാർക്കു്. 1949 വരെ അവർക്കു് 43 സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടു്. ബാക്കിരാജ്യക്കാർക്കു കിട്ടിയിട്ടുള്ള സമ്മാനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു:

അമേരിക്ക 35; ഇംഗ്ലണ്ടു് 34; ഫ്രാൻസു് 24; സ്വീഡൻ 14; സ്വിററ്സർലണ്ടു് 12; ഡന്മാർക്കു് 9; ആസ്ത്രിയ 8; ഇററലി 6; ബൽജിയം 5; ഹോളണ്ടു് 5; നോർവ്വെ 5; സ്പെയിൻ 3; റഷ്യ, പോളണ്ടു്, അർജൻറയിൻ, ഫിൻലണ്ടു്, ഇൻഡ്യ 2 വീതം; ഐർലണ്ടു്, ഹംഗറി, ചൈന, ജനീവ, ഗെൻറു്, ജപ്പാൻ 1 വീതം.

ജർമ്മൻകാർക്കു ലഭിച്ച 43 സമ്മാനങ്ങളിൽ 3 എണ്ണം അന്താരാഷ്ട്രസമാധാനത്തിനുള്ളതും 5 എണ്ണം സാഹിത്യത്തിനുള്ളതും ബാക്കി എല്ലാം ശാസ്ത്രവിഷയങ്ങൾക്കുള്ളതുമാണു്.

For All Kinds of
UP-TO-DATE
Advertisement-lay-outs
(especially in cartoons)
Contact:-
Sivaram, Cartoonist
C/o Deenabandhu, Ernakulam

1. ക്രിസ്തുമസ്സ കാർഡുകൾ, ക്രിബ്ബുകൾ, ചൈനാവിളക്കുകൾ
2. 1951-ലെ ഷീററുകലണ്ടർ ഓരോ ഷീററിലും ഓരോ ബ്ലോക്കുകൾ. 0-8-0 കൂടാതെ ചൈനാപേപ്പറിൽ അടിച്ച ഉണ്ണിയുടെ പടങ്ങൾ പേല സൈസിൽ.
മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ A. O. & P. O.

## അനുഭവസാക്ഷ്യം No. 71.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

എന്റെ ഭാര്യക്കു് ഉദ്ദേശം ആറുകൊല്ലത്തോളമായി സുഖക്കേടു് തുടങ്ങിയിട്ടു്. അന്നുമുതൽ വിദഗ്ദ്ധന്മാരായ ആയുർവ്വേദവൈദ്യന്മാരേയും ഇംഗ്ലീഷു് വൈദ്യന്മാരേയും മാറിമാറി കാണിച്ചു് വളരെയധികം പണച്ചിലവോടുകൂടി ധാരാളം ചികിത്സകൾ നടത്തി. ആയതുകൊണ്ടൊന്നും പറയത്തക്കഫലം സിദ്ധിക്കാതെ നിരാശപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണു് 6-8-50-ൽ രോഗിയെ നെല്ലായിൽ കൊണ്ടുവന്നു താങ്കളെ കാണിച്ചതു്. രോഗവിവരങ്ങൾ തലപുകച്ചൽ, ദേഹത്തിലും മുഖത്തും തടിപ്പു് ചൊറിച്ചൽ, തലയിൽ പഴുപ്പു് കടി, കൈകാൽ മരയപ്പു്, മൂത്രാധിക്യം, ഉറക്കക്കുറവു്, നേരിയപനി, ശോധനക്കുറവു്, ഒച്ചയടപ്പു്, വിയപ്പു്, തൊണ്ടയിൽ കഫം തടയുക എന്നീ ലക്ഷണങ്ങളായിരുന്നു.

ഈ ലക്ഷണങ്ങൾക്കു് വൈദ്യരുടെ ഉപദേശപ്രകാരം ശോധനക്കനുസരിച്ചു് ദിവസം മൂന്നു നേരവും ഭക്ഷണത്തിനുമുമ്പു് ആവണക്കെണ്ണ സേവിക്കുകയും നിംബാസവം വിധിപോലെ ഭക്ഷണശേഷം സേവിക്കുകയും ശാരിബാദിതൈലം തലയിലും ദേഹത്തിലും തേച്ചു് കുളിക്കുകയും ചെയ്തതിനാൽ മേൽപറഞ്ഞ ലക്ഷണങ്ങൾക്കെല്ലാം സുഖം കിട്ടിയിരിക്കുന്ന വിവരം സന്തോഷപൂർവ്വം താങ്കളെ അറിയിച്ചുകൊള്ളുന്നു. ഈ വിവരം പ്രസിദ്ധംചെയ്യുന്നതിന്നു എനിക്കുള്ള ആഗ്രഹത്തേയും അറിയിച്ചുകൊള്ളുന്നു.

കരുകറി
19—11—1950

മേനാച്ചേരി ഉറമീസ് ദേവസ്സി (ഒപ്പു്)
കരുകറി P. O.

## നീർവീഴ്ച—തുമ്മൽ

### (നീരിറക്കം)

(തുടർച്ച)

11. ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ വ്യത്യസ്തക്രമത്തിലുള്ള സംയോജനമാണു് മനുഷ്യനും മററു ചരാചരവസ്തുക്കളും എന്നാകുന്നു ആയുർവ്വേദസിദ്ധാന്തം. ദ്രവ്യങ്ങൾ (വസ്തുക്കൾ) എല്ലാം പഞ്ചഭൂതനിർമ്മിതമാണെങ്കിലും അവ ഓരോന്നിലും അനുഭവപ്പെടുന്ന രസങ്ങൾക്കുള്ള വ്യത്യാസംപോലെ അവയുടെ ഉത്ഭവത്തിന്നു സംയോജിച്ചിട്ടുള്ള ഭൂതാംശങ്ങൾക്കും വ്യത്യാസങ്ങളുണ്ടു്.

എപ്രകാരമെന്നാൽ:—

എരിവു് രസമുള്ള ദ്രവ്യങ്ങൾ: അഗ്നിവായു അധികം ചേർന്നുണ്ടാകുന്നു.
പുളിരസമുള്ള ദ്രവ്യങ്ങൾ: അഗ്നി ഭൂമി അധികം ചേർന്നുണ്ടാകുന്നു.
ഉപ്പുരസമുള്ള ദ്രവ്യങ്ങൾ: അഗ്നി ജലം അധികം ചേർന്നുണ്ടാകുന്നു.
മധുരരസമുള്ള ദ്രവ്യങ്ങൾ: ഭൂമി ജലം അധികം ചേർന്നുണ്ടാകുന്നു.
കയ്പുരസമുള്ള ദ്രവ്യങ്ങൾ: ആകാശം വായു അധികം ചേർന്നുണ്ടാകുന്നു.
ചവർപ്പുരസമുള്ള ദ്രവ്യങ്ങൾ: ഭൂമി വായു അധികം ചേർന്നുണ്ടാകുന്നു.

മനുഷ്യശരീരം പഞ്ചഭൂതനിർമ്മിതമാകയാൽ ജന്മനാതന്നെ ശരീരത്തിൽ മേൽ കാണിച്ചിരിക്കുന്ന രസങ്ങൾ ആറും സ്ഥിതിചെയ്യുന്നുണ്ടു്. എന്നാൽ ഓരോരുത്തരുടെയും ശരീരഘടനയിൽ ചേർന്നിരിക്കുന്ന ഭൂതാംശങ്ങളുടെ ഏററക്കുറച്ചിലുകൾക്കനുസരിച്ചു് അതാതു ഭൂതാംശങ്ങളിൽനിന്നുണ്ടാവുന്ന എരിവു് തുടങ്ങിയ രസങ്ങൾക്കും ദേഹത്തിൽ ക്രമവ്യത്യാസം ഉണ്ടായിരിക്കും. ദേഹത്തിലെ അഗ്ന്യാംശം വർദ്ധിക്കുന്നതോടുകൂടി ദേഹത്തിൽ എരിവു്, പുളി, ഉപ്പു് എന്നീ രസങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കും. അഥവാ ഈ രസങ്ങൾ മററു രസങ്ങളെക്കാളിൽ അധികം ഉപയോഗിച്ചുകൊണ്ടിരിക്കുന്നവരിൽ ദിനംപ്രതി അഗ്ന്യാംശം വർദ്ധിച്ചുകൊണ്ടിരിക്കുമെന്നു സാരം.

12 ദേഹത്തിലെ അഗ്ന്യാംശമാണു് നാം കഴിക്കുന്ന ആഹാരവസ്തുക്കളെ രസനേന്ദ്രിയം മുതൽ വിവിധസ്ഥാനങ്ങളിലായി പചിപ്പിച്ചു് രസം, രക്തം, മാംസം. മേദസ്സു്, അസ്ഥി, മജ്ജ, ശുക്ലം എന്ന സപ്തധാതുക്കളായി രൂപാന്തരപ്പെടുത്തികൊണ്ടിരിക്കുന്നതു്. വിവിധസ്ഥാനങ്ങളിലായി പചനക്രിയ നടത്തികൊണ്ടിരിക്കുന്ന ഈ അഗ്നി, ഏതെങ്കിലും സ്ഥാനങ്ങളിൽ വേണ്ടിടത്തോളം ഇല്ലാതെവരുന്നപക്ഷം അവിടത്തെ പചനശേഷം ഉത്ഭവിക്കുന്നധാതുവും വേണ്ടിടത്തോളം പുഷ്ടിപ്പെടുന്നില്ലാ. അതുപോലെതന്നെ ഏതെങ്കിലും സ്ഥാനത്തെ അഗ്ന്യാംശം ക്രമത്തിലധികം വർദ്ധിച്ചു് അവിടത്തെ പചനം (ദഹിപ്പിക്കൽ) വർദ്ധിക്കുമ്പോൾ അവിടത്തെ ദഹനശേഷം മറെറാന്നായി പരിണമിക്കേണ്ടതായ ധാതുവും ഈ അഗ്നിയിൽതന്നെ ദഹിച്ചു മിക്കവാറും നശിക്കുന്നു. ഈ സ്ഥിതികൾ ഉളവാകുമ്പോഴാണു് എത്ര പോഷകവസ്തുക്കൾ ഉപയോഗിപ്പിച്ചിട്ടും രോഗിയുടെ ദേഹം അണുമാത്രം പുഷ്ടിപ്പെടുന്നില്ലെന്നു് പലരും പറഞ്ഞുകേൾക്കുന്നതു്.

13 അഗ്ന്യാംശം വർദ്ധിച്ചിട്ടുള്ള ദേഹത്തിൽ എരിവു്, പുളി, ഉപ്പു് എന്നീ രസങ്ങളും പൂർവ്വാധികം വർദ്ധിച്ചിരിക്കുമെന്നതിന്റെ ലക്ഷ്യമാണു് വയററിലും നെഞ്ചിലും എരിച്ചൽ, കത്യാളിച്ചു, ദേഹാവയവങ്ങളിൽ പൊള്ളിച്ചു, നീററം, മലദ്വാരത്തിലും ശിരസ്സിലും കൈകാലുകളിലും പുകച്ചിൽ, പുളിച്ചുതികട്ടൽ, പുളിരസത്തോടുകൂടിയുള്ള ഛർദ്ദി, പുളിച്ചുവാസനയോടെയുള്ള മലമിളക്കം, പല്ലുകൾ പുളിപ്പു്, കണ്ണു പുളിപ്പു്, വിയപ്പു്, മലബന്ധം, ദാഹം, കഫത്തിനും ചിലപ്പോൾ വായയ്ക്കും ഉപ്പുരസംതോന്നുക തുടങ്ങിയവകൾ പലതും രോഗികൾക്കുതന്നെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്.

(തുടരും)

PROP: കാളത്തു് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി P.O.
TELE: 'KALAN'. TRICHUR.




# പരിചിതനായ ജഡ്ജി

സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അടയാളം കാണിക്കും. കടലിന്റെയും അതിലെ തിരമാലകളുടേയും ആരവത്താൽ ഭൂമിയിലെ ജനം പരിഭ്രാന്തരും അസ്വസ്ഥരും ആയിത്തീരും. ലോകമാസകലം ബാധിക്കുവാനിരിക്കുന്ന ക്ലേശങ്ങളുടെ പ്രതീക്ഷമൂലം മനുഷ്യഹൃദയങ്ങൾ ഭയംകൊണ്ടു വരണ്ടുപോകും. ആകാശശക്തികൾപോലും ഇളകും. അപ്പോൾ മനുഷ്യപുത്രൻ തന്റെ പൂർണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും. ഇവ സംഭവിച്ചുതുടങ്ങുമ്പോൾ തല ഉയർത്തി മേല്പോട്ടു നോക്കുവിൻ. നിങ്ങളുടെ ഉദ്ധാരണസമയം സമീപിച്ചിരിക്കുന്നു എന്നാണു് ഇതിന്റെ അർത്ഥം. അനന്തരം അവിടുന്നു് അവരോടു ഒരന്യാപദേശം അരുളിച്ചെയ്തു. അത്തിവൃക്ഷത്തെയോ വേറെ ഏതെങ്കിലും വൃക്ഷത്തെയോ സൂക്ഷിക്കുവിൻ. "അവ പൂക്കുമ്പോൾ വേനൽക്കാലം സമീപിച്ചിരിക്കുന്നുവെന്നു് അനുഭവത്തിൽ നിന്നു നിങ്ങൾ ഗ്രഹിക്കുന്നു. ഇതുപോലെതന്നെ, ഇവ സംഭവിക്കുന്നതായി നിങ്ങൾ കാണുമ്പോൾ ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു നിശ്ചയിച്ചുകൊള്ളുവിൻ. എന്നെ വിശ്വസിക്കുവിൻ. ഇവയെല്ലാം പൂർത്തിയാകുന്നതുവരെ ഈ തലമുറ കടന്നുപോകയില്ല. ആകാശവും ഭൂമിയും കടന്നുപോയാലും എന്റെ വചനങ്ങൾ നിലനില്ക്കും. (ആഗമനം 1-ാം ഞായർ; സുവിശേഷം: ലൂക്കാ XXI 25-33).

ലണ്ടൻ നഗരത്തിലേക്കു പാഞ്ഞുപോയിരുന്ന തീവണ്ടിയിലെ ഒരു മുറിയിൽ രണ്ടു പേർ മാത്രമേ ഉണ്ടായിരുന്നുള്ളു: ഒന്നു്, പക്വമതിയും ചിന്തകനുമായ ഒരു നരച്ച വൃദ്ധൻ; ഇതരനാകട്ടെ, അസ്വസ്ഥനും ആകുലചിത്തനും ടിക്കറ്റ് പരിശോധകന്മാരുടെ ആഗമനത്തെയോർത്തു പരിഭ്രമിക്കുന്നവനുമായ ഒരു യുവാവു്. ഒടുവിൽ വൃദ്ധൻ ഇപ്രകാരം സംഭാഷണമാരംഭിച്ചു: "നിങ്ങൾക്കു എന്തൊ വലിയ വിഷമമുള്ളതുപോലെ തോന്നുന്നല്ലോ. എനിക്കു വല്ലതരത്തിലും നിങ്ങളെ സഹായിക്കുവാൻ കഴിയുമോ?" "ഇല്ല സർ," യുവാവു് പ്രതിവചിച്ചു, "ആർക്കും എന്നെ സഹായിപ്പാൻ സാദ്ധ്യമല്ല... എന്നാൽ നിങ്ങൾ ഒരപരിചിതനാണു്; ഒരുപക്ഷെ എന്റെ ജീവിതകാലത്തു് നിങ്ങളെ ഇനിയൊരിക്കലും കണ്ടുമുട്ടിയില്ലെന്നും വന്നേക്കാം. നിങ്ങൾ വിശ്വസിക്കാവുന്ന ഒരാളാണെന്നും എനിക്കു തോന്നുന്നു... അതുകൊണ്ടു എന്റെ ജീവിതകഥ നിങ്ങളോടു പറയുന്നതു് എനിക്കും അല്പം ആശ്വാസം നൽകും." ശോകപൂർണ്ണമായ ഒരു ജീവിതത്തിന്റെ ഏടുകൾ ഓരോന്നായി മറിക്കപ്പെട്ടു. ജോലിസ്ഥലത്തുനിന്നു് അവൻ ചില്ലറ കളവുകൾ നടത്തി, വിധവയായ തന്റെ അമ്മയുടെ സംരക്ഷണത്തിനുവേണ്ടി. ക്രമേണ, പ്രായംകൂടിയ രണ്ടു കൂട്ടുതൊഴിലാളികളുടെ സ്വാധീനവലയത്തിൽ അവൻ പെട്ടുപോയി. അവരാകട്ടെ ദുഷ്ടരും കുടിലബുദ്ധികളുമായിരുന്നു. ഒരു ദിവസം രാത്രിയിൽ മൂന്നുപേരുംകൂടി ഒരു വലിയ കവർച്ച നടത്തുവാൻ പരിശ്രമിച്ചു. പക്ഷെ, കാവൽക്കാരൻ ഇവരെ കണ്ടെത്തി ആപൽധ്വനി മുഴക്കി. ഉടനെ യുവാവിന്റെ കൂട്ടാളികളിൽ ഒരുവൻ കാവൽക്കാരനെ വെടിവെച്ചുകൊന്നു. യുവാവു ഓടി രക്ഷപ്പെട്ടു. എന്നാൽ അവന്റെ കൂട്ടാളികൾ ഇരുവരും പോലീസുകാരുടെ പിടിയിൽ പെട്ടു. അവരാകട്ടെ കൊലക്കുറ്റം ഓടിപ്പോയ യുവാവിന്റെമേൽ ചുമത്തി; ഇപ്പോഴാകട്ടെ അവനെ അറസ്റ്റു് ചെയ്യുവാൻ വാറണ്ടു പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ഇതിൽനിന്നു ഒഴിഞ്ഞുമാറുവാൻവേണ്ടി രഹസ്യത്തിൽ ലണ്ടനിൽ പോയി ഒളിവിൽ ജീവിക്കാമെന്നു വിചാരിച്ചാണു് അവൻ തീവണ്ടി കയറിയതു്......വൃദ്ധൻ ഗൗരവത്തോടെ ഇതെല്ലാം കേട്ടശേഷം ദയാപുരസ്സരം ഇപ്രകാരം യുവാവിനെ ഉപദേശിച്ചു: "സ്നേഹിതാ, നിങ്ങൾ സ്വയം കോടതിയിൽ ഹാജരായി, നിങ്ങളുടെ കഥമുഴുവനും കോടതിയിൽ, എന്നോടിപ്പോൾ പറഞ്ഞതുപോലെ, പരമാർത്ഥമായി പറയുകയാണു് നല്ലതെന്നാണു് എന്റെ ബലമായ അഭിപ്രായം." "പക്ഷെ, നിങ്ങളോടു് ഇതെല്ലാം പറയുവാൻ എളുപ്പമാണു്; കാരണം നിങ്ങൾ നല്ലവനും ഇതരന്മാരെ ശരിയായി മനസ്സിലാക്കുന്നവനുമാണു്. എന്നാൽ കോടതിയെ എനിക്കു വലിയ ഭയമാണു്." എങ്കിലും വൃദ്ധന്റെ ഉപദേശഫലമായി അവൻ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു.....കോടതിയും പരിസരങ്ങളും ജനനിബിഡമായി. ശ്ലാനവദനനായ ആ യുവാവിനെ അവർ കൂട്ടിൽ കയറ്റി. അധോമുഖനായി വിറച്ചുകൊണ്ടു അവൻ അവിടെ നിന്നു. കുറ്റപത്രം വായിക്കപ്പെട്ടു. അവനു പറയാനുള്ളതു പറയുവാൻ സമയം അനുവദിക്കപ്പെട്ടു. ഭയംകൊണ്ടു് സംസാരിക്കുവാൻ വിഷമിച്ചിരുന്ന അവൻ കണ്ണുകളുയർത്തി ജഡ്ജിയെ ഒന്നു നോക്കി—ഹാ, അത്ഭുതം! തീവണ്ടിയിൽവെച്ചു അവൻ കണ്ടുമുട്ടിയ ആ വൃദ്ധൻതന്നെയായിരുന്നു ജഡ്ജി! അവന്റെ മുഖം തെളിഞ്ഞു. എല്ലാം നേരത്തെ അറിഞ്ഞിരുന്ന നല്ലവനായ ആ ജഡ്ജിയോടു അവൻ ഭയലേശമെന്യേ സകലതും തുറന്നു പറഞ്ഞു. കൊലക്കുറ്റത്തിൽ അവൻ നിർദ്ദോഷിയാണെന്നു വിധിക്കപ്പെട്ടു. എങ്കിലും കവർച്ച നടത്തുവാൻ പരിശ്രമിച്ചതിനുള്ള ശിക്ഷ അവൻ അനുഭവിക്കേണ്ടിവന്നു. പിന്നീടു് അവന്റെ ജീവിതസരണി ഒരു പുതിയ മാർഗ്ഗത്തിൽക്കൂടെ പ്രവഹിക്കയും ചെയ്തു.

ഭൂരിപക്ഷം ജനങ്ങളും കോടതികയറുവാൻ ഇഷ്ടമില്ലാത്തവരാണു്. രണ്ടു കക്ഷികൾ തമ്മിൽ ഒരു കേസു് ഉത്ഭവിച്ചാൽ തന്നേയും വല്ല വിധേനയും കോടതികയറുവാൻ ഇടയാക്കാതെ വീട്ടുവീഴ്ചകളും ഒത്തുതീർപ്പുകളും വഴിയായി തമ്മിൽ രമ്യപ്പെടുവാനാണു് സാധാരണക്കാർ ശ്രമിക്കുക. "ഞാനായിട്ടോ എന്റെ കാരണവന്മാരായിട്ടോ കോടതികയറുവാൻ ഞങ്ങളുടെ കുടുംബത്തിനു് ഇടവന്നിട്ടില്ല" എന്നിങ്ങനെ കുടുംബമേന്മയെപ്പറ്റി ജയഭേരിമുഴക്കുന്ന ചിലരെ നാം കണ്ടുമുട്ടാറുണ്ടല്ലോ. എന്നാൽ നമുക്കിഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും നാമെല്ലാവരും ഒരു കോടതിയിൽ ഹാജരാകാതെ ഗത്യന്തരമില്ല. ഇന്നത്തെ സുവിശേഷത്തിൽ പറയുന്ന അവസാനത്തെ പൊതുവിധിയാണു് ഈ കോടതി. ലോകത്തിൽ അതേവരെ, ജനിച്ചു് ജീവിച്ചു് മരിച്ചിട്ടുള്ള സകല മനുഷ്യരും ഈ കോടതിയിൽ ഹാജരാകയും ഓരോരുത്തനും പരസ്യമായും രഹസ്യമായും ചെയ്തിട്ടുള്ള സകല പുണ്യകൃത്യങ്ങളേയും പാപകൃത്യങ്ങളേയും ആസ്പദമാക്കി പ്രഖ്യാപിക്കപ്പെടുന്ന നിത്യവിധിയെ സ്വീകരിക്കയും ചെയ്യുവാൻ നിർബന്ധിതരാണു്. "മരിച്ചവരായ വലിയവരും ചെറിയവരും സിംഹാസനത്തിനു മുമ്പിൽ നിൽക്കുന്നതു് ഞാൻ കണ്ടു...... ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾ അനുസരിച്ചു് വിധിക്കപ്പെട്ടു." (വെളി. XX 12,13) "വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്നതും അറിയപ്പെടാതെ ഗൂഢമായിരിക്കുന്നതും ഒന്നുമില്ല" (മത്താ. X 26). ഇതൊരു സ്വപ്നമല്ല; ഭാവനയിൽനിന്നു ഉടലെടുത്ത ഒരു സങ്കല്പരംഗവുമല്ല; പ്രത്യുത, ശക്തിയേറിയ ഒരു പരമാർത്ഥമാണു്; നമ്മെ ഓരോരുത്തരേയും ഗൗരവമായവിധത്തിൽ സ്പർശിക്കുന്ന ഒരു മഹാപരമാർത്ഥമാണു്. "ആകാശവും ഭൂമിയും കടന്നുപോയാലും എന്റെ വചനങ്ങൾ നിലനിൽക്കും."

ആരംഭത്തിൽ ഉദ്ധരിച്ച കഥയിലെ യുവാവിനെപ്പോലെ നാം കണ്ണുകളുയർത്തി നമ്മുടെ വിധിയാളനെ ഒന്നു നോക്കുക. ആരാണു് നമ്മുടെ വിധിയാളൻ? ക്രിസ്തുനാഥൻ. "അപ്പോൾ മനുഷ്യപുത്രൻ തന്റെ പൂർണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും." "അവൻ മനുഷ്യപുത്രനാകകൊണ്ടു് വിധികർത്താവാകുവാനും അവനു് അധികാരം നൽകിയിരിക്കുന്നു." (യോഹ. V-27). മനുഷ്യപരിത്രാണകർമ്മത്തിലെ അവസാനകൃത്യമാണു് വിധി. കാരണം, അതുവഴിയായി ശിഷ്ടന്മാർ ദുഷ്ടന്മാരിൽനിന്നു വേർതിരിക്കപ്പെട്ടു് സ്വർഗ്ഗത്തിൽ അവരുടെ ശിരസ്സാകുന്ന ക്രിസ്തുവിനോടു ശാശ്വതമായി സംയോജിപ്പിക്കപ്പെടും. അപ്പോൾ മാത്രമേ പരിത്രാണനാടകത്തിലെ യവനിക അവസാനമായി വീഴുകയുള്ളു. അതുകൊണ്ടു് പരിത്രാണകർത്താവായ ക്രിസ്തുനാഥൻ തന്നെ പൊതുവിധിയും നടത്തേണ്ടതു ന്യായം മാത്രമാണു്. ഇതു നമുക്കു് എത്രയോ ആശ്വാസപ്രദമായ ഒരു വാസ്തവമാണു്. തീരെ അജ്ഞാതനും അപരിചിതനും വളരെ ഉന്നതസ്ഥാനമലങ്കരിക്കുന്നവനും കഠിനഹൃദയനുമായ ഒരു വിധിയാളന്റെ മുമ്പാകെ നിൽക്കുവാൻ ജനങ്ങൾ വളരെ ഭയപ്പെടും. എന്നാൽ സ്നേഹിതനും, രക്തസംബന്ധിയും, കാരുണ്യക്കടലുമായ ഒരു വിധിയാളന്റെ മുമ്പാകെ നാം സകലതും സസന്തോഷം ഏറ്റുപറയുകയും സമർപ്പിക്കയും ചെയ്യുന്നു. ക്രിസ്തുനാഥനാകട്ടെ ദൈവം മാത്രമല്ല, ഒരു മനുഷ്യനുംകൂടിയാണു്; നമ്മെപ്പോലെ നിരവധി ക്ലേശങ്ങൾ അനുഭവിച്ചിട്ടുള്ളയാൾ; പാപമൊഴിച്ചു് എല്ലാററിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടിട്ടുള്ളയാൾ; മനുഷ്യൻ എന്താണെന്നും മാനുഷികബലഹീനതകൾ ഏവയാണെന്നും നല്ലവണ്ണം അറിയുന്ന ഒരാൾ. പോരാ, നമ്മുടെ ജ്യേഷ്ഠസഹോദരൻ; നമ്മുടെ സ്നേഹിതൻ. പാപത്താൽ പങ്കിലമാകാനിടവന്ന ഒരാത്മാവാണു് നമുക്കുള്ളതെങ്കിലും അതെല്ലാം പശ്ചാത്താപത്താൽ നിർമ്മാർജ്ജനംചെയ്തു് പരിഹാരകൃത്യങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ നമുക്കു് യാതൊന്നും ഭയപ്പെടുവാനില്ല. "പശ്ചാത്താപഭരിതവും താഴ്മയുള്ളതുമായ ഒരു ഹൃദയത്തെ അവിടുന്നു് നിരാകരിക്കയില്ല." (സങ്കീ. L-19).

എന്നാൽ പശ്ചാത്തപിക്കാത്ത പാപികൾക്കു് അവിടുന്നു് നീതിയുടെ നിശിതരൂപമായി പ്രത്യക്ഷപ്പെടും. ബെത്‌ലഹമിലെ പുൽത്തൊട്ടി മുതൽ കാൽവരിയിലെ ക്രൂശുമരണംവരെ അവിടുന്നു് അവർക്കുവേണ്ടി സഹിച്ചതെല്ലാം അവർ വ്യക്തമായിക്കാണും; അവർക്കു നൽകപ്പെട്ട പ്രസാദവരങ്ങളും രക്ഷാമാർഗ്ഗങ്ങളും അവർ സ്മരിക്കും; തങ്ങളുടെ പശ്ചാത്താപരഹിതമായ പാപജീവിതവും, പ്രസാദവരത്തിന്റെ തിരസ്കാരവും, ക്രിസ്തുനാഥനോടു പ്രദർശിപ്പിച്ച നന്ദിഹീനതയും അവർ തെളിവായിക്കണ്ടു പരിഭ്രാന്തചിത്തരാകയുംചെയ്യും? ഇന്നു കുടിലമതികൾ ആരാധിക്കപ്പെടുകയും നിഷ്കളങ്കതയുടെ നിറകുടങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ—ഇന്നു് സ്വേച്ഛാധിപതികളും ഭോഗലാലസരും സസുഖം ജീവിക്കയും ദൈവഭയത്തിൽ ജീവിക്കുന്നവർ കൊടുംയാതനകളനുഭവിക്കയും ചെയ്യുന്നുണ്ടെങ്കിൽ—ഇന്നു് സൂത്രശാലികളായ വഞ്ചകന്മാർ കുറ്റമററവരായി പൊതുജനദൃഷ്ടിയിൽ ഞെളിയുകയും നിരപരാധികൾ തെററായ കുററാരോപണമേററു് അവമാനത്തിന്റെ ശവക്കുഴിയിൽ അമർന്നുപോകയും ചെയ്യുന്നുണ്ടെങ്കിൽ, അന്നു് ക്രിസ്തുനാഥൻ "ഇരുട്ടിൽ മറഞ്ഞിരിക്കുന്നവയെ പ്രകാശിപ്പിക്കയും ഹൃദയങ്ങളുടെ വിചാരങ്ങൾ വെളിവാക്കുകയുംചെയ്യും."(1 കൊറി. IV-5). ലൗകികങ്ങളായ ഉച്ചനീചത്വങ്ങൾക്കു് അവിടെ സ്ഥാനമുണ്ടാകയില്ല. സുകൃതസമ്പത്തിനല്ലാതെ മററു ധനത്തിനു് അവിടെ വിലയില്ല; നല്ല ജീവിതമല്ലാതെ മററു സ്ഥാനമാനങ്ങളൊ ബിരുദങ്ങളൊ അംഗീകരിക്കപ്പെടുകയില്ല. പുണ്യം മാത്രമാണു് അവിടെ രാജകീയമായി വിലമതിക്കപ്പെടുന്നതു്. അന്നു് വി. പൗലോസ് നീറോയെ അഭിമുഖീകരിക്കും; വി. യോഹന്നാൻ ഡൊമിഷ്യനേയും. അന്നു വി. തോമസ് മൂറിന്റെയും എട്ടാം ഹെൻറിയുടേയും നിലപാടുകൾ കീഴ്മേൽമറിഞ്ഞു് യഥാതഥം പ്രത്യക്ഷമാകും....... ചങ്ങലകളാൽ ബന്ധിതനായി വി. പൗലോസ് ഗവർണ്ണരായിരുന്ന ഫെലിക്സിന്റെ മുമ്പാകെ ആനീതനായപ്പോൾ നീതിയേയും വിരക്തിയേയും വരുവാനിരിക്കുന്ന വിധിയേയും കുറിച്ചു് അപ്പസ്തോലൻ അദ്ദേഹത്തെ ഉൽബോധിപ്പിച്ചുവെന്നും ഫെലിക്സ് ഭയപ്പെട്ടുവെന്നും അപ്പസ്തോലനടപടികളിൽ നാം വായിക്കുന്നു. പൊതുവിധിയെ സംബന്ധിച്ചു് ഈ ഒരു ഭയം നമ്മിൽ ജനിക്കയും ജീവിതത്തിൽ രക്ഷാകരങ്ങളായ ഫലങ്ങൾ ഉൽപാദിപ്പിക്കയും ചെയ്യുമാറാകട്ടെ.

(ജെ. ചെമ്മണ്ണൂർ)

# കാനായിലെ അത്ഭുതം

വെള്ളം തുള്ളിക്കളിച്ചു ഭരണികളിൽ നിറഞ്ഞെത്തവേ വക്കിനൊപ്പം
കൊള്ളാവുന്നോർ നടുക്കുണ്ടഖിലജഗന്നിയന്താവഹോ ദൈവപുത്രൻ
ഉള്ളും മെയ്യും ചുവപ്പായുടനതിഭയഭക്ത്യാദരങ്ങൾ നിമിത്തം;
കൊള്ളാം വീഞ്ഞെന്നു വാഴ്ത്തിപ്പലരുമതു കുടിച്ചാകെയുന്മേഷരായി.

(ഏണേക്കാട്ടു യൗസേപ്പു കത്തനാർ)

FIXED DEPOSITS
2 years 4½%
1 — 4%
6 months 3%
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND

## മരിയൻ കോൺഗ്രസ്

(പ്രസിദ്ധീകരണക്കമ്മിററി)

ഈ കഴിഞ്ഞ നവമ്പർ 19-ാം തീയതി പ്രവർത്തകക്കമ്മിററിയുടെ ഒരു യോഗം മരിയൻ കോൺഗ്രസാപ്പീസിൽവച്ചു കൂടുകയുണ്ടായി. വിവിധ കമ്മിററികളുടെ ഭാരവാഹികൾ മിക്കവരും സന്നിഹിതരായിരുന്നു. കോൺഗ്രസ് സംബന്ധമായ ആഘോഷങ്ങൾ അടുത്ത ഡിസംബർ 27, 28, 29 എന്നീ തീയതികളിൽ നടത്തണമെന്നു നിശ്ചയിച്ചു. ഇന്റർ നൺഷ്യോ തിരുമേനിയുടേയും കേരളത്തിലെ കത്തോലിക്കാ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും സാന്നിദ്ധ്യം പ്രതീക്ഷിക്കപ്പെടുന്നുണ്ടു്.

കേരളകത്തോലിക്കരെല്ലാവരുടെയുംസഹകരണമുള്ളതുകൊണ്ടും ചില ഉദാരമതികൾ ഗണ്യമായ തുകകൾ സംഭാവന ചെയ്തിട്ടുള്ളതുകൊണ്ടും ചിലരിൽനിന്നു ഇനിയും പ്രതീക്ഷിക്കപ്പെടുന്നതുകൊണ്ടും മരിയൻ കോൺഗ്രസ് ആഡംബരപൂർവ്വംതന്നേ നടത്തണമെന്നാണു തീരുമാനം. കോൺഗ്രസിന്റെ സകല ചടങ്ങുകളിലും സസുഖം സംബന്ധിക്കുവാൻ എല്ലാവർക്കും വേണ്ട സൗകര്യങ്ങളെല്ലാം നല്കപ്പെടുമെങ്കിലും ത്യാഗബുദ്ധിയോടെ നൂറോ അതിലധികമോ രൂപാ ദാനംചെയ്തിട്ടുള്ളവർക്കും ഇനിമേൽ ചെയ്യുന്നവർക്കും സീററുകൾ റിസേർവ്വ് ചെയ്തിട്ടുണ്ടു്; 25 രൂപായും അതിലധികവും സംഭാവനചെയ്യുന്നവർക്കു പ്രത്യേകസീററുകളും കരുതിയിട്ടുണ്ടു്. മേൽപ്പറഞ്ഞവരിൽ ഉൾപ്പെടാത്തവർ ആരെങ്കിലും ആവശ്യപ്പെട്ടാൽ മൂന്നിന്റേയോ അഞ്ചിന്റേയോ പത്തിന്റേയോ ടിക്കററുകൾ പ്രദാനം ചെയ്യപ്പെടും. മൂന്നു ദിവസത്തേക്കുള്ള ആഘോഷങ്ങളുടേയും വിശദമായ കാര്യപരിപാടി ഉടനെ പ്രസിദ്ധീകരിക്കുന്നതായിരിക്കും.

## സൗജന്യവിതരണ ഫണ്ടു്

| | |
|---|---|
| കലൂർ സൊഡാലിററി അംഗങ്ങളും വേദോപദേശകുട്ടികളും | ക. 10—0—0 |
| നാഗപ്പുഴപള്ളി | ക. 6—0—0 |

വിമർശനവീഥി

# മി. പോത്തൻ ജോസഫ് പാരമ്പര്യവും തെററിദ്ധരിക്കുന്നു

ക്രിസ്തുമസ് കാർഡുകൾ വില്പനയ്ക്കു തയ്യാർ
6 ണ. 5 ണ. 4 ണ. 3 ണ.
മൊത്തമായെടുക്കുന്ന കച്ചവടക്കാർക്കു് പ്രത്യേകകമ്മീഷൻ. സാമ്പിൾ സെററിനു 1 ക. മണിയോർഡർ അയക്കുക.
മലബാർ ഫർണീച്ചർ മാർട്ടു്, ബ്രോഡ്വേ—എറണാകുളം

മി. പോത്തൻ ജോസഫ് ദേവമാതാവിൻെറ സ്വർഗ്ഗാരോഹണത്തെപ്പററി എഴുതിയ ലേഖനത്തിലെ മറെറാരുഭാഗം ഇങ്ങനെയാണ്: "ചർച്ച് ആഫ് ഇംഗ്ലണ്ടു് ചെയ്യുന്നതുപോലെ, കത്തോലിക്കാസഭ, ബൈബിൾ എന്ന പേരിൽ അറിയപ്പെടുന്ന അതിബൃഹത്തരമായ സാഹിത്യസമുച്ചയത്തിൽനിന്നു് പ്രത്യേകം സഞ്ചയിച്ചിരിക്കുന്ന ഗ്രന്ഥങ്ങളെ മാത്രമല്ല സ്വീകരിക്കുന്നതു്......പരമ്പരാഗതമായി നിലനിന്നുപോന്ന അലിഖിതശാസനങ്ങളുടെ അധികാരസ്വഭാവത്തെപ്പററി അപ്രകടമായ ഒരു വിവാദം നടന്നുപോന്നു......അലിഖിതപാരമ്പര്യങ്ങൾക്കു പ്രാബല്യവും അംഗീകരണവും ലഭിച്ചതു് 1543-നും 1551-നും ഇടക്കു ട്രെൻറിൽവച്ചുകൂടിയ സൂനഹദോസിലാണ്. പ്രസ്തുത സൂനഹദോസ് അവക്കു് വിശുദ്ധ വേദശാസനങ്ങളോടൊപ്പംതന്നെ പ്രാബല്യം നൽകി."

### കത്തോലിക്കാസഭയും പാരമ്പര്യവും

അലിഖിതപാരമ്പര്യങ്ങളെപ്പററിയുള്ള ഈ വാക്യങ്ങളിൽ പ്രകാശിപ്പിച്ചിരിക്കുന്ന അഭിപ്രായത്തിൽ, അവ സംബന്ധിച്ചു കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന നിലയെ തെററിദ്ധരിച്ചിട്ടുള്ളതായി കാണുന്നു. സഭയുടെ നിലയെന്തെന്നു സംക്ഷിപ്തമായി ചൂണ്ടിക്കാണിക്കാം. ക്രിസ്തു നേരിട്ടും അപ്പസ്തോലന്മാർ വഴിയായും വെളിപ്പെടുത്തിയ മതതത്വങ്ങൾ ഉൾക്കൊള്ളുന്ന ഭണ്ഡാഗാരം വേദപുസ്തകവും പാരമ്പര്യവും (Tradition) ആണെന്നാണ് കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. വെളിപാടു് (Revelation) വരമൊഴിയായ (ലിഖിത) രൂപത്തിലും, വായ്മൊഴിയായ (അലിഖിത) രൂപത്തിലും ഉണ്ടു്. ആദ്യത്തേതു വേദപുസ്തകവും, രണ്ടാമത്തേതു പാരമ്പര്യവുമാണ്. വേദപുസ്തകം (പുതിയനിയമത്തെപ്പററിയേ ഇപ്പോൾ പറയുന്നുള്ളു) എന്നു പറഞ്ഞാൽ അപ്പസ്തോലന്മാരും അവരുടെ ശിഷ്യന്മാരും പരിശുദ്ധാത്മാവിൻെറ പ്രേരണയിലും മാർഗ്ഗദർശനത്തിലും എഴുതിയ ഗ്രന്ഥങ്ങളെന്നാണർത്ഥം (Inspired Books). പാരമ്പര്യം എന്നു പറഞ്ഞാൽ അത്തരം ഗ്രന്ഥങ്ങൾക്കു വെളിയിൽ അംഗീകൃതങ്ങളെല്ലാം എന്നാണർത്ഥം. ഈ അർത്ഥത്തിൽ ഗ്രന്ഥങ്ങളും പാരമ്പര്യത്തിൽ ഉൾപ്പെടുന്നുണ്ടു്. അങ്ങനെ ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ പരിശുദ്ധാത്മാവിൻെറ പ്രേരണയിലും മാർഗ്ഗദർശനത്തിലും രചിക്കപ്പെടാത്തതാകയാൽ, മനുഷ്യർ സ്വയമായും സ്വന്തം ബുദ്ധിയുപയോഗിച്ചും മാത്രം രചിച്ചവയാകയാൽ, വേദപുസ്തകത്തിൻെറ ഗണത്തിൽ പെടുന്നില്ല; പാരമ്പര്യത്തിൻെറ ഗണത്തിലേ പെടുന്നുള്ളു. "അലിഖിതപാരമ്പര്യങ്ങൾ" എന്നു ലേഖകൻ പ്രയോഗിച്ചിരിക്കുന്നതു് വേദപുസ്തകത്തിൻെറ ഗണത്തിൽ പെടാത്ത, പാരമ്പര്യത്തിൻെറ ഗണത്തിൽപെടുന്ന, ഗ്രന്ഥങ്ങളേയുംകൂടി ഉദ്ദേശിച്ചാണെന്നു വിചാരിക്കുന്നു.

### വേദപുസ്തകസാക്ഷ്യം

പ്രോട്ടസ്റ്റൻറുസഭകൾ പൊതുവിൽ വേദപുസ്തകത്തെ മാത്രമേ വെളിപാടിൻെറ ഭണ്ഡാഗാരമായി സ്വീകരിക്കുന്നുള്ളുവെന്നും, നേരെമറിച്ചു കത്തോലിക്കാസഭ വേദപുസ്തകത്തിനുപുറമെ പാരമ്പര്യത്തേയും വെളിപാടിൻെറ ഭണ്ഡാഗാരമായി സ്വീകരിക്കുന്നുണ്ടെന്നും പറഞ്ഞിട്ടുള്ളതു ശരിയാണ്. എന്നാൽ പാരമ്പര്യത്തിൻെറ പ്രസ്തുത സ്വഭാവം ആദ്യകാലംമുതൽ ക്രൈസ്തവസഭയിൽ പ്രകടമായി സ്വീകരിച്ചിരുന്നില്ലെന്നു ലേഖകൻ സൂചിപ്പിക്കുന്നതും, അതിനു പ്രാബല്യവും അംഗീകരണവും ലഭിച്ചതു് 16-ാം നൂററാണ്ടിൽ ട്രെൻറിലെ സൂനഹദോസിൽവച്ചാണെന്നു് പറയുന്നതും ശരിയല്ല. വേദപുസ്തകത്തിൽ അടങ്ങാത്ത, ശ്ലീഹന്മാരാൽ എഴുതപ്പെടാത്ത, തത്വങ്ങൾ വെളിപാടിൽ ഉൾപ്പെടുന്നുണ്ടെന്നും, തന്മൂലം എഴുതപ്പെട്ടവയെപ്പോലെതന്നെ വിശ്വസിക്കേണ്ടതാണെന്നും വേദപുസ്തകത്തിൽത്തന്നെ ഉദ്ബോധിപ്പിക്കുന്നുണ്ടു്. വിശുദ്ധ പൗലോസ് തെസലോണിയാക്കാർക്കെഴുതിയ ലേഖനത്തിൽ പറഞ്ഞിട്ടുള്ളതുനോക്കുക. "സഹോദരന്മാരേ, ഞങ്ങളിൽനിന്നു വാക്കാലോ എഴുത്താലോ (In word or in writing) നിങ്ങൾ പഠിച്ചിട്ടുള്ള പാരമ്പര്യങ്ങൾ (Traditions) മുറുകെപ്പിടിച്ചുനില്ക്കുവിൻ." (2 Thess. II. 14). ഈ അപ്പസ്തോലൻതന്നെ തിമൊത്തേവൂസിനു് എഴുതിയ ലേഖനത്തിലും ഇങ്ങനെതന്നെ പറയുന്നു: "താങ്കൾ എൻെറ അധരങ്ങളിൽനിന്നു പഠിച്ച സുബദ്ധതത്വോപദേശങ്ങൾ, യേശുക്രിസ്തുവിൽ താങ്കൾക്കുള്ള സകല വിശ്വാസത്തോടും സ്നേഹത്തോടുംകൂടി മുറുകെപ്പിടിക്കുവിൻ" (2 Tim. I. 13). "അനേകം സാക്ഷികളുടെ മുമ്പിൽ താങ്കൾ എന്നിൽനിന്നു് കേട്ടിട്ടുള്ള സംഗതികൾ, മററുള്ളവരെ പഠിപ്പിക്കുവാൻ യോഗ്യതയുള്ള വിശ്വസ്തരായ മനുഷ്യരെ ഏല്പിക്കുവിൻ" (2 Tim. II. 2). ക്രിസ്ത്യാനികൾ വിശ്വസിക്കേണ്ടതായി താൻ പഠിപ്പിച്ചിട്ടുള്ള തത്വങ്ങൾ എഴുതപ്പെട്ട രൂപത്തിൽ മാത്രമല്ല എഴുതപ്പെടാത്ത രൂപത്തിലും, വേദപുസ്തകത്തിൽ മാത്രമല്ല പാരമ്പര്യത്തിലും, ഉണ്ടെന്നാണല്ലോ വിശുദ്ധ പൗലോസിൻെറ ഈ വാക്യങ്ങൾ സ്പഷ്ടമാക്കുന്നതു്.

### സഭാപിതാക്കന്മാരുടെ സാക്ഷ്യം

വെളിപാടു് ലിഖിതരൂപത്തിലും അലിഖിതരൂപത്തിലും ഉണ്ടെന്നു്, വേദപുസ്തകത്തിലും പാരമ്പര്യത്തിലും അടങ്ങിയിട്ടുണ്ടെന്നു്, അപ്പസ്തോലന്മാരുടെ ഉദ്ബോധനങ്ങൾ ഗ്രഹിച്ചുകൊണ്ടു്, അവരുടെ അടുത്ത ശിഷ്യന്മാരും സമ്മതിച്ചിരുന്നു. അവരിലൊരാൾ ലയൺസിലെ മെത്രാനായിരുന്ന വിശുദ്ധ ഇരനേവൂസ് (140—205) ആണ്. ഇടത്തുട്ടുകാർക്കെതിരായി ഈ സഭാപിതാവു രചിച്ച ഗ്രന്ഥത്തിൽ, അവർ നിഷേധിച്ച വിശ്വാസസത്യങ്ങൾ സ്ഥാപിക്കുവാൻ അപ്പസ്തോലന്മാരിൽനിന്നുള്ള പാരമ്പര്യങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചതു്. "ആകയാൽ എല്ലാ (സ്ഥലത്തേ) സഭയിലും അപ്പസ്തോലന്മാരുടെ പാരമ്പര്യമുണ്ടു്; അതു ലോകമാസകലം പ്രകടമാക്കപ്പെട്ടിരിക്കുന്നു. ആ സഭകളിൽ മെത്രാന്മാരായി അപ്പസ്തോലന്മാരാൽ നിയമിക്കപ്പെട്ടവരുടേയും, ആ മെത്രാന്മാരുടെ ഇന്നേവരെയുള്ള അനന്തരഗാമികളുടേയും പേരുകൾ പറയുവാൻ ഞങ്ങൾക്കു കഴിയും." അപ്പസ്തോലന്മാരിൽനിന്നു വായ്മൊഴിയായി ലഭിച്ചതും, അവരുടെ അനന്തരഗാമികളായ മെത്രാന്മാരിൽക്കൂടി പരമ്പരയാ കൈവന്നതുമായ തത്വോപദേശങ്ങളെപ്പററിയാണ്, അല്ലാതെ വേദപുസ്തകത്തെപ്പററിയല്ല ഈ സഭാപിതാവു് പ്രസ്താവിക്കുന്നതു്. തുടർന്നു് തൻെറ ഗുരുവായ വിശുദ്ധ പൊലിക്കാർപ്പിനേയും, അദ്ദേഹത്തിൻെറ ഗുരുവായ യോഹന്നാൻ അപ്പസ്തോലനേയും കുറിച്ചു പ്രസ്താവിക്കുന്നു. ഇങ്ങനെ എല്ലാ സ്ഥലത്തെ സഭകളുടേയും മെത്രാന്മാർ വഴിയായുള്ള പാരമ്പര്യങ്ങൾ ഓരോന്നും എടുത്തു പറഞ്ഞാൽ ആവശ്യത്തിലധികം നീണ്ടുപോകുമെന്നുള്ളതിനാൽ "റോമയിലെ സഭയുടെ—പത്രോസ് പൗലോസ് ശ്ലീഹന്മാരാൽ സ്ഥാപിക്കപ്പെട്ടതും, സർവ്വത്ര അറിയപ്പെട്ടിരിക്കുന്നതും, മറെറല്ലാററിനേയുംകാൾ മഹത്തരവും പ്രാചീനവുമായ റോമാസഭയിലെ—അപ്പസ്തോലികപാരമ്പര്യം ചൂണ്ടിക്കാണിച്ചാൽ മതിയായിരിക്കും" എന്നു പ്രസ്താവിക്കുന്നു. "അഹങ്കാരത്താലോ, വൃഥാഭിമാനത്താലോ, അന്ധതയാലോ, അബദ്ധാഭിപ്രായത്താലോ, മറേറതെങ്കിലും വിധത്തിലോ സത്യത്തിൽനിന്നു വ്യതിചലിച്ചിട്ടുള്ള സകലരേയും ഉത്തരംമുട്ടിക്കുവാൻ ഈ പാരമ്പര്യംമാത്രം മതിയായിരിക്കുമെന്നും" വാദിക്കുന്നു. എന്തിനു്! ഏകദേശം 50 കൊല്ലം കഴിഞ്ഞപ്പോൾ ഓരിജെൻ എന്ന ക്രൈസ്തവഗ്രന്ഥകാരൻ (185—255), വേദപുസ്തകം മാത്രമാണ് വെളിപാടിൻെറ ഭണ്ഡാഗാരമെന്നു ദുർവാദംചെയ്ത അന്നത്തെ ഇടത്തുട്ടുകാരെ അപലപിച്ചു് ഇപ്രകാരം രേഖപ്പെടുത്തി:- "അപ്പസ്തോലകാലംമുതൽക്കുള്ള സഭാപാരമ്പര്യത്തിൽനിന്നു് (Ecclesiastical and Apostolic traditions) ഒന്നിലും ഭിന്നമല്ലാത്തതെന്തോ അതുമാത്രമേ സത്യമായി വിശ്വസിക്കപ്പെടാവൂ."

### പാരമ്പര്യമില്ലെങ്കിൽ വേദപുസ്തകമില്ല

ക്രിസ്തു തൻെറ അപ്പസ്തോലന്മാരോടു സുവിശേഷം ലോകമാസകലം "പ്രസംഗിക്കുവാനാണ്," അതായതു് വായ്മൊഴിയായി അറിയിക്കുവാനാണ്, ആജ്ഞാപിച്ചതു്; ഗ്രന്ഥങ്ങളെഴുതി പ്രചരിപ്പിക്കുവാനല്ല. തദനുസരണം പെന്തക്കുസ്താ തിരുനാളിൽ അപ്പസ്തോലനേതാവായ പത്രോസ് നാനാരാജ്യങ്ങളിൽനിന്നും ജറുസലേമിൽ വന്നുകൂടിയിരുന്ന ജനസഞ്ചയത്തോടു് പ്രസംഗിക്കുകയാണു ചെയ്തതു്. ആ സമ്പ്രദായം പത്രോസും മററപ്പസ്തോലന്മാരും തുടർന്നുകൊണ്ടിരുന്നു. അങ്ങനെ പത്തിരുപതു കൊല്ലത്തോളം സുവിശേഷം വായ്മൊഴിയായി അറിയിച്ചശേഷമാണ് അപ്പസ്തോലന്മാരും അവരുടെ ശിഷ്യന്മാരും ഗ്രന്ഥങ്ങളെഴുതുവാൻ തുടങ്ങിയതു്. സുവിശേഷഗ്രന്ഥങ്ങളുടെ (Gospels) താരതമ്യപരിശോധനയിൽനിന്നു് തെളിയുന്നുണ്ടു്, അവയിൽ രേഖപ്പെടുത്തിയതു നിലവിലിരുന്ന വായ്മൊഴിയായ പ്രസംഗങ്ങളുടെ സാംക്ഷേപം മാത്രമാണെന്നു്. വിശുദ്ധ പൗലോസ് സുവിശേഷപ്രചരണം നടത്തിയതു് പ്രസംഗങ്ങളാലായിരുന്നു. ആ പ്രസംഗങ്ങൾ കേട്ടു വിശ്വസിച്ച ക്രിസ്ത്യാനികളായവരുടെയിടയിൽ ആവിർഭവിച്ച തർക്കങ്ങൾക്കും സംശയങ്ങൾക്കും ഭിന്നതകൾക്കും നിവാരണമുണ്ടാക്കുവാൻവേണ്ടിയാണ് അദ്ദേഹം തൻെറ ലേഖനങ്ങളെഴുതിയതു്. ആകയാൽ കാലമുറക്കുതന്നെ പരിശോധിക്കുന്നപക്ഷം ക്രിസ്തീയവെളിപാടു് നിക്ഷേപിച്ചിരുന്നതു് ആദ്യമായി അലിഖിതപാരമ്പര്യങ്ങളിലാണെന്നു കാണാം. അവയുടെ ലിഖിതരൂപം, അഥവാ വേദപുസ്തകം, പിന്നീടുണ്ടായതാണ്. പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾപലരാൽ പല കാലങ്ങളിലായി എഴുതപ്പെട്ടതാണ്. എഴുതപ്പെട്ടശേഷവും ഏതേതുഗ്രന്ഥങ്ങളാണ് ഈശ്വരപ്രോക്തങ്ങളും (Inspired), തന്മൂലം വേദപുസ്തകഗണത്തിൽ പെടുന്നവയുമെന്നു ഖണ്ഡിതമായും സംശയരഹിതമായും തീരുമാനിക്കുവാൻ രണ്ടു നൂററാണ്ടിലധികം കാലം വേണ്ടിവന്നു. ആ തീരുമാനത്തിനു മാർഗ്ഗദർശനം നൽകിയതും പാരമ്പര്യം തന്നെയാണ്. ഇന്നിന്നവയെല്ലാം വേദപുസ്തകസഞ്ചയത്തിൽ പെടുന്നവയാണെന്നു് വേദപുസ്തകത്തിലൊരു ഭാഗത്തും പറഞ്ഞിട്ടില്ല. ദൈവപ്രോക്തങ്ങളായ ഗ്രന്ഥങ്ങളേതെന്നു നിസ്തർക്കം അറിയുന്നതിനുള്ള ഏകമാർഗ്ഗം ദൈവത്തിൽനിന്നുള്ള അറിയിപ്പു മാത്രമാണല്ലോ. ആ ഗ്രന്ഥങ്ങൾ, ദൈവതൃക്കരങ്ങളിൽ ഉപകരണങ്ങളായിനിന്നു് എഴുതിയ മനുഷ്യർപോലും അവയുടെ ദൈവപ്രോക്തതാസ്വഭാവം എല്ലായ്പോഴും അവശ്യം അറിഞ്ഞിരിക്കണമെന്നില്ല. ഗ്രന്ഥങ്ങളുടെ ഉള്ളടക്കത്തിൻെറ സ്വഭാവം പരിശോധിച്ചാലും അവയുടെ ദൈവപ്രോക്തതാസ്വഭാവം ആർക്കും നിസ്തർക്കം നിർണ്ണയിക്കാനും നിവൃത്തിയില്ല. ഏററവും ഗഹനങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ ആശയങ്ങളെപ്പോലെതന്നെ ഏററവും സാധാരണങ്ങളായ സംഭവങ്ങളുടെ കഥനങ്ങളും വേദപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽപെടുന്നുണ്ടല്ലോ. ഇക്കാരണങ്ങളാൽ ദൈവവെളിപാടിൻെറ ഭണ്ഡാഗാരം വേദപുസ്തകം മാത്രമാണെന്നുള്ള വാദം വേദപുസ്തകസാക്ഷ്യങ്ങൾക്കുതന്നെ വിപരീതമാണ്. മാത്രമല്ല അലിഖിതപാരമ്പര്യങ്ങളും ദൈവവെളിപാടിൻെറ ഭണ്ഡാഗാരമാണെന്നു വേദപുസ്തകംതന്നെ സാക്ഷീകരിക്കുന്നതായി കണ്ടുകഴിഞ്ഞു. ആകയാൽ "അലിഖിതശാസനങ്ങളുടെ അധികാരസ്വഭാവത്തെപ്പററി അപ്രകടമായ ഒരു വിവാദം നടന്നുപോന്നു" എന്ന ലേഖകൻെറ പ്രസ്താവവും ആശയക്കുഴപ്പമുള്ളതാണ്. വിവാദം നടന്നുപോന്നതു് ക്രൈസ്തവസഭയിലെ സത്യവിശ്വാസോപദേഷ്ടാക്കളായ സഭാപിതാക്കന്മാരുടെ ഇടയിലല്ലെന്നും, ഇടത്തുട്ടുകാരുടെ ഇടയിലായിരുന്നെന്നും, അപ്രകടമെന്നല്ല പ്രകടംതന്നെയായിരുന്ന അവരുടെ വിവാദത്തെ സഭാപിതാക്കന്മാർ അപലപിച്ചുഖണ്ഡിക്കുകയാണു ചെയ്തതെന്നും മുകളിൽ പ്രസ്താവിച്ച വിശുദ്ധ ഇരനേവൂസിൻെറയും ഓരിജെൻേറയും വാക്കുകൾ തെളിയിക്കുന്നുണ്ടല്ലോ.

### 'ട്രെൻറിലെ സൂനഹദോസ്'

വേദപുസ്തകവും സഭാപിതാക്കന്മാരും അലിഖിതരൂപത്തിലുള്ള വെളിപാടു സ്വീകരിച്ചിരുന്നെങ്കിലും, പ്രോട്ടസ്റ്റൻറു പരിഷ്കർത്താക്കൾ വേദപുസ്തകംമാത്രം സ്വീകരിക്കുകയും പാരമ്പര്യം പരിത്യജിക്കുകയും ചെയ്തു. അവരുടെ ഈ നില ഔദ്യോഗികമായി അപലപിക്കുകയും, ക്രൈസ്തവസഭയിൽ ആദിമുതൽ സ്വീകരിക്കപ്പെട്ടിരുന്ന ശരിയായ നില പ്രഖ്യാപിക്കുകയുമാണ് ട്രെൻറിലെ സൂനഹദോസ് ചെയ്തതു്. സൂനഹദോസിലെ അതു സംബന്ധിച്ചുള്ള വാക്യങ്ങൾ ഇംഗ്ലീഷിൽ പകർത്തുന്നു:

The Council of Trent "Seeing clearly that this truth and discipline are contained in the written books and the unwritten traditions which, received by the Apostles from the mouth of Christ Himself, or from the Apostles themselves, the Holy Ghost dictating, have come down even unto us, transmitted as it were from hand to hand, following the example of the orthodox Fathers, receives and venerates, with an equal affection of piety, all the books of the Old and New Testaments......and also the said traditions......preserved in the Catholic Church by a continuous succession" (Sess. IV).

ഈ വാക്യങ്ങളിൽ സൂനഹദോസ് ആദ്യമായി പറയുന്നതു്, വെളിപ്പെടുത്തപ്പെട്ടസത്യങ്ങൾ എഴുതപ്പെട്ടഗ്രന്ഥങ്ങളിലും എഴുതപ്പെടാത്ത പാരമ്പര്യങ്ങളിലും അടങ്ങിയിട്ടുണ്ടെന്നു് തങ്ങൾ തെളിവായി കാണുന്നുവെന്നാണ്. അനന്തരം ആ രണ്ടു രൂപങ്ങളിലുമുള്ള തത്വങ്ങൾ ക്രിസ്തുവിൻെറ അധരങ്ങളിൽനിന്നു് അപ്പസ്തോലന്മാർക്കു ലഭിച്ചതോ, പരിശുദ്ധാത്മാവിൻെറ മാർഗ്ഗദർശനത്തിൽ അപ്പസ്തോലന്മാർതന്നെ നൽകിയതോ ആണെന്നു പറയുന്നു. പ്രസ്തുത രണ്ടുരൂപങ്ങളും ആദിമുതൽ പരമ്പരയാ ലഭിച്ചിട്ടുള്ളതാകയാൽ സത്യവിശ്വാസോപദേഷ്ടാക്കളായ സഭാപിതാക്കന്മാർക്കു് സ്വീകാര്യമായിരുന്നുവെന്നും, തന്മൂലം വേദപുസ്തകത്തേയും പാരമ്പര്യങ്ങളേയും തങ്ങൾ തുല്യഭക്തിയോടും താല്പര്യത്തോടുംകൂടി സ്വീകരിക്കുകയും വണങ്ങുകയും ചെയ്യുന്നുവെന്നുമാണ് സൂനഹദോസ് അവസാനമായി പറയുന്നതു്. ആകയാൽ "പ്രസ്തുത സൂനഹദോസ് പാരമ്പര്യങ്ങൾക്കു വേദപുസ്തകത്തോടൊപ്പംതന്നെ പ്രാബല്യം നൽകി" എന്ന ലേഖകൻെറ പ്രസ്താവം ആശയക്കുഴപ്പമടങ്ങിയതും തെററായ ധാരണ ജനിപ്പിക്കുന്നതുമാണ്. അതുവരെ ഇല്ലാതിരുന്ന പ്രാബല്യം അപ്പോൾ നൽകിയെന്നാണ് ലേഖകൻെറ വിവക്ഷയെങ്കിൽ അതു തികച്ചും അയഥാർത്ഥമാണ്. അതുവരെ ഉണ്ടായിരുന്ന പ്രാബല്യം, ഇല്ലെന്നു് അബദ്ധമായി വാദിക്കാൻ തുടങ്ങിയവർക്കെതിരായി, ഔദ്യോഗികമായും അസന്ദിഗ്ദ്ധമായും പ്രഖ്യാപിച്ചുവെന്നാണു വിവക്ഷയെങ്കിൽ, അതു യഥാർത്ഥമാണ്. (തുടരും)

Sathya Deepam

Vol. 24 Ernakulam November 29, 1950 No. 15

## സ്വർഗ്ഗാരോപണം സംബന്ധിച്ചുള്ള തിരുവെഴുത്ത്

“മിസരന്തിസിമൂസ് ദേവൂസ്”എന്നാരംഭിക്കുന്ന ഒരു ബൂള മുഖേനയാണു് ദിവ്യജനനിയുടെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യപ്പെട്ടതു്. ലത്തീനിൽ വിരചിതമായ പ്രസ്തുത ബൂളയുടെ സംഗ്രഹം താഴെ ചേർക്കുന്നു:

“വിവിധങ്ങളുംവ്യത്യസ്തങ്ങളുമായ വിധങ്ങളിൽ,തന്നെ സ്നേഹിക്കുന്നവർക്കു എല്ലാം ഉപകരിക്കുമാറു്, രാഷ്ട്രങ്ങളുടേയും വ്യക്തികളുടേയും ക്ലേശങ്ങളിൽ സന്തോഷം കലർത്തീമയപ്പെടുത്തുന്ന” ദൈവത്തിൻെറ സർവ്വശക്തമായ പരിപാലനയെക്കുറിച്ചുള്ള പരിചിന്തനത്തോടെയാണു് ബൂള ആരംഭിക്കുന്നതു്. അനന്തരം അതു സ്വർഗ്ഗാരോപണത്തിൻെറ ചരിത്രപരമായ പശ്ചാത്തലത്തെ പരിശോധിക്കുന്നു. ഒൻപതാം പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ടു് അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചതുമൂലം ദിവ്യനാഥയുടെ സ്വർഗ്ഗാരോപണത്തിനു് എങ്ങനെ നവ്യമായ ഒരു ദീപ്തി സംസിദ്ധമായി എന്നു് ബൂള തുടർന്നു പ്രതിപാദിക്കുന്നു. ഉത്ഭവപാപവും മരണവും തമ്മിലുള്ള ബന്ധംമൂലം മാതാവിൻെറ അമലോത്ഭവവും സ്വർഗ്ഗാരോപണവും പരസ്പരബന്ധമുള്ളവയാണു്. അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിതമായതിനുശേഷം സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകൾ അടിക്കടി വർദ്ധിച്ചുവന്നു. തന്മൂലം ഈ പ്രശ്നം സംബന്ധിച്ചു് സമഗ്രമായ പഠനം നടത്തുന്നതിനു് ഇന്നത്തെ മാർപ്പാപ്പാ ഒരു കമ്മീഷനെ നിയമിച്ചു. സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്നതു സംബന്ധിച്ചു് അവരുടെ അഭിപ്രായം എന്താണെന്നും അവരും അവരുടെ കീഴിലുള്ള വിശ്വാസികളും ഇതു വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നതിനു് ആഗ്രഹിക്കുന്നോ എന്നും മാർപ്പാപ്പാ തിരുമേനി ലോകമെങ്ങുമുള്ള മെത്രാന്മാരോടു് എഴുതിച്ചോദിക്കുകയുണ്ടായി. രണ്ടു ചോദ്യങ്ങൾക്കും അവർ മിക്കവാറും ഐകകണ്ഠ്യേന അനുകൂലമായ മറുപടിയാണു കൊടുത്തതു്.


ബൂള ഇങ്ങനെ തുടരുന്നു: “പരിശുദ്ധ കന്യക സശരീരയായി സ്വർഗ്ഗത്തേക്കു് എഴുന്നള്ളി എന്നതു് വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യണമെന്നുള്ള കാര്യത്തിൽ കത്തോലിക്കാമെത്രാന്മാരുടേയും വിശ്വാസികളുടേയും അഭിപ്രായൈക്യം, സഭയുടെ സാധാരണമായ അദ്ധ്യാപനാധികാരവും അതിനാൽ പോഷിപ്പിക്കപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന കത്തോലിക്കരുടെ വിശ്വാസവും യോജിക്കുന്നുവെന്നും, അങ്ങനെ പരിശുദ്ധ കന്യകയുടെ സ്വർഗ്ഗാരോപണം ദൈവികമായ വിശ്വാസഭണ്ഡാഗാരത്തിൽ പെട്ടതും ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതുമായ ഒരു വിശ്വാസസത്യമാണെന്നും പ്രമാദരഹിതമായവിധം സുനിശ്ചിതമായി നമുക്കു കാണിച്ചുതന്നിരിക്കുന്നു. ഈ വിശ്വാസഭണ്ഡാഗാരത്തെ വിശ്വസ്തതയോടെ സംരക്ഷിക്കുന്നതിനും പ്രമാദരഹിതവും സുനിശ്ചിതവും ആയവിധം പ്രഖ്യാപിക്കുന്നതിനും സഭയെയാണു ക്രിസ്തു ഭരമേൽപ്പിച്ചിരിക്കുന്നതു്.” “സഭയുടെ ആരംഭം മുതൽ ശതാബ്ദങ്ങൾതോറും സഭയുടെ ഈ പൊതുവായ വിശ്വാസം സംബന്ധിച്ചുള്ള തെളിവുകളും സൂചനകളും ലക്ഷ്യങ്ങളും കാണുന്നുണ്ടു്.” ഇങ്ങനെയുള്ള പല തെളിവുകളെപ്പററിയും ബൂള പ്രസ്താവിക്കുന്നു. ആദിമശതകങ്ങൾതൊട്ടു് പൗരസ്ത്യവും പാശ്ചാത്യവും ആയ സഭകളിൽ ആഘോഷിക്കപ്പെടുന്ന സ്വർഗ്ഗാരോപണത്തിരുനാളാണു് ഇവയിൽ സർവ്വപ്രധാനമായതു്. പരിശുദ്ധസിംഹാസനം ഈ തിരുനാളിനു ക്രമേണ കൂടുതൽ പ്രാമാണ്യം നല്കുകയും ആഡംബരപൂർവ്വമായ ചടങ്ങുകൾ കല്പിച്ചനുവദിക്കുകയും ചെയ്തിട്ടുണ്ടു്. തിരുനാൾ ആഘോഷിക്കപ്പെട്ടിരുന്ന അവസരങ്ങളിൽ സഭാപണ്ഡിതന്മാരും മെത്രാന്മാരും പരിശുദ്ധകന്യകയുടെ ഈ പ്രത്യേക വരത്തെപ്പററി പ്രസ്താവിക്കുകയും കൂടുതൽ കൂടുതൽ വിശദവും വ്യക്തവും ആയി പ്രതിപാദിക്കുകയും ചെയ്തിരുന്നു. ബൂള തുടർന്നു് വിശുദ്ധന്മാരുടേയും സഭാപണ്ഡിതന്മാരുടേയും സാക്ഷ്യങ്ങൾ ഉദ്ധരിക്കുന്നു. ഇവർ സ്വർഗ്ഗാരോപണത്തെ സുസ്ഥിരമായി പ്രഖ്യാപിക്കമാത്രമല്ല ചെയ്തിരുന്നതു്; സ്വർഗ്ഗാരോപണവും മററു ആവിഷ്കൃതസത്യങ്ങളും, വിശിഷ്യ ദൈവമാതൃത്വവും കന്യാപ്രസവവും പാപത്തെ വിജയിക്കുന്നതിനുള്ള സംരംഭത്തിൽ ദിവ്യജനനിക്കു് ക്രിസ്തുവിനോടുള്ള സഹകരണവും തമ്മിലുള്ള ബന്ധത്തെപ്പററി ആരായുന്നതിനു് ശ്രമിക്കുകയും ചെയ്തിരുന്നു.

സ്വർഗ്ഗാരോപണം സംബന്ധിച്ച സഭയുടെ താത്വികമായ ചിന്താഗതിയെ ബൂള കൂടുതൽ വിശദീകരിക്കുന്നു; പരിശുദ്ധിക്കും പാണ്ഡിത്യത്തിനും കീർത്തികേട്ടവരുടെ സാക്ഷ്യങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നു. തത്വശാസ്ത്രപണ്ഡിതന്മാരുടെ വിവിധസംഘങ്ങൾ തമ്മിലുള്ള അഭിപ്രായയോജിപ്പിനെ പ്രദ്യോതിപ്പിക്കുവാൻ പര്യാപ്തമായ ഉദ്ധരണികളാണു് കൊടുത്തിട്ടുള്ളതു്. പ്രഖ്യാതരായ പലരുടേയും കൂട്ടത്തിൽ വിശുദ്ധ ജോൺ ഡമസീൻ, വി. അന്തോനി പാദുവാ, മഹാനായ വി. ആൽബർട്ടു്, വി. തോമസ് അക്വിനാസ്, വി. ബൊനവന്തുരാ, വി. ബർണാഡൈൻ സീയന്നാ, വി. റോബർട്ടു് ബെല്ലർമിൻ, വി. ഫ്രാൻസീസ് ദി സെയിൽസ്, വി. അൽഫോൻസസ്, വി. പീററർ കനീഷ്യസ്, സ്വാരെസ് ഇവരുടെ പേരുകളും ഉൾപ്പെടുന്നു. സഭാപിതാക്കന്മാരുടേയും വേദശാസ്ത്രപണ്ഡിതന്മാരുടേയും ന്യായവാദങ്ങളും പരിചിന്തനങ്ങളും അവസാനമായി വിശുദ്ധ ഗ്രന്ഥങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. ദൈവമാതാവിനെ എപ്പോഴും തൻെറ ദിവ്യസുതനോടു പ്രഗാഢം ബന്ധിതയായും അവിടുത്തെ ജീവിതഗതിയിൽ ഭാഗഭാഗിത്വം വഹിക്കുന്നവളായും ആണു് വിശുദ്ധ ഗ്രന്ഥം നമുക്കു കാണിച്ചുതരുന്നതു്. നാരകീയശത്രുവിനോടുള്ള പോരാട്ടത്തിൽ മറിയം തൻെറ ദിവ്യസുതനോടു് എത്രമാത്രം സഹകരിക്കുന്നു എന്നുള്ളതാണു് ബൂള പ്രത്യേകം ചൂണ്ടിക്കാണിക്കുന്നതു്. ഈ പോരാട്ടം പാപത്തിൻേറയും മരണത്തിൻേറയുംമേലുള്ള പരിപൂർണ്ണവിജയത്തിൽ കലാശിക്കുമെന്നു് സൃഷ്ടിയുടെ പുസ്തകത്തിൽ പ്രവചിച്ചിട്ടുണ്ടു്. വിജാതീയരുടെ അപ്പസ്തോലൻ തൻെറ ലേഖനങ്ങളിൽ പാപം, മരണം ഈ വാക്കുകളെ എപ്പോഴും ഒരുമിച്ചാണു് ഉപയോഗിച്ചിട്ടുള്ളതു്.

വിവിധമാർഗ്ഗങ്ങളിലായി ശതാബ്ദങ്ങൾതോറും പ്രകാശിതമായിട്ടുള്ള സഭയുടെ വിശ്വാസത്തേയും സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപനംചെയ്യണമെന്നു് അഭ്യർത്ഥിച്ചിട്ടുള്ള ലോകമാസകലമുള്ള മെത്രാന്മാരുടെ ഏതാണ്ടു് ഐകകണ്ഠ്യേനയുള്ള സമ്മതത്തേയും പരിഗണിച്ചു്, ഇതു വിശ്വാസസത്യമായി പ്രഖ്യാപനംചെയ്യുന്നതിനു് ദൈവത്താൽ നിയുക്തമായിട്ടുള്ള സമയം സമാഗതമായി എന്നു് മാർപ്പാപ്പാ കരുതുന്നു. ഈ പ്രഖ്യാപനംമൂലം ലോകത്തിനുണ്ടാകാവുന്ന ആദ്ധ്യാത്മികമായ ഗുണങ്ങളെപ്പററിയും ബൂള പ്രതിപാദിക്കുന്നു; ആത്മാവിൻേറയും ശരീരത്തിൻേറയും അത്യുന്നതമായ അന്ത്യത്തെപ്പററി അനുസ്മരിപ്പിക്കുന്നു. ലൗകായതികത്വവും തന്മൂലമുണ്ടായ ധാർമ്മികാധഃപതനവും സൽഗുണങ്ങളുടെ പ്രഭാപൂരത്തെ കെടുത്തിക്കളയുമെന്നും, കലാപങ്ങൾ കുത്തിപ്പൊക്കി മനുഷ്യജീവിതത്തിനു നാശമുണ്ടാകുമെന്നും ഭീഷണിപ്പെടുത്തുന്ന ഈ ഘട്ടത്തിൽ ആ അന്ത്യത്തെപ്പററി പ്രത്യേകം ഓർക്കേണ്ടതാണു്. മാർപ്പാപ്പാ തിരുമേനി തൻെറ അത്യുന്നതമായ അദ്ധ്യാപനാധികാരത്തെ വിനിയോഗിച്ചുകൊണ്ടു് “ദൈവമാതാവായ നിത്യകന്യകമറിയം തൻെറ ഐഹികജീവിതം അവസാനിച്ചപ്പോൾ ആത്മാവോടും ശരീരത്തോടുംകൂടെ സ്വർഗ്ഗത്തേക്കു് എടുക്കപ്പെട്ടു” എന്നതു് ദൈവത്താൽ ആവിഷ്കൃതമായ ഒരു സത്യമാണെന്നു് അദ്ധ്യവസാനം ചെയ്യുന്നു. സാധാരണ പതിവുള്ള കാനോനികവും ഔദ്യോഗികവുമായ വാചകങ്ങളോടെ ബൂള അവസാനിക്കുകയും ചെയ്യുന്നു.

The Indian Insurance & Banking Corporation Ltd.,
H. O. TRICHUR.
Branches: ALWAYE, CALICUT, CHOWGHAT, SALEM, TATTAMANGALAM, TIRUR & TRICHUR
ചാവക്കാട്ടു ബ്രാഞ്ചിൽനിന്നു തുടങ്ങുന്ന പുതിയ
— കൊല്ലക്കുറി —
ഒന്നാമത്തെ തവണ 10—1—1951
കോർപ്പൊറേഷൻ പന്തിയായി 32 നറുക്കും നറുക്കൊന്നുക്കു് 1000ക. വീതം ആകെ സല 32000ക.യും 16 തവണകളും ഓരോ തവണക്കു് ഒരു നറുക്കു് എടുപ്പാനും ഒരു നറുക്കു് ലേലം വിളിപ്പാനും മററും നിശ്ചയങ്ങളോടുകൂടി 1951 ജനുവരി 10-ാംനു-മുതൽ ഒരു പുതിയ കൊല്ലക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു 16-ൽ ഒരംശം(62ക. 8ണ.)യുടെ വീതം വരെ ചേരാവുന്നതാണു്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.
AGENT

PLAN TODAY FOR TOMORROW
SAVE ALL YOU CAN?
BUT REMEMBER TO INVEST YOUR SAVINGS WHERE THEY WILL BE
SAFE AND WAITING FOR YOU
WHEN YOU NEED THEM.
The Eastern Mercantile Bank LTD.,
H. O. CHANGANACHERRY.
BRANCHES:- ALWAYE, CHANGANACHERRY, KOTHAMANGALAM, KOTTAYAM, MUVATTUPUZHA, NEDUMKUNNAM, PONKUNNAM, TIRUVELLA, TRICHUR, AND UPPUTHARA.
P. M. DEVASIA, Secretary
V. M. KURIAN, General Manager




*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Mmeorial Press
Ernakulam